# *സഭയും അതിന്റെ അവസ്ഥയും*

വളരെ അസാധാരണമായി മാത്രം പിടിപെടുന്ന ഒരു രോഗംബാധിച്ച ഒരു കുഞ്ഞിനെ ഇന്നു രാവിലെ നേരം പ്രാർത്ഥനയിൽ പ്രത്യകം ഓർക്കേണ്ടതുണ്ട്, നാം എല്ലാവരും അതു ചെയ്യാൻ ആഗ്രഹിക്കുന്നു എന്നും തീർച്ചയാണ്. ഡോക്ടമർക്കു പോലും അറിയില്ല. അവർ അതിന് ഏതോ വിധമുള്ള ഒരു പേര് കൊടുത്തു, എന്നാൽ അവർ അതിനെ വിട്ടുകളയാൻ തീരുമാനിച്ചിരിക്കുന്നു ഞാൻ വിചാരിക്കുന്നു, അത് എന്താണെന്നു അവർക്ക്—അവർക്കറിയില്ല. അത് എന്താണെന്ന് ക്രിസ്തുവിനറിയാം. അത് എന്താണെന്ന് എനിക്കും പറയാൻ സാധിക്കും, അത് ഒരു പിശാചാകുന്നു, അത് ശരിയാണ്, പിശാച്. ഏതു പേര് അവർ അവന് കൊടുക്കാൻ ആഗ്രഹിക്കുന്നു എന്നത്, അത് അവരിൽ നിക്ഷിപ്തമായിരിക്കുന്നു. എന്നാൽ അതാകുന്നു അവൻ, നോക്കു, ഒരു ദുരാത്മാവ്. ഇപ്പോൾ നമുക്ക്, എല്ലാവർക്കും ചേർന്ന്, ഇപ്പോൾ ഒരിക്കൽക്കൂടി, *വിശ്വസിക്കുക മാത്രം*, എല്ലാവരും ചേർന്നു പാടൂ.

വിശ്വസിക്കു, വിശ്വസിക്കു,
സകലതും സാദ്ധ്യമാണ്, വിശ്വസിക്കു;
വിശ്വസിക്കു, വിശ്വസിക്കു,
സകലതും സാദ്ധ്യമാണ്, മാത്രം...

2 കർത്താവ് നിങ്ങളെ സൌഖ്യമാക്കാൻ പോകുന്നു സിസ്. നാം നമ്മുടെ തലകളെ കുമ്പിട്ടിരിക്കുമ്പോൾ നമുക്ക് ആ പെൺകുഞ്ഞിനായി പ്രാർത്ഥിക്കാം.

3 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, അതെനിക്ക് എന്റെ മനസ്സിൽ നിന്നും എടുത്തുകളയാൻ കഴിയാത്തതുപോലെ കാണപ്പെടുന്നു. ആ ചെറിയ പെൺകുഞ്ഞ് അവിടെയായി, അത് മരിച്ചുകൊണ്ടിരിക്കുന്നു, അവൾ ആരുടെയോ പ്രീയവതിയാകുന്നു. അവൾ നിന്റെ സൃഷ്ടിയായിരിക്കുകയും, സാത്താൻ അവളുടെ ചെറുപ്പത്തിൽ തന്നെ അവളിൽ നിന്നും ജീവനെ മോഷ്ടിക്കുകയും ചെയ്യാൻ പോകുന്നു. നീ മരണത്തിന്റെ കൈ നിലയ്ക്കു നിർത്തി, ആ ശത്രുവിനെ തിരിച്ച് ഓടിക്കണമെന്നു, ക്രിസ്തുവിന്റെ നാമത്തിൽ ഞാൻ പ്രാർത്ഥിക്കുന്നു. അവിടുത്തെ പൈതൃകത്തെ, യിസ്രായേൽ മക്കൾക്ക്, കൊടുക്കാനായി, കർത്താവേ, ചെങ്കടലിനെ രണ്ടു വശത്തേയ്ക്കും ഭിത്തിപോലെ നിർത്തി, അവരെ വാഗ്ദത്ത ദേശത്തേയ്ക്ക് സുരക്ഷിതമായ യാത്ര ഒരുക്കിയവനല്ലോ. ദൈവമേ, സകല

തടസങ്ങളെയും അങ്ങ് പിന്നിലേയ്ക്ക് നീക്കി ആ കുഞ്ഞ് ജീവിക്കാൻ ഇടയാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അത് ചോദിക്കാനായി ഞങ്ങൾക്കു നൽകിയിരിക്കുന്നു. അങ്ങിൽ വിശ്വസിക്കുന്ന ഒരുകൂട്ടം ജനങ്ങളായി, കുഞ്ഞിനെ സൌഖ്യമാക്കാൻ, ഞങ്ങൾ യേശുവിന്റെ നാമത്തിൽ, ചോദിക്കുന്നു, ആമേൻ.

4 ഇന്നൊരു നന്ദിയുള്ള ഹൃദയവുമായി കർത്താവായ യേശുവിന്റെ നാമത്തിൽ ഞാൻ—ഞാൻ നിങ്ങളുടെ അടുക്കൽ വീണ്ടും വന്നിരിക്കുന്നു. ലൂയിസ്വില്ലായിൽ നിന്നും ഞാൻ അല്പം നേരത്തെ വീട്ടിൽ വന്നു. ഞായറാഴ്ചക്കു മുമ്പ് എനിക്ക് ഇവിടെ വരാൻ കഴിഞ്ഞിരുന്നെങ്കിൽ സണ്ടേസ്കൂൾ എടുക്കാമായിരുന്നല്ലോ എന്നു ചിന്തിച്ചിരുന്നു. അതുമാത്രമല്ല അവിടെ കാലാവസ്ഥ വളരെ കഠിനമായ ചൂടുള്ളതായിരുന്നിട്ട്, അതായത് ഞങ്ങൾക്ക്...ഇത് വളരെ കുറഞ്ഞതായിരിക്കും, ലൂയിസ്വില്ലായിൽ നിന്നും വേറിട്ട് ഇവിടെ തണുപ്പായിരിക്കുന്നു. നിങ്ങൾ ഈ കെട്ടിടത്തിൽ ഒരു ഫാൻ അല്ലാതെ മറ്റൊന്നും ഇല്ലാതിരിക്കുന്നതു പോലെ, ലൂയിസ്വില്ലായിൽ, ഇരിക്കാൻ സാധിക്കില്ല, അവിടെ എയർ കണ്ടിഷണർ ഉണ്ടായിരിക്കണം അല്ലെങ്കിൽ നിങ്ങൾ തളർന്നു വീഴും.

5 അതിനാൽ, അടുത്തയാഴ്ച, നേരെ വടക്കേ സസ്കാച്ചുവാനിലേയ്ക്ക്, അത് പ്രിൻസ് ആൽബേർട്ടിന്റെ അടുത്താകുന്നു, പോകും മുമ്പ്, ഒന്നോ രണ്ടോ ദിവസത്തെ വിശ്രമത്തിനായിട്ടാണ് ഞാൻ വന്നിരിക്കുന്നത്. അത് ലോകത്തിൽ റോഡുകൾ ഉണ്ടായിരിക്കുന്നതു മുതൽ, അത് മറുവശത്തു നിന്നുമാണ്. റോഡുകളൊന്നും ശേഷിക്കാത്ത വിധം ഞാൻ ലോകമെമ്പാടും ചുറ്റിയിരിക്കുന്നു, ശേഷിക്കുന്നത് ഇൻഡ്യാക്കാരും എസ്കിമോസുകാരുടെ അടുക്കലേയ്ക്കാണ് അവർ താമസിക്കുന്നത് വളരെ ഉൾഭാഗത്താണ് അവിടേയ്ക്ക് നാം ഈ പ്രാവശ്യം പോകുന്നു. അങ്ങനെ ഈ യോഗത്തിലും കാനഡയിൽ നിന്നുമുള്ള അനേക ജനങ്ങൾ ഉണ്ടായിരിക്കുന്നു. അവരിൽ ചിലർ പടിഞ്ഞാറേ തീരത്തു നിന്നുമാണ്, അവർ അവിടേയ്ക്ക് വരുന്നു, എന്നു പറഞ്ഞിരുന്നു. ദൈവം നമ്മെ സന്ധിച്ച്, അവന്റെ മഹത്വത്തിനായി, ഒരു സമൃദ്ധവും, അതിവിപുലവും മഹത്തേറിയതുമായ യോഗം നൽകേണ്ടതിന്, നിങ്ങളുടെ പ്രാർത്ഥനകളെ ഞാൻ തീർച്ചയായും ആശിക്കുന്നു. ഞാൻ കാനഡയിലായിരുന്നതു മുതൽ ഇത് ഏകദേശം നാല് അഞ്ച് വർഷങ്ങളായിരിക്കുന്നു. എനിക്ക് അവിടെ ചില വിശ്വസ്തരായ സുഹൃത്തുക്കളുണ്ട്, അവർ വളരെ നല്ല ജനങ്ങളാകുന്നു.

6 അവർ ആലയത്തിൽ പോകുന്ന കാര്യത്തിൽ വളരെ ആത്മാർത്ഥതയുള്ളവരാകുന്നു. എത്ര തണുപ്പായിരുന്നാലും കാര്യമില്ല, അവരെ ഒരു കമ്പിളികൊണ്ട് ചുറ്റി, ഒരു ബോബ് സ്ലേഡിൽ

(രണ്ടോ മൂന്നോ പേർക്ക് കയറാവുന്ന മഞ്ഞുവണ്ടി) കയറി, പള്ളിയിലേയ്ക്ക് പോകാനായി, അവർ മുപ്പതു മൈലുകളോളം കുതിരകളെ ഓടിക്കുന്നു. കുഞ്ഞുങ്ങളും പ്രായമേറിയവരും, അവർ മഞ്ഞുകുമ്പാരങ്ങളിലൂടെയും മറ്റും നടന്നു പോകുന്നു. അവർ എല്ലാവരും ഒരുമിച്ചു കൂട്ടം കൂടുന്നു. ഒരു കുടുംബം മറ്റേതിനെയും കൂട്ടി, അവർ നടക്കാൻ തുടങ്ങുന്നു. അത്—അത് അവർ ചെയ്യുന്ന ത്യാഗത്താൽ, ആ യോഗങ്ങളിൽ നിന്നും അവർക്ക് വളരെയധികം കിട്ടുന്നു. ഒരു ത്യാഗവുമില്ലെങ്കിൽ, ആ യോഗത്തിൽ വളരെയധികം ഒന്നും ഉണ്ടായിരിക്കില്ല. നിങ്ങളെ വളരെ മോശമായി മുറിപ്പെടുത്തുന്ന എന്തിലേയ്ക്കെങ്കിലും നിങ്ങൾ ഇറങ്ങി ചെന്നിട്ട്, ആലയത്തിൽ പോയി, നിങ്ങൾ അവനെ സ്നേഹിക്കുന്നു എന്നു കാണിക്കേണ്ടതിന്, ആ കൃത്യനിർവഹണത്തെ നിർത്തിക്കളയുന്ന എന്തിനേയും, *അതിനെയും*, *ഇതിനെയും*, വശത്തേയ്ക്കിട്ട്, നിങ്ങൾ ഒരു സമർപ്പണം ചെയ്തുകൊണ്ട് ആലയത്തിലേയ്ക്ക് പോയാൽ, അപ്പോഴാണ് നിങ്ങൾക്ക് അതിൽ നിന്നും എന്തെങ്കിലും ലഭിക്കുക.

7 അതെന്റെ ചെറിയ കുഞ്ഞുങ്ങളെപ്പോലെയാണ്. ബില്ലി പൌൾ, ഞാൻ വിചാരിച്ചിരുന്നത് ഞാൻ...ഞാൻ ഒരു കൊച്ചു കുട്ടിയായിരുന്നപ്പോൾ എനിക്ക് ഒന്നും കിട്ടിയിരുന്നില്ല. ചിലപ്പോൾ മമ്മ ഒരു ചാക്ക് ക്യാൻഡി വാങ്ങുമായിരുന്നു, അവൾ അതിൽ നിന്നും അളന്നെടുത്ത്, രണ്ടോ മൂന്നോ കഷ്ണങ്ങൾ ഓരോരുത്തർത്തും തരും. ചിലപ്പോൾ ക്രിസ്തുമസ്സ് ആകുമ്പോഴായിരിക്കും ഞങ്ങൾക്ക് ഒരല്പം ടിൻ ഹോണോ കുറച്ചു ക്യാപ് പിസ്റ്റോളോ മറ്റെന്തെങ്കിലും കിട്ടുന്നത്. മറ്റുള്ള കുഞ്ഞുങ്ങൾക്ക് നല്ല വസ്തുങ്ങളും, സൈക്കിളുകളും, കളിപ്പാട്ടങ്ങളും, ചൂടു നിലനിർത്തുന്ന വിധമുള്ള ജാക്കറ്റുകളും ഉണ്ടായിരുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതെന്നെ എനിക്ക്—എനിക്ക് വളരെ മോശമായി തോന്നുമായിരുന്നു, ഞാൻ പറയും, "എപ്പോഴെങ്കിലും, എനിക്ക് കുഞ്ഞുങ്ങൾ ജനിക്കുമെങ്കിൽ, എന്നാൽ കഴിയുന്നതെല്ലാം ഞാൻ അവർക്കു വാങ്ങിക്കൊടുക്കും." അതെ, എന്തെങ്കിലും എന്റെ കുഞ്ഞുങ്ങൾക്ക് വാങ്ങാൻ വേണ്ടി ഞാൻ പട്ടിണി കിടക്കാനും ഇഷ്ടപ്പെടുന്നു. ഞാൻ ജീവിച്ചു പോരുമ്പോൾ...ബില്ലി ഒരു ചെറിയ കുട്ടിയായിരുന്നപ്പോൾ, ഞാൻ അവനു ഒരു ചെറിയ മൂന്നു ചക്രത്തിന്റെ സൈക്കിൾ വാങ്ങിക്കൊടുത്തിരുന്നു, എനിക്ക് കഴിയാവുന്നതെല്ലാം അവന് വാങ്ങിക്കൊടുത്തിരുന്നു. അവന് എന്തെങ്കിലും വാങ്ങാനായി, മേഡയും അവളുടെ സ്വന്ത വസ്തുങ്ങളും മറ്റുള്ളവയും, വാങ്ങാതെ അവനു വേണ്ടി വാങ്ങിയിരുന്നു. എന്നാൽ ഞങ്ങൾ എന്തു കണ്ടുപിടിക്കാൻ തുടങ്ങി എന്നറിയാമോ? ഞാൻ അവന് ഒരു ചെറിയ മൂന്നു ചക്രങ്ങളുടെ സൈക്കിളും ഒരു ചെറിയ അമ്പും വില്ലും, അങ്ങനെയുള്ള

എല്ലാം, അവന് വാങ്ങിക്കൊടുത്തു. അതെല്ലാം ഞാൻ ഒരു—ഒരു സ്പൂണോ കമ്പോ ഉപയോഗിച്ചുകൊണ്ടു വീട്ടിന്റെ പിൻവശത്തു നിന്നും തോണ്ടിയെടുത്തു. കാണുന്നോ? ഞാൻ പറഞ്ഞു, "അടുത്തയാളിന് അങ്ങനെ ആയിരിക്കില്ല." കാണുന്നോ? നിങ്ങൾ ആർക്കായാലും നേരെ അവരുടെ കൈയ്യിൽ തന്നെ കൊടുത്തു നോക്കു, അവർക്ക് അത് ആവശ്യമുണ്ടായിരിക്കില്ല. അത് നിങ്ങൾ ത്യാഗം സഹിക്കുന്ന എന്തോ ആകുന്നു!

8 അതേ വിധത്തിലാണ് മാനസാന്തരവും ഉണ്ടാകുന്നത്. അതൊരു പൂർണ്ണമായ ത്യജിക്കലാകുന്നു. അതാകുന്നു, സഹോദരൻ റോയി. ദൈവത്തോട് ചേർന്നു എന്തെങ്കിലും ചെയ്യേണ്ടതിന്, അത്—അത് നിങ്ങൾ ഓരോ ദിവസം ചെയ്തിരിക്കേണ്ട ഒരു ത്യാഗമാകുന്നു. ഈ ചൂടുള്ള കെട്ടിടത്തിൽ, ഇന്നു രാവിലെ നേരം നിങ്ങൾ ഓരോരുത്തരും ഇരിക്കുന്നത്, ഒരു ത്യാഗമാണെന്നു ഞാൻ അറിയുന്നു. നാം ഇവിടെ ഇരിക്കുമ്പോൾ, നമ്മുടെ മനസ്സിനെ മനുഷ്യ കുലത്തിനു നൽകാനാകുന്ന ഏറ്റവും വലിയ ത്യാഗത്തിന്മേൽ ഇടാം, അത് യേശുക്രിസ്തു ഭൂമിയിലേയ്ക്ക് വന്ന് നമ്മുടെ സ്ഥാനത്തെ എടുത്തുകൊണ്ട് മരിക്കുക എന്നതായിരുന്നു. അതു മാത്രമല്ല, എന്നാൽ അവന്റെ പ്രാണൻ പാതാളത്തിലേയ്ക്ക് പോയി, അവിടെ മൂന്നു രാവും പകലും ആയിരുന്നിട്ട്, മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേറ്റു, ഉന്നതത്തിലേയ്ക്ക് കയറി, സ്വർഗ്ഗത്തിൽ, ദൈവത്തിന്റെ വലഭാഗത്ത് ഇരിക്കയും, നമുക്ക് നൽകിയിരുന്ന അവന്റെ പ്രായശ്ചിത്തത്താലും, അവന്റെ കൃപയാലും, നമ്മുടെ ഏറ്റുപറച്ചിലിനുമേൽ അവൻ മദ്ധ്യസ്ഥത ചെയ്യുകയും ചെയ്യുന്നു.

9 ഇപ്പോൾ മുകളിൽ...മുകളിൽ ഞങ്ങൾ പോകാനിരിക്കുന്നിടത്ത്, അവിടെ അനേക ജനങ്ങൾ, വളരെ പാവപ്പെട്ടവർ, വാസ്തവമായും ദരിദ്രർ, യോഗത്തിനു വരാനായി, അവരുടെ പശുക്കളിൽ ഒന്നിനെയോ അവരുടെ രണ്ടോ മൂന്നോ ആടിനേയോ അവർക്ക് വിൽക്കേണ്ടതുണ്ട്. പണ്ടത്തെ എസ്കിമോകൾ അവരുടെ ചില തോലുകൾ കൊണ്ടുവന്നു വിൽക്കുന്നു, അത് അവന്റെ കുടുംബത്തിന്, പുറത്തു വരാനായി വളരെ അത്യാവശ്യമുള്ളവ ആയിരുന്നു. ഇൻഡ്യൻ ട്രെഡാറും അതേ കാര്യം തന്നെ ചെയ്യുന്നു. ഇപ്പോൾ, എറ്റവും കുറഞ്ഞ പക്ഷം നമുക്ക് അവർക്കായി പ്രാർത്ഥിക്കുക എങ്കിലും ചെയ്യാമല്ലോ, നമുക്ക് കഴിയില്ലേ? ദൈവം അവർക്ക് ഒരു മഹത്തായ കാര്യം നൽകാനിടവരട്ടെ എന്നു നമ്മൾ പ്രാർത്ഥിക്കുന്നു.

10 ഇപ്പോൾ, ചൂടാകുന്നു, ഞാൻ നിങ്ങളെ അധികനേരം ഇരുത്താൻ ആഗ്രഹിക്കുന്നില്ല. രോഗികൾക്കായി നാം പ്രാർത്ഥിക്കും മുമ്പ്, *സഭയും അതിന്റെ അവസ്ഥയും*, എന്നതിന്മേൽ, നമ്മുടെ

മനസ്സുകളെ ദൃഢപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. മാത്രമല്ല, ഇപ്പോൾ, കുറച്ച് ദിവസങ്ങൾക്കു മുമ്പ്, ലൂസിയാനായിലെ, ഷെവർപ്പോർട്ടിൽ ആയിരിക്കുമ്പോൾ ഒരു സന്ദേശം എനിക്ക് നൽകപ്പെട്ടു എന്ന് എനിക്കൊരു അനുഭവമുണ്ടായി, അത് സഭയുടെ അവസ്ഥയെപ്പറ്റിയാണെന്ന് ഞാൻ—ഞാൻ വിശ്വസിക്കുന്നു. അതിനെ നാം ഇന്നു രാവിലെ നേരം ദൈവവുമായി അഭിമുഖീകരിച്ചുകൊണ്ട്, പ്രാർത്ഥിക്കുകയും നമ്മെ സഹായിക്കാനുമായി പറയാൻ പോകുന്നു. ചെയ്തുകൊണ്ടിരിക്കുന്ന അതേ വിധത്തിൽ തന്നെ എടുക്കാതെ, നാം ജീവിക്കുന്ന ഈ ദിവസത്തിലേയ്ക്കായി സഹായിക്കാൻ നാം ദൈവത്തോടു അപേക്ഷിക്കാൻ പോകുന്നു. അതിനു തൊട്ടു മുമ്പ്...ഇത് ശ്രേഷ്ഠമായ പഴയ ബൈബിളാകുന്നു, നിത്യജീവന്റെ ഉള്ളടക്കവുമായി അത് അവിടെ കിടക്കുന്നു.

11 വചനം ദൈവമാകുന്നു, എന്നു ഓർക്കുക, ദൈവം എന്നാൽ അവന്റെ വചനമല്ലാതെ മറ്റൊന്നുമല്ല. നാം നമ്മുടെ വാക്കുകളല്ലാതെ മറ്റൊന്നുമല്ല, നാം ഇങ്ങനെ...കാരണം, ഇപ്പോൾ, നിങ്ങൾക്കും എനിക്കും വ്യത്യസ്തമായ നിലപാടുകളാണുള്ളത്...ജ്ഞാനേന്ദ്രിയം, നമുക്ക്—നമുക്ക് രണ്ടാൾക്കും പറയാൻ സാധിക്കും, “ഓ, ഞാൻ ഒരു പ്രത്യേക കാര്യം ചെയ്യും,” നാം അതു ഹൃദയത്തിൽ അർത്ഥമാക്കുന്നു, സാഹചര്യങ്ങൾ ഉയർന്നു വരികയും, നാം ചെയ്യും എന്നു പറഞ്ഞിരുന്ന കാര്യം നമുക്ക് ചെയ്യാൻ സാധിച്ചതുമില്ല, എന്നാൽ ദൈവത്തിന് അത് ചെയ്യാനാകില്ല, കാരണം അവൻ അനന്തനായി, അവൻ സകലതും അറിയുന്നു, ഉണ്ടായിരുന്നതും, ഉണ്ടാകാൻ പോകുന്നതും, അഥവാ... അങ്ങനെ, അവന് അത് പിന്താങ്ങാൻ കഴിഞ്ഞില്ലെങ്കിൽ, അവൻ അങ്ങനെ ഒരു പ്രസ്താവന ചെയ്യുകയില്ല.

12 അബ്രഹാമിന്, നൂറു വയസ്സുണ്ടായിരുന്നപ്പോൾ, അവിടെ ഇല്ലാതിരുന്ന കാര്യങ്ങളെ, അതവിടെ ഉള്ളതുപോലെ അവൻ വിളിച്ചു. ഇപ്പോൾ ഞാൻ ഇതു പറയുന്നത് രോഗികളായി പ്രാർത്ഥിക്കപ്പെടാൻ ഇരിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയാകുന്നു. അവിടെ കാണാൻ കഴിയാതിരുന്ന കാര്യങ്ങളെ, അത് പറഞ്ഞവന് നിവൃത്തിയാക്കാൻ കഴിയും എന്നു കണക്കാക്കിക്കൊണ്ട്, അഥവാ, വാഗ്ദത്തം ചെയ്തിരിക്കുന്നവൻ അതിനെ കാക്കാൻ ശക്തനാണെന്നു കരുതിക്കൊണ്ട്, അത് അവിടെ ഉണ്ടായിരുന്നു, അബ്രഹാം അതിനെ അങ്ങനെ വിളിച്ചു. അബ്രഹാമിന് ആറ്...എഴുപത്തിയഞ്ച് വയസ്സും, സാറായ്ക്ക് അറുപത്തിയഞ്ച് വയസ്സും ഉണ്ടായിരുന്നപ്പോൾ, അവർക്ക് ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നു എന്നു, ദൈവം അവനോടു പറഞ്ഞു, എല്ലാം കൂടെ ഒത്തുനോക്കുമ്പോൾ അത് അസാദ്ധ്യമായിരുന്നു.

അവൻ അത് വിശ്വസിക്കുകയും, അവൻ ആ കുഞ്ഞിനു വേണ്ടി നോക്കിക്കൊണ്ടിരിക്കുകയു ചെയ്തു, ആ കുഞ്ഞു കടന്നു വരാനായി ഇരുപത്തിയഞ്ചു വർഷം ശേഷിച്ചിരുന്നിട്ടും, ആ കുഞ്ഞു അവിടെ ഉണ്ടായിരിക്കുന്നതുപോലെ കണക്ക് കൂട്ടി തുടങ്ങി. ആ കുഞ്ഞു ജനിച്ചപ്പോൾ അബ്രഹാമിന് നൂറ് വയസ്സും, സാറായ്ക്ക് തൊണ്ണൂറ് വയസ്സുമായിരുന്നു, കാരണം അവൻ അവനെ വിശ്വസിച്ചു. അത് അവിടെ ഉണ്ടായിരുന്നിട്ടും, അവൻ ഇല്ലാതിരുന്ന കാര്യങ്ങളെ വിളിച്ചു.

13 ഇപ്പോൾ, ഇത് പ്രാർത്ഥിക്കാനായിട്ടുള്ള രോഗികൾക്കും പീഢിതർക്കും വേണ്ടിയാണ്. നിങ്ങളുടെ കഷ്ടങ്ങൾ എന്തായാലും കാര്യമില്ല, നിങ്ങൾ...ഏതുവിധത്തിലെ രോഗമാണ് നിങ്ങൾക്കുള്ളതെങ്കിലും, നിങ്ങൾ എത്ര മോശമായ അവസ്ഥയിലായിരുന്നാലും, നിങ്ങൾ ക്രിസ്തുവിനെ, അവന്റെ വചനത്തെ, സ്വീകരിക്കുമ്പോൾ, അപ്പോൾ നിങ്ങൾക്ക്, അത് അവിടെ ഇല്ലാതിരുന്നാലും, അവ ദൈവത്തിന്റെ വചനത്തിനു വിരുദ്ധമായിരുന്നാലും, അതവിടെ ഉള്ളതുപോലെ തന്നെ വിളിക്കാനാകുന്നു. ഇപ്പോൾ, ദൈവം പറഞ്ഞു, "വിശ്വാസത്തോടു കൂടിയ പ്രാർത്ഥന രോഗിയെ രക്ഷിക്കും." അതെ, ദൈവമാണ് അതു പറഞ്ഞിരിക്കുന്നതെങ്കിൽ, അത് അതിനെ അവസാനിപ്പിക്കുന്നു. അതുകഴിയുമ്പോൾ നമ്മുടെ മനസ്സിനെയും, പ്രതീക്ഷകളെയും, അതിന്മേലിട്ടുകൊണ്ട് അത് ചെയ്തു കഴിഞ്ഞിരിക്കുന്നു എന്നതുപോലെ പ്രവർത്തിക്കാനാകുന്നു. നാം അതു സ്വീകരിക്കുമ്പോൾ തന്നെ അതു പൂർത്തിയാക്കപ്പെടുന്നു.

14 രക്ഷയും അതേ വിധത്തിൽ തന്നെ. നാം അതു വിശ്വസിക്കുന്നു, അത് സ്വീകരിക്കുന്നു, നമ്മുടെ ഹൃദയത്തിൽ അതു വിശ്വസിക്കുന്നു, ദൈവത്തിന്റെ മുന്നിലേയ്ക്ക് ചെന്ന് ക്രിസ്തുവിനെ നമ്മുടെ സ്വന്ത രക്ഷകനായി അംഗീകരിച്ചുകൊണ്ട്, അവനെ സ്വീകരിക്കുന്നു. ഇന്നു രാവിലെ നേരം നിങ്ങൾ ഇവിടെ ആയിരിക്കുകയും, രക്ഷിക്കപ്പെടാതെ, ഒരു പാപിയും ആയിരിക്കുന്നെങ്കിൽ, നിങ്ങൾ രോഗിയാണ്, സൌഖ്യമാകാൻ ആഗ്രഹിക്കുന്നു, ആദ്യം കർത്താവിനെ അന്വേഷിക്കുക. നിങ്ങളുടെ സ്വന്ത രക്ഷകനായി അവനെ അംഗീകരിക്കുക, അപ്പോൾ ആ രോഗം പുറത്തേയ്ക്ക് പോകുന്നു. അവിടെ അത് എന്തായാലും ശരി, നിങ്ങളുടെ മുഴു ചിന്തയും (നിങ്ങളിലുള്ള സകലതുമായി) പൂർണ്ണ മനുഷ്യനെ, ക്രിസ്തുയേശുവിൽ ഇട്ടുകൊൾക, സകലതും ശരിയായിക്കൊള്ളും.

15 അതിനാൽ നിങ്ങളുടെ മനസ്സിനെ അതിലേയ്ക്ക് ഇടുക, കാരണം, ഞാൻ ഇന്നു രാവിലെ നേരം സഭയെയും അതിന്റെ അവസ്ഥയേയും കുറിച്ച് പറയാൻ പോകുന്നു, രോഗികളും

പീഢിതരും ആയിരിക്കുന്നവർക്കു വേണ്ടിയാണ് ഞാൻ ഈ ചില വാക്കുകളെ പറയുന്നത്. ദിവ്യ രോഗസൌഖ്യം വിശിഷ്ടമായതു തന്നെ എന്നിരിക്കിലും, ഞാൻ ഷിവർപ്പോർട്ടിൽ ആയിരുന്നപ്പോൾ, പതിനൊന്നു ദിവസത്തെ യോഗങ്ങളിൽ, ഏറിയാൽ മൂന്നോ, നാലോ രോഗസൌഖ്യത്തിന്റെ യോഗങ്ങളെ എനിക്ക് അവിടെ ഉണ്ടായിരുന്നുള്ളൂ. ദിവ്യരോഗ സൌഖ്യത്തിന്മേൽ അധികസമയം ചിലവഴിക്കുന്നതിനെക്കാൾ മനുഷ്യരുടെ പ്രാണനുകളോടു പ്രസംഗിക്കുന്നതാണ് കൂടുതൽ പ്രാധാന്യം. രോഗികളും ആവശ്യക്കാരായവരെയും, ദൈവം സൌഖ്യമാക്കുന്നു എന്നിരിക്കിലും, ദൈവത്തിന് അതു ചെയ്യാൻ കഴിയുന്നു. ഇതു ലോകമെമ്പാടും സമർത്ഥിച്ചു കഴിഞ്ഞിരിക്കുന്നു, അവൻ അതു ചെയ്യുന്നു. എന്നാൽ ഇപ്പോഴത്തെ പ്രധാന കാര്യം, ഒരിക്കലും മരിക്കാത്ത പ്രാണനെപ്പറ്റിയാണ്. ശരീരം മരിക്കും. എന്നാൽ പ്രാണൻ ഒരിക്കലും മരിക്കില്ല, നാം അതിനെ ദൈവവുമായി നേരായും നിരയിലും സൂക്ഷിച്ചിരിക്കണം.

16 സാധാരണ ഞാൻ ഇത് പറയാറുണ്ട്. സകലതും ചെയ്തു കാണാനായി ഞാൻ ആഗ്രഹിക്കുന്നു, കാരണം ആ രാവിലെ നേരം, എന്റെ പേരിനായി കാത്തിരുന്നുകൊണ്ട്, ആ നദീതിരത്തു ഞാൻ എത്തുമ്പോൾ, അവിടെവെച്ചു ഒരു കുഴപ്പത്തിലും പിടിപെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സഹോദരൻ ക്രീച്ചേ, പൌലൊസ് പറഞ്ഞതുപോലെ, ഞാനും പറയാൻ ആഗ്രഹിക്കുന്നു, "അവന്റെ പുനഃരുത്ഥാനത്തിന്റെ ശക്തിയാൽ ഞാൻ അവനെ അറിയുന്നു." അവൻ മരിച്ചവരുടെ ഇടയിൽ നിന്നും പുറത്തേയ്ക്കു വിളിക്കുമ്പോൾ, ഞാനും കടന്നു വന്നിട്ട്...അവന്റെ പുനഃരുത്ഥാനത്തിന്റെ ശക്തിയാൽ ഞാൻ അവനെ അറിയാൻ ആഗ്രഹിക്കുന്നു.

17 അതിനാൽ, ഇപ്പോൾ, നമ്മുടെ തലകളെയും ഹൃദയങ്ങളെയും, ഈ പുസ്തകത്തിന്റെ രചയിതാവിങ്കലേയ്ക്ക്, കമ്പിട്ടുകൊണ്ട് ഒരുനിമിഷം നിൽക്കാം.

18 ഞങ്ങളുടെ പിതാവാം, ദൈവമേ, നിന്റെ വചനത്തെ നീ ഞങ്ങൾക്കായി തുറക്കുമോ എന്നു ചോദിച്ചുകൊണ്ട്, ഇപ്പോൾ ഞങ്ങൾ അങ്ങയുടെ അടുക്കലേയ്ക്ക് വരുന്നു. ഞങ്ങൾക്ക് താളുകളെ മറിക്കാനായി എന്നിരിക്കിലും, പരിശുദ്ധാത്മാവിന് മാത്രമേ വചനത്തെ തുറക്കാൻ സാധിക്കൂ. അതിനാൽ, ഇന്നു രാവിലെ നേരം അതിനെ ഞങ്ങൾക്കു തുറന്നു തന്നു, അവിടുത്തെ സമൃദ്ധവും അളവറ്റതുമായ കൃപ തരേണം, പിതാവേ. ഞങ്ങൾ അങ്ങേയ്ക്കായി കാത്തിരിക്കുന്നു. പരിശുദ്ധാത്മാവ് വചനത്തിലേയ്ക്ക് കടന്നിട്ട്, മനുഷ്യ ഹൃദയങ്ങളിലേയ്ക്ക് മനുഷ്യ ചുണ്ടുകളിലൂടെ നൽകി, ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന

വിധത്തിൽ അവൻ തന്നെ അതിനെ എടുത്തു ഓരോ ഹൃദയത്തിലേയ്ക്കും സ്ഥാപിക്കാൻ ഇടവരട്ടെ. യോഗം കഴിഞ്ഞ്, ഞങ്ങൾ വീട്ടുകളിലേയ്ക്ക് തിരികെപ്പോകാൻ തുടങ്ങുമ്പോൾ, ഞങ്ങൾ അങ്ങിൽ നിന്നും പഠിച്ചതും, അങ്ങ് ഞങ്ങൾക്കായി ചെയ്ത സകലത്തിനും വേണ്ടി, ഞങ്ങൾ വിനമ്രതയോടെ തല കുമ്പിട്ടുകൊണ്ട്, അങ്ങേയ്ക്ക് പുകഴ്ചയും സ്തുതിയും നൽകാൻ ഇടയാകട്ടെ. ക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ ഇതു ചോദിക്കുന്നു. ആമേൻ.

19 ബൈബിളുകൾ കയ്യിലുള്ളവരും എന്നോടൊപ്പം വായിക്കാൻ ആഗ്രഹിക്കുന്നവരും, ഒരു വിഷയത്തിനായി, വിശുദ്ധ യോഹന്നാനിൽ നിന്നും വായിക്കാൻ പോകുന്ന വചനത്തെ കുറിച്ചെടുക്കുക. നാം വിഷയത്തെ വചനത്തിൽ നിന്നു തന്നെ വായിച്ചിട്ട്, പരിശുദ്ധാത്മാവ് വചനത്തിൽ നിന്നുമുള്ള പശ്ചാത്തലത്തെ നമുക്ക് തരാനായി, നാം പ്രാർത്ഥിക്കുന്നതാണ്. നമുക്ക് അത് വായിക്കാൻ സാധിക്കും, വായിക്കാൻ കഴിവുള്ള ആർക്കും അത് വായിക്കാൻ സാധിക്കും, എന്നാൽ അതിൽ നിന്നും പശ്ചാത്തലം നൽകാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. വിഷയത്തെയും വായിക്കാൻ സാധിച്ചേയ്ക്കാം, കാരണം അതു അവന്റെ വചനത്തിലുണ്ട്, എന്നാൽ അതുകഴിഞ്ഞാൽ, അതിന്റെ പശ്ചാത്തലം ദൈവം തന്നെ തരേണം. ഇപ്പോൾ, വിശുദ്ധ യോഹന്നാൻ, 1-ആം അദ്ധ്യായം, നമുക്ക് 28-ആം വാക്യത്തിൽ തുടങ്ങി 32 -ഉം കൂടെ ഉൾപ്പെടുത്തിക്കൊണ്ടു വായിക്കാം.

*ഇതു യോർദ്ദാനക്കരെ...?...യോഹന്നാൻ സ്നാനം കഴിപ്പിച്ചു കൊണ്ടിരുന്ന ബെഥാന്യയിൽ സംഭവിച്ചു.*

*...പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നതു അവൻ കണ്ടിട്ടു; ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.*

*എന്റെ പിന്നാലെ ഒരു പുരുഷൻ വരുന്നു;അവൻ എനിക്കു മുമ്പെ ഉണ്ടായിരുന്നതു കൊണ്ടു എനിക്ക് മുമ്പനായി തീർന്നു എന്നു ഞാൻ പറഞ്ഞവൻ ഇവൻ തന്നേ.*

*ഞാനോ അവനെ അറിഞ്ഞില്ല എങ്കിലും അവൻ യിസ്രായേലിന്നു വെളിപ്പെടേണ്ടതിന്നു ഞാൻ വെള്ളത്തിൽ സ്നാനം കഴിപ്പിക്കാൻ വന്നിരിക്കുന്നു എന്നു പറഞ്ഞു.*

*...യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞതു: ആത്മാവ് ഒരു പ്രാവെന്നപോലെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുന്നതു ഞാൻ കണ്ടു; അതു അവന്റെ മേൽ വസിച്ചു.*

അവസാന വാക്യമായ, 32-ആം വാക്യം ഞാൻ വീണ്ടും വായിക്കാൻ ആഗ്രഹിക്കുന്നു.

*യോഹന്നാൻ പിന്നെയും സാക്ഷ്യം പറഞ്ഞതു: ആത്മാവ് ഒരു പ്രാവെന്നപോലെ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വരുന്നതു ഞാൻ കണ്ടു; അതു അവന്റെ മേൽ വസിച്ചു.*

20 ഇപ്പോൾ കർത്താവ് വചനത്തോടു തന്റെ അനുഗ്രഹങ്ങളെ കൂട്ടിച്ചേർക്കാൻ ഇടയാകട്ടെ. നമുക്ക് കഴിയുമെങ്കിൽ ഓരോ വാക്കും നിങ്ങൾ പിടിച്ചെടുക്കാൻ ശ്രമിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഏറ്റവും പിന്നിൽ നിങ്ങൾക്ക് എന്നെ കേൾക്കാൻ കഴിയുന്നുണ്ടോ? ശരി, അവിടെ പിന്നിലായി എന്നെ കേൾക്കുന്നോ? നിങ്ങൾക്ക് കഴിയുന്നെങ്കിൽ, നിങ്ങളുടെ കൈ ഉയർത്തിക്കാട്ടു. അത് കൊള്ളാം.

21 ഇപ്പോൾ, സഭയിൽ പോകാതിരിക്കുന്ന ഒരു വ്യക്തിപോലും ഇവിടെ ഇരിക്കുന്നെങ്കിൽ അവർക്കു പോലും മനസ്സിലാകും വിധം, ഒരു—ഒരു ഉപമയുടെ വിധത്തിൽ ഞാൻ നിങ്ങളോടു ഇന്നു രാവിലെ നേരം സംസാരിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, നാം ആലയത്തിൽ വരുന്നത് നമ്മെ കൂടുതൽ മെച്ചപ്പെടുത്താൻ വേണ്ടിയാണ്. നാം വരുന്നത് നമ്മെ ഏറ്റവും നല്ല ജനങ്ങളും, ഏറ്റവും നല്ല ക്രിസ്ത്യാനികളും, ഏറ്റവും നല്ല പൌരന്മാരും, ഏറ്റവും നല്ല പിതാക്കന്മാരും, ഏറ്റവും നല്ല മാതാവുമാരും, ഏറ്റവും നല്ല അയൽവാസികളും ആക്കിതീർക്കാനായിട്ടാണ്. രണ്ടോ മൂന്നോ പേർ ഏവിടെയായാലും ഒരുമിച്ചു കൂടി, അവന്റെ നാമത്തിൽ എന്തു ചോദിച്ചാലും, അവൻ അവിടെ ഉണ്ടായിരിക്കുമെന്നും, അവൻ അതു നമുക്ക് നൽകുമെന്നും, ക്രിസ്തു നമ്മോടു പറഞ്ഞിരിക്കുന്നതിനാലാണ്, നാം ഒരുമിച്ചു കൂടുന്നത്. അതിനാൽ, ഇന്നു നാം സ്വയം മനസ്സിലാക്കിയിരിക്കുന്നതിനെക്കാൾ കൂടുതൽ, മെച്ചമായി, നമ്മെ വിശാലമാക്കുന്നതിൽ കുഴപ്പമെന്താണ്? “അതിനായിട്ടാണ് ഞാൻ ഇവിടെ ആയിരിക്കുന്നതെന്ന് പറയുന്ന എത്രപേരുണ്ട്?” ഞങ്ങൾ കാണട്ടെ. “ഞാൻ—എനിക്ക് ഏറ്റവും നല്ല ഒരു മനസ്സിലാക്കലിന്റെ ആവശ്യമുണ്ട്.” അതുവരെ...നമുക്ക് ഒരു നല്ല തിരിച്ചറിവുണ്ടാകില്ല. നമുക്ക് ദൈവത്തിൽ നിന്നുമുള്ള ഒരു മനസ്സിലാക്കലാണ് ആവശ്യമെങ്കിൽ, അത് തികച്ചും ദൈവത്തിന്റെ വചനത്തിൽ നിന്നു തന്നെ വന്നിരിക്കണം, കാരണം നമ്മുടെ വിശക്കുന്ന പ്രാണന് ഭക്ഷിക്കാനായി ദൈവം തന്റെ വചനമാണ് നമുക്ക് നൽകിയിരിക്കുന്നത്. വചനം എടുത്തു വചനത്താൽ നമ്മെ ഭോഷിപ്പിക്കാനാണ് പരിശുദ്ധാത്മാവിനെ നമുക്കായി അയച്ചിരിക്കുന്നത്. നിങ്ങൾ അതു കാണുന്നുണ്ടോ? നോക്കു, നാം... ദൈവത്തിന്റെ വചനം എടുത്ത്, നമുക്ക് ആവശ്യമാം വിധം അതിനെ തരാനായിട്ടാണ് ദൈവത്തിൽ നിന്നും പരിശുദ്ധാത്മാവിനെ അയച്ചിരിക്കുന്നത്. ഇപ്പോൾ, അത്തരത്തിലുള്ള ഒരു ഏർപ്പാട് ദൈവം

ചെയ്തിരിക്കുന്നതിനാൽ ഞാൻ വളരെ കൃതജ്ഞതയുള്ളവനാകുന്നു. അവൻ നമ്മെ ഭോഷിപ്പിക്കുന്നു, നിങ്ങൾക്കും അങ്ങനെയല്ലേ?

22 നാം അവന്റെ മേച്ചിൽപ്പുറത്തെ കുഞ്ഞാടുകളാകുന്നു. കുഞ്ഞാടിനെപ്പറ്റി, നാം കുറച്ചു നേരത്തിനുള്ളിൽ അല്പം സംസാരിക്കാൻ പോകുന്നു. അവനു നമ്മുടെമേൽ സമ്പൂർണ്ണ നിയന്ത്രണം ലഭിച്ചിട്ട്, അവന് നമ്മെ നയിക്കാനും നടത്താനും സാധിച്ചാൽ, നാം അവന്റെ മൂന്നിരട്ടിയായ അസ്തിത്വങ്ങളാകുന്നു.

23 ഇപ്പോൾ, അത് അത്രയേറെ ദൈവത്തെ പ്രസാദിപ്പിച്ചിട്ട്, അവൻ യേശുവിനെ ഭൂമിയിലേയ്ക്ക് അയച്ചപ്പോൾ, അത് അവനെ ഒരു മൃഗമായി പ്രതിനിധാനം ചെയ്യാൻ അവന് പ്രസാദം തോന്നി, ആ മൃഗം ഒരു കുഞ്ഞാടായിരുന്നു. ആരംഭത്തിൽ, ഏദേൻ തോട്ടത്തിൽ, യേശു വരാൻ പോകുന്നതിന്റെ മുൻകുറിയായി, ക്രിസ്തുവിന്റെ വരവിനെ മുൻകൂട്ടി കാണിച്ചുകൊണ്ട്, അതിനു പകരം ഒരു കഞ്ഞാടിനെ ബലികഴിക്കണം എന്നറിഞ്ഞിട്ട്, ദൈവം ബലികഴിച്ചു. ഇപ്പോൾ, ഒരു മൃഗമായി, ദൈവം ക്രിസ്തുവിനെ എന്തുകൊണ്ടാണ് മുൻകുറിച്ചിരുന്നതെന്ന് ഞാൻ പലപ്പോഴും ആശ്ചര്യപ്പെട്ടിരുന്നു. ആ കുഞ്ഞാടിനെക്കുറിച്ച് നാം കണ്ടു പിടിച്ചത്, അവൻ ആ കുഞ്ഞാടിനെ തിരഞ്ഞെടുത്തതിന്റെ കാരണം, ഭൂമിയിലുള്ള സകല സൃഷ്ടികളിലും വെച്ച് കുഞ്ഞാട് ഏറ്റവും വിനയവും സൌമ്യതയുമുള്ള സൃഷ്ടിയാകുന്നു എന്നായിരുന്നു. സ്വന്തമായി-അനുഭവിച്ചറിയാൻ സാധിക്കാത്ത, അത്രയേറെ നിഷ്കളങ്കവും, അതിനെക്കാൾ വിനയവും സൌമ്യതയുമുള്ള മറ്റൊന്നില്ല. അത്—അത് ധാർഷ്ട്യമുള്ളതല്ല. അത് ഒരു കുലീനവും, താഴ്മയേറിയതുമായ ചെറിയ ജന്തുവാകുന്നു. ദൈവം ക്രിസ്തുവിനെ ലോകത്തിലേയ്ക്ക് പ്രദർശിപ്പിക്കാൻ പോയപ്പോൾ, അവൻ അവനെ സ്വയം ഒരു കുഞ്ഞാടായി പ്രദർശിപ്പിച്ചു.

24 എന്നാൽ, ഇപ്പോൾ ദൈവം, പിതാവായ ദൈവം, യഹോവ, സ്വയം സ്വർഗ്ഗത്തിൽ നിന്നും പ്രദർശിപ്പിച്ചപ്പോൾ, അവൻ തന്നെ പ്രദർശിപ്പിച്ചത് ആകാശത്തു പറക്കുന്നതിൽ വെച്ചേറ്റവും സൌമ്യതയുള്ള പക്ഷിയായി, പ്രാവ് ആയിട്ടായിരുന്നു. ഒരു പ്രാവിനെക്കാൾ ശ്രേഷ്ഠകുലജാതനായ മറ്റൊരു പക്ഷിയുമില്ല. കാട്ടുമൃഗങ്ങളെയും പക്ഷികളെയും കുറിച്ച് ഞാൻ ഒരു പൂർണ്ണ പഠനം നടത്തിയിട്ടുണ്ട്, ആകാശത്തു പറക്കുന്ന മറ്റേതൊരു പക്ഷിയെക്കാളും പ്രാവ് ഒരു വിചിത്രമായ പക്ഷിയാകുന്നു. പ്രാവ് ഒരു—ഒരു പ്രേമിയാകുന്നു. പ്രാവ് ഒരു മാന്യനാകുന്നു. പ്രാവിന് പിത്താശയമില്ല, പക്ഷിവർഗ്ഗത്തിൽപ്പെട്ടതും പിത്താശയ ഗ്രന്ധിയില്ലാത്തതുമായ ഒരേ ഒരു പക്ഷിയേയുള്ളൂ. ആ കാരണത്താലാണ് വിത്തും

ധാന്യങ്ങളുമുള്ള ഒരിടത്തല്ലാതെ ഒരു പ്രാവിനെ നിങ്ങൾക്ക് കാണാൻ സാധിക്കാത്തത്. ഇപ്പോൾ ആ...

25 പെട്ടകത്തിനുള്ളിൽ, പ്രാവുണ്ടായിരുന്നു. പ്രാവനെക്കുറിച്ച് ബൈബിളിൽ അനേക സ്ഥലങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. അത് പരിശുദ്ധാത്മാവിന്റെ പ്രതീകമാകുന്നു. ഉല്പത്തി തുടങ്ങി, വെളിപ്പാടു വരെയും, പ്രാവിനെ പ്രതീകമാക്കിയിരിക്കും പോലെ തന്നെ, കുഞ്ഞാടിനെയും ക്രിസ്തുവായി ബൈബിളിലെ അനേക സ്ഥലങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു.

26 ഉല്പത്തിയുടെ പുസ്തകത്തിൽ, പ്രാവ് പെട്ടകത്തിലുണ്ടായിരുന്നിട്ട്, ആകാശത്തിലെ മറ്റു പക്ഷികൾക്കൊപ്പം പക്ഷികളുടെ കൂട്ടിൽ ഇരുന്നിരുന്നു; അവയിൽ ഒരെണ്ണം, ഒരു കാക്ക, ഒരു മലങ്കാക്കയായിരുന്നു. അവിടെ ഉണ്ടായിരുന്നതിൽ വെച്ചേറ്റവും വൃത്തികെട്ട പക്ഷികളിലൊന്നായ കാക്ക, അവൻ ഒരു അവനീതമായ ജല്പകൻ പക്ഷിയാണ്, നമുക്ക് കണ്ടുപിടിക്കാൻ കഴിയുന്ന ഏറ്റവും വൃത്തികെട്ട പക്ഷികളിലൊന്ന് ഒരു കാക്ക എന്നാണ് ഞാൻ നിരൂപിക്കുന്നത്. കാക്ക ദീർഘായിസ്സുള്ള ഒരു പക്ഷിയായി, ചിലപ്പോൾ, അവന് ഇരുന്നൂറ് മുതൽ മുന്നൂറ് വർഷങ്ങളോളം ജീവിക്കാൻ സാധിക്കും എന്നാണ് (അവർ അവകാശപ്പെടുന്നത്) ഒരു കാക്ക... തത്ത അതിനെക്കാൾ കൂടുതൽ നാൾ ജീവിച്ചിരിക്കും.

27 എന്നാൽ ഒരു പ്രാവ് ഒരു മൃഗം അല്ല ഒരു പക്ഷിയായി അതിനൊരു പിത്താശയമില്ല. ഇപ്പോൾ, കാക്കയ്ക്ക് ഇവിടിരുന്നുകൊണ്ട് ഒരു ചത്തു ജീർണ്ണിച്ചതിനെ തിന്നാൻ കഴിയുന്നു. ആ ചത്തു ജീർണ്ണിച്ചതിനു ചുറ്റുമായി നിങ്ങൾക്ക് ഒരു പ്രാവിനെ ഒരിക്കലും കാണാൻ കഴിയില്ല. അവൾക്ക് അതിന്റെ അടുത്ത് നിൽക്കാൻ കഴിയില്ല. അവളുടെ മൂക്കിൽ അതിന്റെ ദുർഗന്ധം, അവൾക്ക് അതുമായി സഹകരിക്കാൻ കഴിയില്ല. അത് അവളെ സുഖമില്ലാതാക്കി തീർക്കുന്നു. പുഴവരിച്ചതിന്റെയും, നശിച്ച നാമാവശേഷമായി കൊണ്ടിരിക്കുന്നതിന്റെയും അടുക്കൽ നിൽക്കാൻ അവർക്കു സാധിക്കില്ല. അവർക്ക് അതിന് സാധിക്കില്ല, അതിനാൽ അവൾക്ക് അതു തിന്നാൽ കഴിയില്ല അതുമായി സഹകരിക്കാനാകില്ല. അവൾ അതു തിന്നാൽ, അത് ഉടൻ തന്നെ ആ പ്രാവിനെ കൊന്നുകളയും. എന്തുകൊണ്ടെന്നാൽ, പിത്താശയത്തിൽ നിന്നും നിർഗ്ഗമിച്ചു വയറ്റിനകത്തേയ്ക്കു പോകുന്ന പിത്തരസമാണ് ആഹാരം ദഹിപ്പിക്കുന്നത്. അതു ചെയ്യാനായി അവിടെ ഒരു പിത്ത രസവും ഇല്ലാതിരുന്നാൽ, അത് ആ പ്രാവിനെ കൊന്നു കളയും. അതുകൊണ്ട് നിങ്ങൾക്ക് എല്ലായ്പ്പോഴും വൃത്തിയുള്ള എന്തിന്റെയെങ്കിലും, ആരോഗ്യപ്രദമായ എന്തിന്റെയെങ്കിലും ചുറ്റുമേ പ്രാവിനെ കാണാൻ സാധിക്കൂ.

28 ഇപ്പോൾ, കാക്ക വ്യത്യസ്തമായതാണ്. ഇപ്പോൾ, കാക്ക ഒരു കുടിലൻ ജന്തുവിന്റെ മാതൃകയായി ശ്രദ്ധിക്കാം. കാക്കയ്ക്ക് ചത്ത് ചീഞ്ഞളിഞ്ഞതിന്റെ മേൽ ഇരുന്നു കൊണ്ട്, അതിനു ആവശ്യമായതു കഴിക്കാനും, കോതമ്പുള്ള നിലത്തേയ്ക്ക്, നേരെ പറക്കാനും സാധിക്കുന്നു. എന്നാൽ പ്രാവിനോ കോതമ്പു കഴിച്ചശേഷം, ചത്തു ജീർണിച്ചതിന്റെ മുകളിലൂടെ പറക്കാൻ സാധിക്കില്ല.

29 അതുകൊണ്ട്, ഒരു കപടവേഷധാരി, ഒരു കടപവേഷധാരിയായ ആത്മീയ മനുഷ്യന് രണ്ടു കാര്യങ്ങളും, നല്ല കാര്യങ്ങളും ചീത്ത കാര്യങ്ങളും ഭക്ഷിക്കാനാകുന്നു. എന്നാൽ വാസ്തവമായി വീണ്ടും ജനിച്ച ഒരു ക്രിസ്ത്യാനിയ്ക്ക്, തെറ്റായ കാര്യങ്ങളെ സഹിക്കാൻ സാധിക്കില്ല, നല്ല കാര്യങ്ങളിൽ നിന്നും മാത്രമേ തിന്നാൻ സാധിക്കുകയുള്ളൂ. അത് ശ്രദ്ധിക്കൂ! ഒരു വ്യക്തി ഡാൻസിനു പോകും, മദ്യപിക്കുകയും, പാപത്തിൽ ജീവിക്കുകയും ചെയ്തിട്ട്, തിരികെ ആലയത്തിലേയ്ക്ക് വന്ന്, ഒരു വിശുദ്ധൻ ആർപ്പിടും പോലെ ആർപ്പിടുന്നു. അത് എന്താകുന്നു? അവൻ ഒരു കുടിലനാകുന്നു, അവന് അഴുകിയതും നല്ലതുമായ രണ്ടു കാര്യങ്ങളെയും തിന്നാൻ സാധിക്കുന്നു. എന്നാൽ ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് അവയിലുള്ള ഒരു കാര്യവും സഹിക്കാനാകില്ല, കാരണം അവൻ മരണത്തിൽ നിന്നും ജീവങ്കലേയ്ക്ക് കടന്നിരിക്കുന്നു. ഉടൻ തന്നെ അതിനെക്കുറിച്ചുള്ള ചിന്തയെ തന്നെ, അത് അവനെ കുറ്റപ്പെടുത്തുകയും, അതവന്റെ മുഖംതിരിച്ച് അതിൽ നിന്നും ദൂരം പോകുവോളം അതവനെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. ഓ, എന്താ ഒരു മനോഹരരൂപമാകുന്നു!

30 ഇപ്പോൾ, കുഞ്ഞാട് വളരെ മാന്യനായ ഒരു ചെറിയ വ്യക്തിയാണ്. അവന് സാധിക്കില്ല, സ്വയം സഹായിക്കാൻ അവന് കഴിയില്ല. അവൻ സ്വയം-പര്യാപ്തനല്ല, കാരണം അവനെ സ്വയം സഹായിക്കാൻ സാധിക്കില്ല. കുറച്ചു നാളുകൾക്കു മുമ്പ് ഞാൻ ഇവിടെ റാഞ്ചു ചുറ്റിക്കൊണ്ടിരിക്കുമ്പോൾ ഒരു പുൽത്തകിടിയിലൂടെ പോകുകയായിരുന്നു, അപ്പോൾ ഞാൻ അവിടെ ഒരു ചെറിയ കുഞ്ഞാടിനെ കണ്ടു, എങ്ങനെയോ മറ്റുള്ളവയെല്ലാം അവനെ വിട്ടു പോയിരുന്നു, അവൻ ഒരു ചെറിയ മുള്ളു കമ്പിയാൽ ചുറ്റിപ്പിണഞ്ഞ് കിടന്നിരുന്നു. ആ പാവം പിടിച്ചത്, അവിടെ കിടക്കുമ്പോൾ, രക്തം വാർന്നു കൊണ്ട് അവിടെ കിടന്നു കരയുന്നുണ്ടായിരുന്നു. ഞാൻ അതുവഴി കടന്നു വന്നപ്പോൾ, ഏകദേശം അവിടെ നിന്നും അര മൈൽ മേലെ മുകളിലായി ഒരുകൂട്ടം ആടുകൾ മേയുന്നതു കണ്ടിരുന്നു. ഇപ്പോൾ, അവനെ അവിടെ നിന്നും എടുത്തു മാറ്റാതെ അവിടെതന്നെ കിടന്നിരുന്നെങ്കിൽ വളരെ വേഗം തന്നെ കാക്കകൾ വന്ന് അവന്റെ കണ്ണ് കൊത്തിപ്പറിച്ചു

കളയുമായിരുന്നു. എന്നാൽ ഞാൻ ആ ചെറിയ പ്രാണിയെ വേലിക്കമ്പിയിൽ നിന്നും പുറത്തെടുത്തു, എന്റെ കൈത്തണ്ടയിൽ എടുത്തു. അവൻ ഒരിക്കൽപ്പോലും നിരസിച്ചില്ല. അവൻ അവിടെ മിണ്ടാതെ കിടന്നു. ഞാൻ അവനെ എന്റെ കൈകളിൽ എടുത്തു. ആദ്യം—ആദ്യ പ്രാവശ്യം, ഒരുപക്ഷേ, ആദ്യമായിട്ടായിരിക്കാം ഒരു മനുഷ്യന്റെ കൈകളാൽ അത് എടുക്കപ്പെടുന്നത്, എന്നാൽ അവൻ ശാന്തനായിരുന്നു. അവൻ നയിക്കപ്പെടാൻ ഇഷ്ടപ്പെട്ടിരുന്നു. അവൻ സഹായിക്കാൻ ഇഷ്ടപ്പെട്ടിരുന്നു. നിങ്ങൾ അതു മനസ്സിലാക്കുന്നെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അവൻ ഇഷ്ടപ്പെടാതെയോ, എതിർക്കാൻ ശ്രമിക്കുകയോ, കാലുകൊണ്ട് തോഴിക്കുകയോ, കടിക്കാനോ ഒന്നിനും ശ്രമിച്ചില്ല. കുഞ്ഞാട് കാലുകൊണ്ട് തൊഴിക്കില്ല, അവർ കടിക്കില്ല; അവർ വളരെ എളിമയുള്ളവരാണ്. ഈ ചെറിയ വസ്തുവിനെ, ഞാൻ അതിനെ കൈകളിലെടുത്തു മറ്റുള്ളവയുടെ കൂടെ കൊണ്ടുചെന്നാക്കി. അല്പ നിമിഷങ്ങൾക്കുള്ളിൽ തന്നെ അതിന്റെ അമ്മ അതിനെ കണ്ടുപിടിച്ചു, അവൻ എത്ര സന്തോഷവാനായിരുന്നു! ഇപ്പോൾ, അത് ദൈവത്തിന്റെ കുഞ്ഞാടുമായി എത്രമാത്രം താരതമ്യപ്പെടുന്നു!

31 നിങ്ങൾക്കറിയാമോ, അവർ ആടുകളെ കൊല്ലാൻ കൊണ്ടു പോകുന്നിടത്ത്, ആ അറവു ശാലയിലേയ്ക്ക് ആരാണ് ചെമ്മരിയാടിനെ നയിക്കുന്നതെന്ന് അറിയാമോ, ഒരു കോലാട്. കശാപ്പു ശാലയുടെ ജലപ്രണാളിയിലേയ്ക്ക് ഒരു കോലാട് ചെമ്മരിയാടിനെ നയിച്ചുകൊണ്ടു പോയശേഷം, ചെമ്മരിയാട് അവിടേയ്ക്ക് വരുമ്പോൾ, അവൻ വന്നയുടൻ തന്നെ, അവിടെ നിന്നും ചാടിക്കളയുന്നു. എന്നാൽ, ഓ, അവർ പറയുന്നത്, അവർ ആ കോലാടിനെ കൊല്ലാനുള്ള സമയമാകുമ്പോൾ, അവൻ കാലുകൊണ്ട് ചവിട്ടി ഒരു കൊടുങ്കാറ്റു തന്നെ ഉണ്ടാക്കും എന്നാകുന്നു.

32 ആ വിധത്തിലാണ് പിശാച് ചെയ്യാൻ പോകുന്നത്. അവൻ ദൈവത്തിന്റെ കുഞ്ഞുങ്ങളെ ഏറ്റവും നിന്ദ്യമായതിലേയ്ക്ക് നയിക്കാൻ ശ്രമിക്കുകയും, താൻ മരിക്കാൻ നേരമാകുമ്പോൾ, അപ്പോൾ അവൻ ചവിട്ടിത്തൊഴിച്ച് ഒരു കൊടുങ്കാറ്റു തന്നെ ഉണ്ടാക്കും. ആ വിധത്തിലാണ് പിശാച് ചെയ്യുന്നത്. ആ രീതിയിൽ തന്നെയാണ് ചിലനേരങ്ങളിൽ ഏതെങ്കിലും ഒരു കാഴ്ചയ്ക്കു കൗതുകമുള്ള പെൺകുട്ടിയേയോ ഏതെങ്കിലും കാണാൻ സുന്ദരനായ ആൺകുട്ടിയേയോ, ഒരു ചെറിയ സിഗരേറ്റു പാക്കറ്റിനാലാ ഒരു ചെറിയ വിസ്കി ബോട്ടിലാനാലോ, ആരുടെയെങ്കിലും ആട്ടിൻ കൂട്ടത്തിൽപ്പെട്ട, ഒരു ചെറിയ പെൺകുട്ടിയെ, തെറ്റായ കാര്യത്തിലേയ്ക്ക് കൊണ്ടുപോകുന്നത്. "ഓ, അതിന് കുഴപ്പമൊന്നുമില്ല. ആലയത്തിലെ നല്ലത്—നല്ലത് എന്നു പറയുന്ന ആ ചപ്പു ചവറിൽ ഒന്നുമില്ല."

എന്നാൽ ആ പ്രായമായ ആൺകുട്ടിയെ മരണം വന്നിടിക്കട്ടെ, അവൻ അലറിവിളിക്കുന്നതും, ഉച്ചത്തിൽ നിലവിളിക്കുന്നതും രാജ്യം മുഴുവനും കേൾക്കാനാകുന്നു.

33 എന്നാൽ ഒരു ചെമ്മരിയാട് അത്രയും മാന്യനായിട്ട്, അതിനെ നയിക്കാൻ സാധിക്കുന്നു. ആ കാരണത്താലാണ് ദൈവം ക്രിസ്തുവിനെ കുഞ്ഞാടായും, തന്നെ സ്വയം പ്രാവായും, പ്രതിനിധീകരിച്ചത്. യോർദ്ദാൻ നദിയിൽ യോഹന്നാൻ സ്നാപകൻ യേശുവിനെ സ്നാനപ്പെടുത്തിയപ്പോൾ, എപ്പോഴെങ്കിലും സംഭവിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും മഹത്തായ ഒരു കാര്യം, അവിടെ വെച്ചു സംഭവിച്ചു. എത്ര മനോഹരമെന്നു ശ്രദ്ധിക്കൂ! കുഞ്ഞാട്, ലോകത്തിലെ സകല സൃഷ്ടികളിലും വെച്ച് ഏറ്റവും സൌമ്യതയേറിയത്, പ്രാവ്, ആകാശത്തിലെ പക്ഷികളിൽ വെച്ച് ഏറ്റവും സൌമ്യതയേറിയത്. ഇപ്പോൾ, അവർ ഒന്നായിത്തീരേണ്ട ഏക വഴി അതു മാത്രമായിരുന്നു. പ്രാവിന് കുഞ്ഞാടിനു മേൽ വരേണ്ട ഏക വഴി അതായിരുന്നു. ഇപ്പോൾ, പ്രാവ് താഴേയ്ക്ക് വന്നപ്പോൾ, യോഹന്നാൻ യേശുവിനെ കണ്ടു, അവൻ പറഞ്ഞു, "ഇതാ ലോകത്തിന്റെ പാപങ്ങളെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്." യോഹന്നാൻ ഇങ്ങനെയും കൂടെ പറഞ്ഞു, "ദൈവത്തിന്റെ ആത്മാവ് ഒരു പ്രാവെന്നപോലെ, അവന്റെ മേൽ ഇറങ്ങി വരുന്നത്, ഞാൻ കണ്ടു." ഹല്ലേലൂയാ! അവിടെയാണ് നിങ്ങൾ. പ്രാവും കുഞ്ഞാടും തമ്മിൽ ഒന്നിക്കുന്നു. അത് മനുഷ്യനും ദൈവവും ഒന്നായി തീർന്നപ്പോഴായിരുന്നു. അത് സ്വർഗ്ഗവും ഭൂമിയും തമ്മിൽ ആലിംഗനം ചെയ്തപ്പോഴായിരുന്നു. ഹല്ലേലൂയാ! അത് ദൈവം മനുഷ്യനായി തീർന്നപ്പോഴായിരുന്നു, അതു കൊണ്ടുവരപ്പെട്ടു, അത് ദൈവം ആത്മാവിന്റെ രൂപത്തിൽ നിന്നും മനുഷ്യ രൂപത്തിലായി തീർന്ന്, മനുഷ്യരുടെ ഇടയിൽ വസിച്ചപ്പോഴായിരുന്നു. അത് മുഴുവൻ നിത്യതയും തമ്മിൽ ആലിംഗനം ചെയ്തപ്പോഴായിരുന്നു. അത് ആദാമിന്റെ ജനങ്ങളാൽ മനുഷ്യകുലം വീണുപോയിട്ട്, യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തിയ മഹത്തായ അനുസ്മരണ ദിവസം, യഹോവയായ ദൈവവും സകല ദൂതന്മാരും ഒരുമിച്ചു വന്നിട്ട്, ദൈവവും മനുഷ്യനും ഒന്നായി തീർന്നപ്പോഴായിരുന്നു.

ഇപ്പോൾ, അവർ ഒരു ചെന്നായ ആയിരുന്നെങ്കിൽ എന്താകുമായിരുന്നു? പ്രാവിന്റെ മാധുര്യമായ പ്രേമസല്ലാപത്തെ ഒരിക്കലും ഒരു ചെന്നായയുടെ മേൽ നിലനിർത്താൻ കഴിയില്ല.

34 സന്ധ്യ സമയം കഴിയാറാകുമ്പോൾ അവിടെ ഇരുന്നുകൊണ്ട് മാടപ്രാവ് ഒരല്പം കൊഞ്ചി സംസാരിക്കുന്നത് കേൾക്കുന്നതിനെക്കാൾ മനോഹരമായി എന്താണുള്ളത്? എനിക്ക് എന്റെ ഭാര്യയും കുഞ്ഞും

നഷ്ടമായപ്പോൾ...ഞാൻ ചെയ്തുകൊണ്ടിരുന്നത് എന്താണെന്ന് ആരെയും അറിയിച്ചിരുന്നില്ല. എന്നും ഞാൻ എന്റെ പഴയ കാറിൽ കയറി, ഞാൻ ഇവിടെയുള്ള ആ റോഡ് മുറിച്ച് കടന്നിട്ട്, വാൽനട്ട് റിഡ്ജിലെ സെമിത്തേരിയിലേയ്ക്ക് പോയി, ഒരു മരത്തിന്റെ ചുവട്ടിലിരുന്നുകൊണ്ട്, കല്ലറയിലേയ്ക്ക് നോക്കുമായിരുന്നു. എനിക്ക് അവരെ മറക്കാൻ സാധിച്ചിരുന്നില്ല. എനിക്ക് ഇനിയും ജീവിക്കാൻ സാധിക്കില്ല എന്നതുപോലെ കാണപ്പെട്ടിരുന്നു. ഞാൻ ചിന്തിക്കും, എന്റെ കുഞ്ഞ് കുട്ടി, എട്ടു മാസം പ്രായം, അവിടെ കിടക്കുന്നു. അവളുടെ ചെറിയ കൈ ഉയർത്തിക്കൊണ്ട് എന്റെ അടുക്കലേയ്ക്ക് വരാൻ ശ്രമിച്ചിരുന്നത് എങ്ങനെയാണ്, ഞാൻ ഒരു ഹോൺ മുഴക്കുകയോ, അവളോടു എന്തെങ്കിലും പറയാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ, അവൾ "ഗ്ഗ-ഗ്ഗ," എന്ന് ശബ്ദമുണ്ടാക്കി അവളുടെ കൈ എന്റെ നേരെ നീട്ടുമായിരുന്നു. പ്രത്യേകിച്ച്, സന്ധ്യയാകുമ്പോൾ, ഞാൻ ആ മരത്തിന്റെ വശത്തിരിക്കും. എല്ലാ ദിവസവും അവിടെ ഒരു പ്രാവ് വന്നിരുന്നിട്ട് അവൾ പ്രേമസല്ലാപം നടത്താറുണ്ടായിരുന്നു. ഓ, എന്റെ! അത് മരിക്കാനാകാത്ത എന്റെ കുഞ്ഞിന്റെ ആത്മാവ് എന്റെ അടുക്കലേയ്ക്ക് തിരികെ വന്ന് എന്നോടു സംസാരിക്കാൻ ശ്രമിക്കുന്നതായിരിക്കുമോ എന്നു ഞാൻ ഒരിക്കൽ ആശ്ചര്യപ്പെട്ടു. ആ പ്രാവിന്റെ പ്രേമസല്ലാപത്തെക്കാൾ മാധുര്യമായിട്ട് ഒന്നും തന്നെ ഇല്ല. അവൾ സ്നേഹിക്കുന്നത് എങ്ങനെയാണ്! അവൾ വർത്തമാനങ്ങളെ കൊണ്ടുവരുന്നു. അവൾ സമാധാനം ഉണ്ടാക്കാൻ ശ്രമിക്കുന്നത് എങ്ങനെയാണ്? ഒരു അതിരാവിലെ എഴുന്നേറ്റ്, ഞാൻ താമസിച്ചിരുന്നിടത്തുള്ള മരങ്ങൾ തിങ്ങി നിന്നിരുന്നിടത്തേയ്ക്ക് പോയി, അത് കേൾക്കാൻ എത്ര സമാധാനമായ കാര്യമാകുന്നു! അവിടെ ആ വലിയ പൊക്കമുള്ള മരത്തിലിരുന്നുകൊണ്ട്, ആ പ്രാവുകൾ ഒന്നു മറ്റൊന്നിനോടു പ്രേമസല്ലാപം നടത്തുന്നു.

35 കഴിഞ്ഞ ദിവസം, സഹോദരൻ കോക്സിന്റെ അടുക്കൽ, ഒരു അമ്മ പ്രാവും രണ്ടു ചെറിയ കുഞ്ഞുങ്ങളും ഉള്ളതായി കണ്ടു. പൂച്ചകൾ പിടിക്കാതിരിക്കാൻ, അവ കെട്ടിടത്തിന്റെ ഏറ്റവും മുകളിലായി ഇരുന്നിരുന്നു. അമ്മ പ്രാവ് അവയെ തീറ്റിച്ചിരുന്നു. അതിന്ശേഷം അവൾ താഴേയ്ക്ക് വന്നിട്ട് അവയെ ഒരു മരത്തിലേയ്ക്ക് കൊണ്ടുപോയി, അവ രണ്ടു ചെറിയ, സൌമ്യമായ കുഞ്ഞു പ്രാവുകൾ, അവിടെ കഴുത്തുകൾ ചേർത്തുവെച്ചുകൊണ്ടിരുന്നു, ദിവസം മുഴുവനും, പ്രേമസല്ലാപം നടത്തുന്നുണ്ടായിരുന്നു.

36 (പ്രാവ് അങ്ങനെ സ്നേഹിക്കുന്ന ഒരു പക്ഷിയായി) ആ പ്രാവ്, ദൈവം, അവന്റെ മനുഷ്യ സൃഷ്ടികളെ സ്നേഹിക്കാൻ തോന്നിയിട്ട്, ദൈവം എങ്ങനെ ചെയ്തെന്നു ഞാൻ ചിന്തിച്ചുപോയി. ദൈവം

സ്നേഹിക്കാൻ ഇഷ്ടപ്പെടുന്നു. ദൈവം നിങ്ങളെ സ്നേഹിക്കാൻ ഇഷ്ടപ്പെടുന്നു. “തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ, നിത്യജീവൻ പ്രാപിക്കേണ്ടതിന്, ദൈവം അവനെ നൽകുവാൻ തക്കവണ്ണം അവൻ ലോകത്തെ സ്നേഹിച്ചു.” കർത്താവ് വാഴ്ത്തപ്പെടട്ടെ! പിന്നെയും ദൈവം, സ്നേഹിക്കാൻ ആഗ്രഹിച്ചും കൊണ്ട്, അവന് എന്തെങ്കിലും ഉണ്ടാക്കി...സ്നേഹിക്കാൻ സാധിക്കുന്ന എന്തെങ്കിലും ഉണ്ടായിരിക്കണം. അവനെപ്പോലെ തന്നെ സൌമ്യനായ എന്തിനെയെങ്കിലും ഉളവാക്കണം. സ്നേഹിക്കാനാകുന്ന എന്തിനെയെങ്കിലും അവന് ഉരുവാക്കണം. അവന്റെ പ്രാകൃതമുള്ള എന്തിനെയെങ്കിലും അവന് ഉളവാക്കണം.

37 നിങ്ങളുടെ സ്വന്ത പ്രകൃതമല്ലാത്ത ഒന്നിനെയും നിങ്ങൾക്ക് സ്നേഹിക്കാൻ കഴിയില്ല. പ്രീയമുള്ളവർ തമ്മിലാണ് സ്നേഹത്താൽ ഒന്നിക്കുന്നത്. ഒരു ഭാര്യയും ഭർത്താവും, അവരെ ആ ക്രമത്തിൽ സൃഷ്ടിച്ചിരുന്നാലേ അന്യോന്യം സ്നേഹിക്കാൻ സാധിക്കു. കുടുംബം, ആ ക്രമത്തിൽ ഉണ്ടാക്കിയാലേ തമ്മിൽ സ്നേഹിക്കാൻ കഴിയൂ. സ്നേഹിക്കാനായി എന്തെങ്കിലും ആവശ്യമായിരിക്കുന്നു! നിങ്ങൾക്കു സ്നേഹിക്കാനും നിങ്ങളുടെ ഭാര്യയായിരിക്കാനുമായി ഒരു പെൺകുട്ടിയെ നിങ്ങൾ എല്ലായിടത്തും അന്വേഷിക്കുന്നു. അവൾ, അവൾക്കു സ്നേഹിക്കാനും ഒരു ഭർത്താവായിരിക്കാനുമായി ഒരു പുരുഷനെ അവൾ അന്വേഷിക്കുന്നു.

38 ദൈവം അന്വേഷിക്കുന്നു, തനിക്ക് സ്നേഹിക്കാനാകുന്ന ഒരു പ്രാണനെ അന്വേഷിക്കാൻ ശ്രമിക്കുന്നു. അങ്ങനെ, അവൻ ഒരു സൌമ്യനായ കുഞ്ഞാടായും ഒരു സൌമ്യനായ പ്രാവായും ഈ ഭൂമയിൽ തന്നെ പ്രതിനിധാനം ചെയ്തു. ആ കുഞ്ഞാട് ഒരു നിമിഷത്തേയ്ക്കെങ്കിലും ഒരു മുരളുന്ന ചെന്നായുടെ പ്രാകൃതമെടുത്താൽ, ആ പ്രാവ് ഉടനടി തന്നെ അവളുടെ പറക്കൽ നടത്തും, അവൾ എവിടെയ്ക്കെങ്കിലും പറന്നുപോകും.

39 എന്നാൽ ആ—ആ—ആ കുഞ്ഞാടിന്, അതിന് അതിന്റേതായ വലിയ ബോധശക്തിയൊന്നും തന്നെയില്ല. കുഞ്ഞാടിന്റെ ഒരു കാര്യമുണ്ട്, അത് നഷ്ടപ്പെട്ടുപോയാൽ, അത് പ്രതീക്ഷയില്ലാത്തവണ്ണം നഷ്ടപ്പെട്ടു പോകുന്നു. ഒരു ചെമ്മരിയാടിന് അതിന്റെ വഴി കണ്ടുപിടിക്കാൻ സാധിക്കില്ല. ആ കാരണത്താലാണ്, ഒരു കോലാട് അതിനെ കശാപ്പുശാലയിലേയ്ക്ക് നയിക്കുന്നത്. ഒരു ചെമ്മരിയാട് അതിന്റെ വഴി മറന്നു പോയാൽ, അതിന് അത് കണ്ടുപിടിക്കാൻ സാധിക്കില്ല. ആ കാരണത്താലാണ് ദൈവം നമ്മെ ചെമ്മരിയാടുകളുമായി ഉപമിച്ചിരിക്കുന്നത്. നാം നഷ്ടപ്പെട്ടുപോയാൽ, നഷ്ടമായതു തന്നെ. നമുക്ക് സ്വയം കണ്ടുപിടിക്കാനുള്ള ഒരു വഴിയുമില്ല.

അതു ചെയ്യുന്നതിനുള്ള ഒരേ ഒരു വഴിയേയുള്ളൂ, അത്, നമ്മെത്തന്നെ ആട്ടിൻ കൂട്ടത്തിന്റെ ഇടയന് ഏല്പിച്ചു കൊടുക്കുക എന്നുള്ളതാണ്, അവൻ ആ നായകത്വം നടത്തുന്നു.

40 ഇപ്പോൾ, ഞാൻ ഈ ചെമ്മരിയാട്ടും കോലാട്ടും ഒരുമിച്ചു നിൽക്കുന്നതു ശ്രദ്ധിക്കുമ്പോൾ...അങ്ങനെയല്ല, കുഞ്ഞാട്ടും പ്രാവുമാകുന്നു, ഒരുമിക്കുമ്പോൾ, അവർ ഒന്നായി തീരുന്നു. അതുകഴിഞ്ഞപ്പോൾ, ദൈവ പുത്രനായ, ആ കുഞ്ഞാടിനെ പ്രാവ് എങ്ങനെ നയിച്ചെന്നു നോക്കുക. അവൻ കൊല്ലപ്പെടാൻ പോകുന്നു എന്നറിഞ്ഞിട്ടും, അവൻ എത്രമാത്രം സൌമ്യനായിരുന്നു. അവൻ എത്ര സൌമ്യനായിരുന്നു, സ്വയമായി എന്തെങ്കിലും കണ്ടുപിടിക്കാൻ ശ്രമിച്ചിരുന്നില്ല, സ്വയം-പര്യാപ്തനാകാൻ ശ്രമിച്ചിരുന്നില്ല. അവൻ പറഞ്ഞു, "പിതാവ് എനിക്ക് ആദ്യം കാണിച്ചു തരുന്നതു വരെ, ഞാൻ സ്വതേ ഒന്നും ചെയ്യുന്നില്ല, പിതാവ് എന്നിൽ വസിക്കുന്നു."

41 ഇപ്പോൾ, ചെമ്മരിയാടിനുള്ള മറ്റൊരു കാര്യം, ചെമ്മരിയാട് അതിന്റെ അവകാശങ്ങളെ അടിയറവു വെയ്ക്കാൻ ഇഷ്ടപ്പെടുന്നു എന്നതാണ്. ഇപ്പോൾ, നാം ചെമ്മരിയാടുകളായി തീരാൻ ദൈവം ആഗ്രഹിക്കുന്നു, എന്നാൽ അനേക നേരങ്ങളിൽ, നമ്മുടെ അവകാശങ്ങളെ മറക്കാനോ, നമ്മുടെ അവകാശങ്ങളെ സമർപ്പിക്കാനോ നാം ആഗ്രഹിക്കുന്നില്ല. അങ്ങനെ നിങ്ങളിൽ അനേകരും പറയും, "അതെ, എനിക്കതിന്റെ അവകാശമുണ്ട്, ബ്രദർ ബ്രൺഹാം." അത് സത്യം തന്നെ, എന്നാൽ നിങ്ങളുടെ അവകാശങ്ങളെ ഉപേക്ഷിക്കാൻ നിങ്ങൾ തയ്യാറാണോ? ദൈവം നിങ്ങളെ നയിക്കേണ്ടതിന് നിങ്ങളുടെ അവകാശങ്ങളെ, നിങ്ങൾ സമർപ്പിക്കാൻ തയ്യാറാണോ? അതാണ് ഇന്നുള്ള നമ്മുടെ സഭകളിലെ, ഭൂരിഭാഗത്തിന്റെയും, കുഴപ്പം അത് ദൈവത്തിന്റെ കുഞ്ഞാടിന്റെ സൌമ്യതയായി...നാം ചെമ്മരിയാടുകൾ ആകേണ്ടവരായിരിക്കുന്നു, നാം കുഞ്ഞാടുകളാകാതെ മറ്റെല്ലാമായി തീർന്നിരിക്കുന്നു. അതിന്റെ കാരണം അതാണ്, നാം ആ മാനസീകാവസ്ഥയിലേയ്ക്ക് കടന്നയുടൻ തന്നെ, പരിശുദ്ധാത്മാവിന്റെ പ്രാവ് അവളുടെ ചിറകു വിരിച്ച്, ഉപേക്ഷിച്ചിട്ട് പറന്നു പോകുന്നു.

42 ദൈവത്തിന്റെ കുഞ്ഞാട്, ചെന്നായ ചീറുന്നതുപോലെ ആദ്യപ്രാവശ്യം ചീറിയാലോ, ആ സൌമ്യനായ ചെമ്മരിയാടിന് അനുവദിച്ചിരിക്കുന്നതിനു വിരോധമായി ചെയ്താലോ, പ്രാവ് അവളുടെ പറക്കൽ നടത്തും. അവൾ ഒരു നിമിഷത്തിനുള്ളിൽ തന്നെ പറന്നു പോകും.

43 അതിനാലാണ് നാം ഇന്നു അലഞ്ഞു നടക്കുന്നത്. “പെന്തെക്കോസ്തു സഭയ്ക്ക് എന്താണ് സംഭവിച്ചത്?” നാം വ്യത്യസ്തമായ ഒരു പ്രകൃതം എടുത്തു എന്നതാണ് അതിന്റെ കാര്യം. നാം അതിന്റെ ഒരു പ്രാകൃതം എടുത്തു, “നമുക്ക് നമ്മുടെ അവകാശങ്ങൾ ആവശ്യമായിരിക്കുന്നു. ശരിയായി എന്തു ചെയ്യണമെന്നു നാം അറിയുന്നോ അതാണ് നാം ചെയ്യുന്നത്.” നാം ഇണങ്ങാത്തവരായി തീർന്നിരിക്കുന്നു. നാം വിദ്വേഷികളായി തീർന്നിരിക്കുന്നു. നാം ഉദാസീനന്മാരായി തീർന്നിരിക്കുന്നു. മൂർത്ഥന്യാവസ്ഥ കടന്നു വരാൻ നാം അനുവദിക്കുന്നു. സ്വാർത്ഥത കടന്നു വരാൻ നാം അനുവദിക്കുന്നു.

44 ഒരു ചെമ്മരിയാടിന്റെ, സമയം വരുമ്പോൾ...അവൻ സ്വയം സമ്പാദിച്ച സ്വന്ത രോമത്തെ, അത് അവന്റെ അവകാശമാകുന്നു. അവന്റെ അവകാശമായ അവന്റെ സ്വന്ത രോമമാകുന്നു, എന്നാൽ അവർ അവനെ രോമം കത്രിയ്ക്കുന്നിടത്തേയ്ക്ക് കൊണ്ടുപോയി, അവന്റെ കാലുകളെ ചേർത്തുകെട്ടുന്നു. അവൻ ഒരുതവണ തൊഴിക്കുകയോ, അവൻ ഒരു പ്രവാശ്യം ബഹളം വെയ്ക്കുകയോ ചെയ്യുകയില്ല. നിങ്ങൾ അവന്റെ അവകാശത്തെ അവനിൽ നിന്നും നേരെ എടുത്തുമാറ്റുന്നു, അവൻ ഒരു ചെമ്മരിയാടാകുന്നു. അവന് അതല്ലാതെ മറ്റൊന്നും ചെയ്യാൻ സാധിക്കില്ല, അത് അവന്റെ പ്രാകൃതമാകുന്നു. എന്നാൽ നിങ്ങൾ ഒരിക്കൽ ഒരു ക്രിസ്ത്യാനിയെ കണ്ടുമുട്ടാൻ ഇടയായാൽ, അവൻ ഒരു ചെമ്മരിയാടാണോ കോലാടാണോ എന്നു നിങ്ങൾക്ക് അറിയാൻ സാധിക്കും. അവൻ അതിനെ ഒരിക്കൽ മുറിച്ചു കടന്നാൽ, അവൻ എന്താണെന്ന് നിങ്ങൾ തന്നെ കണ്ടുപിടിക്കും. ആ കാരണത്താലാണ് നമ്മുടെ സഭകൾ ഇന്നു അവർ ആയിരിക്കുന്ന അവസ്ഥയിൽ ആയിരിക്കുന്നത്.

45 നാം നമ്മെ സ്വയം ദൈവത്തിന്റെ കുഞ്ഞാടുകളെന്നു വിളിക്കുന്നു. സ്ത്രീകളും പുരുഷന്മാരും, ഇരുകൂട്ടരും, കുഞ്ഞാടിനെപ്പോലെ അല്ലാത്ത മറ്റെല്ലാമായി പ്രവർത്തിക്കുന്നു. അവരെ നിങ്ങൾക്ക് ഇറക്കം കുറഞ്ഞ പാവാടകളും, ബോബ് ചെയ്ത മുടിയും, മുഴുവൻ ചുരുളുകളാക്കി കെട്ടിയ മുടിയുമായി തെരുവിലൂടെ പോകുന്നതു കാണാനാകുന്നു. ചില വർഷങ്ങൾക്കു മുമ്പ്, നിങ്ങൾ...നിങ്ങൾ, അവർ...അവരെ നിങ്ങൾക്ക് വാടകയ്ക്ക് എടുക്കാൻ കഴിയില്ലായിരുന്നു. അപ്പോൾ സഭ ഇന്ന് ഈ അവസ്ഥയിലായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് നിങ്ങൾ അതിശയിക്കും. അതിന്റെ കാരണം നിങ്ങൾ ഒരു ചെമ്മരിയാടിന്റെ പ്രാകൃതമായ, എളിമയേറിയ സൌമ്യത കാത്തുപരിപാലിക്കുന്നതിനു പകരം, ഒരു ചെന്നായയുടെ പ്രാകൃതം എടുത്തിരിക്കുന്നു എന്നതിനാലാകുന്നു. പിന്നെയും നിങ്ങൾ പറയുന്നു, “അതെന്റെ വിശേഷാധികാരമാണ്, ബ്രദർ ബ്രൺഹാം.” അത് നിങ്ങളുടെ

വിശേഷാധികാരം ആണെന്നെനിക്കറിയാം. “ബാർബർമാർ മുടി മുറിക്കുന്നു. ബാർബർമാർ മുടി മുറിക്കുന്നിടത്തോളം കാലം, എനിക്കും അതു ചെയ്യുന്നതിനുള്ള അവകാശമില്ലേ?” അത് ശരിയാണ്, അത് നിങ്ങളുടെ അമ്മേരിക്കയുടെ വിശേഷാധികാരമാണ്. എന്നാൽ നിങ്ങളോ ഒരു ചെമ്മരിയാടായി തീരേണ്ടതിന് അതിനെ ഉപേക്ഷിക്കാൻ തയ്യാറാണോ? നിങ്ങൾ നിങ്ങളെതന്നെ സമർപ്പിക്കാൻ തയ്യാറാണോ?

46 സ്ത്രീകളായ നിങ്ങൾ, കുറച്ചു കാലം മുമ്പുവരെയും, നിങ്ങൾ തെരുവിലേയ്ക്ക് പോയാൽ...ഇന്ന് സ്ത്രീകൾ വസ്ത്രധാരണം ചെയ്തുകൊണ്ടിരിക്കുന്ന രീതിയിൽ നിന്നും വിപരീതമായി കണ്ടേനെവരാം. ഞാൻ പ്രിസ്ബിറ്റേറിയനെയോ മെഥോഡിസ്റ്റിനെയോ കുറിച്ചല്ല സംസാരിക്കുന്നത്, ഞാൻ ഹോളിനസ്സുകാരെ കുറിച്ചും മറ്റും സംസാരിക്കുമ്പോൾ പറയുകയാണ്. തെരുവിലേയ്ക്ക് പോകു, അത്...

47 എന്റെ കാറിന്റെ മുൻഭാഗത്ത് ഒരു ചെറിയ ക്രൂശ് തൂക്കിയിട്ടിട്ടുണ്ട്, അപ്പോൾ ആരോ എന്നോടു ചോദിച്ചു, “ബില്ലി, അത് കത്തോലിക്കരുടെ ചിഹ്നമാണെന്ന് നിനക്കറിയില്ലേ?”

48 ഞാൻ പറഞ്ഞു, “ക്രൂശ് കത്തോലിക്കരുടെ അവകാശമാണെന്ന് തിരെഞ്ഞെടുത്തത് എപ്പോഴാണ്?” ഒരിക്കലുമില്ല! അത് കത്തോലിക്ക വിശ്വാസത്തിന്റെ ഒരു ചിഹ്നമല്ല; അത് ക്രിസ്തീയ വിശ്വാസത്തിന്റെ ചിഹ്നമാകുന്നു. ഒരു കത്തോലിക്ക വിശ്വാസമെന്നാൽ മരിച്ചുപോയ ചെറിയ ഒരു വിശുദ്ധനെ, മറിയയോ ഏതെങ്കിലും മരിച്ച വ്യക്തിയെയോ അവർ ആരാധിക്കുന്നു. നാം മരിച്ചവരെ ആരാധിക്കുന്നില്ല. നാം വിശുദ്ധ സിസിലിയെയും അതുപോലെയുള്ള കുറച്ചു വിശുദ്ധന്മാരെയും ആരാധിക്കുന്നില്ല. അത് കത്തോലിക്ക സിദ്ധാന്തമാകുന്നു, അത് മൃതാത്മസംയോഗത്തിന്റെ മൂർദ്ധന്യാവസ്ഥയാകുന്നു. എന്നാൽ ക്രൂശ് ആരെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നാൽ, ഒരിക്കൽ മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നവനെയാകുന്നു.

49 എന്നിട്ട് ഞാൻ പറഞ്ഞു, “ഞാൻ അതിനെ അവിടെ തൂക്കിയിട്ടിരുന്നിട്ട്, തെരുവിലേയ്ക്ക് നോക്കുന്നു. ഇരുപത്തിയഞ്ചോ മുപ്പതോ വർഷങ്ങൾക്കു മുമ്പ്, ഞാൻ ഏകദേശം അന്ധനായി തീർന്നപ്പോൾ, അവൻ എന്റെ കണ്ണുകളെ സുഖമാക്കുമെങ്കിൽ, ഞാൻ ശരിയായ കാര്യത്തെ മാത്രമേ നോക്കുകയുള്ളൂ എന്ന് ദൈവത്തിന് വാക്ക് കൊടുത്തിരുന്നു.” ഞാൻ പറഞ്ഞു, “നിങ്ങൾ എവിടെ നോക്കിയാലും, അത് അത്രയേറെ ദൈവപ്രീയം ഇല്ലാത്തതായി, സ്ത്രീകൾ പകുതി വസ്ത്രം ധരിച്ചും, നഗ്നരായ സ്ത്രീകൾ അങ്കണങ്ങളിലും

മറ്റെല്ലായിടത്തും കിടക്കുന്നത് കാണുന്നു. അവിടേയ്ക്ക് നോക്കുന്നതിനു പകരം ഞാൻ കുരിശിലേയ്ക്ക് നോക്കി, ക്രിസ്തു എനിക്കായി എന്തു ചെയ്തിരിക്കുന്നു എന്നോർത്ത്, ആ കാര്യത്തിൽ നിന്നും എന്റെ തല തിരിച്ചുകളയുന്നു...അത് പിശാചിൽ നിന്നുമാകുന്നു" ഹല്ലേലൂയാ!

50 അതാണ് ജനങ്ങൾ..."അത് പ്രിസ്ബിറ്റേറിയനോ, കത്തോലിക്കരോ," എന്നല്ല പറയുന്നത്, അത് പെന്തെക്കോസ്തുകളാണ്! ആമേൻ. നിങ്ങൾ പറയും, "എനിക്ക് അതു ചെയ്യാനുള്ള അവകാശമുണ്ട്, ബ്രദർ ബ്രൺഹാം." അത് ശരിയാണ്, എന്നാൽ നിങ്ങൾ ഒരു ചെമ്മരിയാട് ആയിരുന്നെങ്കിൽ, നിങ്ങൾ നിങ്ങളുടെ അവകാശങ്ങളെ ഉപേക്ഷിച്ചുകളയുമായിരുന്നു. അങ്ങനെ പ്രവർത്തിക്കാനായി നിങ്ങൾ പോകുമ്പോൾ, പരിശുദ്ധാത്മാവ്, ആ സൌമ്യനായ പ്രാവ്, ഉടനെ തന്നെ ദൂരെയെവിടെയെങ്കിലും അവളുടെ പ്രയാണം തുടങ്ങിയിരിക്കും. അവൾ അതുമായി ലജ്ജിക്കാൻ ആഗ്രഹിക്കുന്നില്ല. ഇല്ല, ഇല്ല, ഇല്ല. നിങ്ങൾ അങ്ങനെ ചെയ്തു കൊണ്ടിരിക്കുകയും പരിശുദ്ധാത്മാവിലും തുടർന്നുകൊണ്ടിരിക്കാം എന്നു ചിന്തിച്ചേക്കരുത്. നിങ്ങൾക്ക് അത് ചെയ്യാൻ സാധിക്കില്ല! ബൈബിൾ അങ്ങനെ പറയുന്നു. നിങ്ങൾ നിങ്ങളുടെ...പോകാൻ അനുവദിച്ചിട്ട്, കൊള്ളാം, പറയും, "മറ്റുള്ള എല്ലാ സ്ത്രീകളും അതു ചെയ്യുന്നുണ്ട്."

51 പുരുഷന്മാരായ നിങ്ങൾ, പാവം പിടിച്ച നിങ്ങൾ, എല്ലില്ലാത്തവർ, ആണുംപെണ്ണും കെട്ടവർ, അങ്ങനെയോരു കാര്യം ചെയ്യാൻ നിങ്ങളുടെ ഭാര്യയെ നിങ്ങൾ അനുവദിക്കുമ്പോൾ, നിങ്ങളെ എന്തിൽ നിന്നാണ് ഉണ്ടാക്കിയിരിക്കുന്നതെന്നു കാണിക്കുന്നു. ആ കാരണത്താലാണ് നിങ്ങൾക്ക് പരിശുദ്ധാത്മാവ് ഇല്ലാതിരുന്നിട്ടും ഉണ്ടെന്നു അവകാശപ്പെടുകയും, അതിനു പകരം നിങ്ങളിൽ മറ്റെന്തോ ഉണ്ടായിരുന്നിട്ട്, അവൾ നിങ്ങളൊടൊപ്പം ജീവിക്കുവോളം ഒരു മഹിളയെപ്പോലെ പ്രവർത്തിക്കാതെ, എങ്ങനെയും പോകാനായി, നിങ്ങൾ അവളെ അനുവദിച്ചിരിക്കുന്നത്. ആമേൻ. അത് പഴഞ്ചനെപ്പോലെ, മുറിയും വിധം കേൾക്കുന്നു. എന്നാൽ അതാണ് ഇന്നു സഭയ്ക്ക്, ഒരു പഴഞ്ചൻ, പരിശുദ്ധാത്മാവിനാൽ കഴുകപ്പെട്ട്, കഴുകിയെടുത്തു പുറത്തു ഉണക്കാൻ വിരിച്ച്, പരിശുദ്ധാത്മാവിനാൽ, അതിനെ ഇസ്തിരിയിട്ടിരിക്കണം. തീർച്ചയായും!

52 ലോകത്തിന്റേത് കടന്നുകൂടിയിട്ട് എന്തൊരു അവസ്ഥയായിരിക്കുന്നു! അവർ തെരുവിലേയ്ക്ക് പോകുകയും അങ്ങനെ തുടർന്നും ചെയ്തു കൊണ്ടിരിക്കുന്നത് എങ്ങനെയാണ്! ബുധനാഴ്ച രാത്രിയിൽ പള്ളിയിൽ പോകാതെ ടെലിവിഷനിലേയ്ക്ക് നിങ്ങളുടെ തലയെ ഒട്ടിച്ചു പിടിപ്പിച്ചിരിക്കുന്നത് എങ്ങനെ! എങ്ങനെയാണ്

നിങ്ങൾ...എന്താണ്, ഡേവിഡ് ക്രോക്കെറ്റ്.... ആരാണെന്നറിയാത്ത, ഒരു കൊച്ചു കുട്ടിപോലും ഈ രാജ്യത്തിലില്ല. അതൊരു വൃത്തികെട്ട കളവാകുന്നു, അവൻ മൂന്നു വയസ്സുള്ള ഒരു കരടിയെ കണ്ടപ്പോൾ കൊന്നു എന്നത്, അതൊരു കളവാണെന്നു നിങ്ങൾക്കറിയാം, എന്നാൽ നിങ്ങളുടെ കൊച്ചു കുട്ടികളെ അവരുടെ തല മുഴുവനും ആ ചപ്പുചവറിനാൽ നിറയ്ക്കാൻ അനുവദിച്ചിരിക്കുന്നു. അതുമാത്രമല്ല അതിലെ നൂറു പേരെ എടുത്താൽ അതിൽ ഒരു ശതമാനത്തിനു പോലും യേശുക്രിസ്തു ആരാണെന്നു അറിയുന്നുമില്ല. അതിന്റെ കാരണം ഈ രാജ്യം അത്രയേറെ മലിനമായിപ്പോയിരിക്കുന്നു! ഈ രാജ്യം, അത്രമാത്രം വിഡ്ഢിത്തമായിപ്പോയിട്ട് അത്രയേറെ ദൈവത്തിൽ നിന്നും ദൂരമായി, പരിശുദ്ധാത്മാവിനെ തള്ളിക്കളഞ്ഞിരിക്കുന്നു.

53 ഓ, നിങ്ങൾ പറയും, “ഞാൻ പള്ളിയിലേക്ക് പോയി ഉച്ചത്തിൽ ആർപ്പിടുന്നു.” നിങ്ങൾ അത് തികച്ചും ചെയ്യുന്നുണ്ടാകാം. എന്നാൽ ആ സൌമ്യനായ ദൈവത്തിന്റെ കുഞ്ഞാട് നിങ്ങളുടെ ഹൃദയത്തിൽ സ്ഥിരവാസം ചെയ്ത്, നിങ്ങളുടെ ജീവിതത്തെ വൃത്തിയാക്കി ഒരു വ്യത്യസ്ത വ്യക്തിയായി പ്രവർത്തിപ്പിക്കുവോളം, ക്രിസ്ത്യാനിത്വത്തെ അനുകരിക്കുന്നതിൽ അതിൽ നിങ്ങൾ ഒരു പ്രയോജനവും ഉണ്ടാക്കില്ല. നിങ്ങൾക്ക് അത് പോയി എടുക്കേണ്ടതുണ്ട്, ആമേൻ.

54 വളരെ നാളുകളാകില്ല ഞാൻ ഇവിടെ, ഒരു രോഗിയായി മനുഷ്യനെ സന്ദർശിക്കാൻ പോയി, ഒരു മഹിള അവിടെ, കിടക്കുകയോ ഇരിക്കുകയോ ചെയ്തിരുന്നു. അപ്പോൾ ഒരു ചെറിയ പണ്ടെത്തെ ഭാഷനിലെ ഓസ്വാൾഡ്, അവന്റെ തലയുടെ വശത്തായി തൊപ്പി വെച്ചിരുന്നു, ചോദിച്ചു, “മമ്മി, രാത്രി ആഹാരം തയ്യാറായില്ലേ?”

55 അവൾ പറഞ്ഞു, “തേനെ, ഞങ്ങൾക്ക് സമയം കിട്ടിയില്ല,” പറഞ്ഞു, “ഈ രാവിലെ നേരവും ഒരു ഭോജനവും ഉണ്ടായിരുന്നില്ല.” പറഞ്ഞു, “നിനക്കുവേണ്ടി ഞാൻ ഒരു സാൻഡ്വിച്ച് ഉണ്ടാക്കി വെച്ചിരിക്കുന്നു,” പറഞ്ഞു, “അവിടെ കുറച്ചു ഓറഞ്ചുകളുമുണ്ട്.”

56 അവൻ അവിടേയ്ക്ക് നടന്നു ചെന്ന് അതിലെ ഒരു ഓറഞ്ച് കയ്യിലെടുത്ത്, അതിനെ ഒന്നു നോക്കി, പിന്നെ അതിനെ ഒന്നു കടിച്ചിട്ട്, അവന്റെ മുന്നിലുണ്ടായിരുന്ന ചുവരിലേയ്ക്ക് അവന് കഴിയാവുന്നതിലും ഏറ്റവും ശക്തിയായി എറിഞ്ഞു, അപ്പോൾ അതിൽ നിന്നും ചാറ് ഒഴുകി, എന്നിട്ട് പറഞ്ഞു, “ഇതു മാത്രമാണ് നിങ്ങൾക്ക് ഇവിടെ ഉള്ളതെങ്കിൽ, ഞാൻ പുറത്ത് പോകാൻ പോകുന്നു,” അങ്ങനെയോ മറ്റൊ പറഞ്ഞു.

57 ഞാൻ ചിന്തിച്ചു, “ഓ ദൈവമേ, അവൻ എന്റേതായി ഏകദേശം അഞ്ചു മിനിട്ട് ഉണ്ടായിരുന്നെങ്കിൽ!” കുട്ടി, അവൻ

അങ്ങനെ ഒരിക്കലും വിറച്ചിട്ടില്ലെന്നെ വിധം ഞാൻ ആ വിറയിലെ അവനിൽ നിന്നും എന്നേയ്ക്കുമായി വിറപ്പിച്ചു പുറത്താക്കുമായിരുന്നു! അവർ അവിടെ, കുഞ്ഞുങ്ങളെപ്പോലെ വ്യസനത്തോടെ കിടന്നു. അവന് ആവശ്യമായിരുന്നത് എന്താണെന്നാൽ പണ്ടത്തെ ഭാഷനിലെ ഒരു തൊലിയുരിക്കലായിരുന്നു. അതാണ് നമുക്ക് ആവശ്യമായിരിക്കുന്നത്, വീണ്ടും പണ്ടത്തെ ഭാഷനിലെ ഒരു വീട്, കുറച്ചു പ്രാസംഗികർ പ്രസംഗ വേദിയ്ക്കു പിന്നിൽ നിന്നുകൊണ്ട് സത്യം പ്രസംഗിക്കുന്നു, അത്രതന്നെ, പിന്നെയും അത് എവിടെയാണോ കിടന്നിരുന്നത് അതിനെ അവിടെതന്നെ ഇട്ടിരിക്കുന്നു. ആമേൻ. അത് സത്യമാകുന്നു. ഓ, എന്റെ!

58 കുഞ്ഞു മേരി അവളുടെ കുഞ്ഞു കാലിനെ ശക്തിയായി ചവിട്ടിക്കൊണ്ട്, ആ ചെറിയ മൂക്ക് ഒന്നു ചെടിപ്പിച്ചു പിടിച്ച്, (മാക്സ് ഫാക്ടറിന്റെ വസ്തുവിനാൽ) ചുവപ്പിച്ച ചുണ്ടുകളെ ആ ചെറിയ കുഞ്ഞു ഒരല്പം വശത്തേയ്ക്ക്, ആകാശത്തേയ്ക്ക് തിരിച്ച്, അവളെ അല്പം വടിപോലെയാക്കിയിട്ട് വീട്ടിൽ നിന്നും പുറത്തിറങ്ങിപ്പോകുന്നു. എന്തൊരു അപമാനം! കുട്ടികൾ എത്ര അനുസരണം കെട്ടവരായിരിക്കുന്നു! അവർ ആയിരിക്കും എന്നു ബൈബിൾ പറയുന്നു. അതങ്ങനെയായിരിക്കും എന്നു തിരുവചനം പറയുന്നു! അവർ എങ്ങനെയാണ് പെരുമാറുന്നത്, അവർ ചെയ്യുന്നത് എങ്ങനെയാണ്, ഇന്നു ലോകത്തിൽ ഈ കാര്യങ്ങൾ നടന്നു കൊണ്ടിരിക്കുന്നതിന്റെ കാരണം, അവർ പരിശുദ്ധാത്മാവിനെ വ്യസനിപ്പിച്ചു ദൂരമാക്കിയതിനാലാകുന്നു.

59 ഒരു ചില വർഷങ്ങൾക്കു മുമ്പ്. ലോസ് ഏഞ്ചല്സിലെ, അസൂസാ തെരുവിലെ പണ്ടത്തെ പെന്തെക്കോസ്ത് യോഗത്തിൽ വെച്ചാണ്, അമേരിക്കയിൽ ആദ്യമായി പരിശുദ്ധാത്മാവ് പതിച്ചത്, ഈ വർഷം അതിന്റെ അമ്പതാം വർഷികം തികയുന്നു, കുറച്ചു ദിവസങ്ങൾക്കകം, ഞാൻ അതാഘോഷിക്കാൻ പോകുന്നു, അവിടെ ജനങ്ങൾ കൂടിവന്നപ്പോൾ, അവർക്ക് അവരുടെ ആദ്യ പരിശുദ്ധാത്മ ചൊരിയലുണ്ടായി. ക്രിസ്തു ആ ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങി വന്നപ്പോൾ, അവർ വളരെ സൌമ്യരും, വളരെ സാവധാനതയുള്ളവരും ആയിരുന്നു. അവർ ദൈവീകമായ ജീവിതം നയിച്ചു. അവർ സമർപ്പണമുള്ള ജീവിതം ജീവിച്ചു. അവർ അകത്തേയ്ക്ക് വരാൻ മനസ്സുള്ളവരായിരുന്നു. അവർ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാൻ മനസ്സുള്ളവരായിരുന്നു. “പഴഞ്ചൻ,” അവർ എന്തായിരുന്നു, എന്നു ജനങ്ങൾ പറയുന്നു എന്നവർ കാര്യമാക്കിയില്ല, അവിടെ അവരെ “ഭ്രാന്തർ” എന്നു

വിളിച്ചിരുന്നു, അവർ പരിശുദ്ധാത്മാവിനാൽ നിയക്കപ്പെടാൻ മനസ്സുള്ളവരായിരുന്നു.

60 എന്നാൽ, ഇന്നോ, ഓ, എന്റെ, ഒരു പൌഡറിന്റെ പഫിനാലും മേക്കപ്പ് പെട്ടിയാലും, ഒരു ചെറിയ ജോഡി ഇറക്കം കുറഞ്ഞ വസ്ത്രവുമായി, അവിടെ തെരുവിലേയ്ക്ക് പോകുന്നു, അതൊരു അപമാനമായിരിക്കുന്നു! “പരിശുദ്ധാത്മാവുണ്ട്,” എന്നു പറയുകയും ചെയ്യുന്നു. ഓ, നിങ്ങൾ പറയും, “ഞാൻ അന്യഭാഷകളിൽ സംസാരിച്ചിട്ടുണ്ട്.” അതെ, പിശാചിനും കൂടെ സംസാരിക്കാൻ കഴിയുന്നു. “ഓ, ഞാൻ അലറിവിളിച്ചിട്ടുണ്ട്.” പിശാച്ചും അതു ചെയ്യുന്നു. സ്നേഹം ഒഴികെ, ദൈവത്തിനുള്ളതെന്തും പിശാചിന് അനുകരിക്കാൻ കഴിയുന്നു, അവന് സ്നേഹത്തെ അനുകരിക്കാൻ സാധിക്കില്ല. അതെ.

61 അതുകഴിഞ്ഞ്, ആദ്യത്തെ കാര്യം എന്താണെന്നു നിങ്ങൾക്കറിയാമോ, നിങ്ങൾ ആ കാര്യങ്ങൾ ചെയ്യാൻ തുടങ്ങുമ്പോൾ, അതിരുകളെ മുറിച്ചു കടന്ന്, നിങ്ങൾ ഒത്തുതീർപ്പു നടത്താൻ തുടങ്ങുന്നു, അപ്പോൾ സഭയിൽ ചെറിയ പിടക്കോഴിയുടെ ശബ്ദം പോലെ ഉണ്ടാകാൻ തുടങ്ങി, അത് അവരുടെ ഇടയിലേയ്ക്ക് ചെറു സംഘങ്ങളായി പടരുന്നു, ഇവൻ അതു പറഞ്ഞു, “പാസ്റ്ററിന്റെ *ഇന്ന-ഇന്നയാൾ*, നിനക്കറിയാമോ,” അതല്ലെങ്കിൽ, “ഡീക്കന്റെ *ഇന്ന-ഇന്നയാൾ*.” ആദ്യത്തെ കാര്യം എന്താണെന്നറിയാമോ, നിങ്ങൾ അതു കേൾക്കാൻ തുടങ്ങുന്നു! ആ കാരണത്താലാണ് നമുക്ക് വളരെയേറെ പ്രശ്നങ്ങളുണ്ടായിരിക്കുന്നത്, കാരണം നിങ്ങൾ ആ പിശാചിനെ കേൾക്കാൻ തുടങ്ങിയിരിക്കുന്നു, സൌമ്യനായ പ്രാവിനെ, നിങ്ങളെ സ്നേഹിക്കുകയും അനുഗ്രഹിക്കുകയും, നിങ്ങളെ നയിക്കുകയും വഴികാണിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ പ്രാവിനെ, പരിശുദ്ധാത്മാവിനെ, കേൾക്കുന്നതിനു പകരം ചീറിക്കൊണ്ടു കുറ്റം പറയുന്നവനെ കേൾക്കാൻ തുടങ്ങിയിരിക്കുന്നു.

62 അത്തരത്തിലുള്ള ഒരു കോപത്തിന്റെ പേശീസങ്കോചങ്ങളിൽ നിങ്ങൾ ആദ്യമായി കടക്കുമ്പോൾ തന്നെ, ആ പ്രാവ് പറന്നു പോകുന്നു. അത് ശരിയാണ്. അവൾക്ക് അതിനായി നിൽക്കാൻ കഴിയില്ല. അവളുടെ പ്രാകൃതം വ്യത്യസ്തമാണ്. ഓ, അവൾക്ക് ഒരിക്കലും അവിടെ നിൽക്കാൻ സാധിക്കില്ല. നിങ്ങൾ നിങ്ങളുടെ അയൽവാസിയെ കുറിച്ച് സംസാരിക്കുമ്പോൾ, അവൾക്ക് അതിനായി നിലകൊള്ളാൻ സാധിക്കില്ല. അവൾക്ക് അതുമായി യോജിക്കാനാകില്ല. അവൻ തന്റെ യാത്ര തുടങ്ങി, എവിടെയേക്കെങ്കിലും പറന്നു പോകും. അവൻ അവിടെ അതിനുശേഷം അല്പം പോലും നിൽക്കാൻ സാധിക്കില്ല. പ്രാവ് സൌമ്യനാകുന്നു. ആ പ്രാവ് ശാന്തനാകുന്നു, ആ പ്രാവിന്റെ

വിധത്തിലെ തന്നെ പ്രാകൃതം അല്ലാതിരിക്കുന്നില്ലെങ്കിൽ, അതിനു അതുമായി ചേർന്നു നിൽക്കാൻ കഴിയില്ല.

63 ഇപ്പോൾ, ഒരു പുരുഷനോ സ്ത്രീയോ, ആയ നിങ്ങളെ ദൈവത്തിന് ഒരു വ്യത്യസ്തമായി പ്രാകൃതത്തോടെ സൃഷ്ടിക്കാനായെന്നിരിക്കാം, അവന് നിങ്ങൾക്ക് ഒരു വ്യത്യസ്തമായ പ്രാകൃതം തരാം. അപ്പോൾ നിങ്ങൾ പറയും, "അതെ, ബ്രദർ ബ്രൺഹാം, അതിന് നമുക്ക് എന്തു ചെയ്യാൻ കഴിയും?" ഒരു ചെമ്മരിയാടായി തീരുക. രണ്ടു മൃഗങ്ങൾ മാത്രമേ എപ്പോഴെങ്കിലും സംഘടിതമായി പ്രവർത്തിച്ചിട്ടുള്ളൂ, അത് പ്രാവും കുഞ്ഞാടുമാകുന്നു. ഒരു ചെമ്മരിയാടിന്റെ മേലല്ലാതെ പ്രാവ് മറ്റൊന്നിന്റെയും മേൽ വരികയില്ല. നിങ്ങൾ ഒരു കോലാടായി തീർന്നിരിക്കുന്നെങ്കിൽ, ആ പഴയ കോലാടിന്റെ ആത്മാവിനെ നിങ്ങളിൽ നിന്നും പുറത്താക്കി കളയുക. അത് ശരിയാണ്. നിങ്ങൾ മറ്റൊന്നായി തീർന്നിരിക്കുന്നെങ്കിൽ, അത് നിങ്ങളിൽ നിന്നും അകറ്റിക്കളയുക, ഒരു വിദൂഷകനായി നിങ്ങൾ മാറാൻ തുടങ്ങിയിരിക്കുന്നെങ്കിൽ.

64 ഇവിടെ ഒരു പട്ടണത്തിൽ, എനിക്ക് കഴിയാവുന്നതിന്റെ ഏറ്റവും കഠിനമായി, ഒരിക്കൽ പ്രസംഗിച്ചു, അവിടെ ആയിരക്കണക്കിനു ജനങ്ങളുണ്ടായിരുന്നു. ഞാൻ ഒരു അൾത്താര വിളി നടത്തി. പാപത്താൽ വ്യാപിച്ചിരിക്കുന്ന സകല മണ്ഡലത്തെപ്പറ്റിയും, എനിക്ക് ചിന്തിക്കാൻ കഴിഞ്ഞിരുന്നതിലുള്ള എല്ലാറ്റിനെപ്പറ്റിയും ഞാൻ പ്രതിപാദിച്ചു കഴിഞ്ഞിരുന്നെന്നു വിചാരിച്ചു. ആ രാത്രിയിൽ യോഗം കഴിഞ്ഞപ്പോൾ, ഒരു വളരെ മാന്യയായ സഹോദരി, അടുത്തേയ്ക്ക് നടന്നു വന്നിട്ട്, പറഞ്ഞു, "അതെ, ബ്രദർ ബ്രൺഹാം, നീ ഇന്നു രാത്രിയിൽ എന്നെക്കുറിച്ച് യാതൊന്നും തന്നെ പറയാത്തതിനാൽ ഞാൻ അതിനായി ആനന്ദിക്കുന്നു."

ഞാൻ ചിന്തിച്ചു, "തികച്ചും അതൊരു വാസ്തവമായ ക്രിസ്ത്യാനി ആയിരിക്കും," പറഞ്ഞു, "ഇന്നു രാത്രിയിൽ നീ എന്നെ തൊട്ടില്ല."

65 ഞാൻ പറഞ്ഞു, "അതെ, ഞാൻ അതു കേൾക്കുന്നതിൽ വളരെ ആനന്ദിക്കുന്നു, മഹിളെ, തീർച്ചയായും നിങ്ങൾ ദൈവരാജ്യത്തിനു വളരെ അടുത്തായിരിക്കുന്നു." അങ്ങനെ അവൾ അവിടെ നിന്നും മറഞ്ഞു പോയി.

66 അവിടെ ഏതോ ഒരു പ്രായമുള്ള സ്ത്രീ ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ ചോദിച്ചു, "ഈ സംസാരിച്ച സ്ത്രീയെ നിങ്ങൾക്കറിയാമോ?"

"അതെ."

ഞാൻ പറഞ്ഞു, "അവൾ ഒരു ക്രിസ്ത്യാനി ആയിരിക്കാം."

67 പറഞ്ഞു, “ഇന്നു രാത്രിയിൽ ഒരു കാര്യത്തെ പ്രഹരിക്കുന്നതിൽ പരാജയപ്പെട്ടു, ബ്രദർ ബ്രൺഹാം, അത് അപവാദം പറയുന്നതാകുന്നു. അവൾ ഈ മുഴു രാജ്യത്തിലെയും വ്യാജവാർത്ത പരത്തുവരുടെ ചീഫാകുന്നു.” അവിടെയാണ് നിങ്ങൾ, അതാണ് അത്, കാണുക.

68 എന്നാൽ നിങ്ങൾ അങ്ങനെയുള്ള ഒരു കാര്യങ്ങളിലേയ്ക്ക് വരുമ്പോൾ, അതിനെക്കുറിച്ച് പ്രാസംഗികൻ പുൾപ്പിറ്റിൽ വെച്ചു പ്രഹരിച്ചിട്ടുണ്ടോ ഇല്ലയോ എന്നല്ല, ലോകത്തിന്റെ ആ ജഡികമായ കാര്യങ്ങളിലൊന്നിനെ കാണുമ്പോൾ, നിങ്ങൾ അവരുമായി വിരോധിക്കാതിരിക്കുന്നിടത്തോളം, നിങ്ങൾ ദൈവത്തിൽ നിന്നും ദൂരമാകുകയും, പരിശുദ്ധാത്മാവ് മാറിപ്പോകുകയും ചെയ്യുന്നു. ആ കാരണത്താലാണ് യോഗങ്ങൾ ആയിരിക്കേണ്ടത് വിധം ആയിരിക്കാത്തത്. ആ കാരണത്താലാണ് ഇന്നു രാവിലെ നേരം കൂടാരത്തിൽ പുൾപ്പിറ്റ് വിളി നടത്തുമ്പോൾ അവിടേയ്ക്ക് കടന്നു വന്ന് വീണ്ടും ജനിക്കാത്തത്. അതിനാലാണ് രാജ്യത്തെമ്പാടുമായി ടെന്റ് യോഗങ്ങൾ നടക്കാത്തത്, കാരണം നാം ദൈവത്തിന്റെ സൌമ്യനായ പ്രാവിനെ ദുഃഖിപ്പിച്ച് പറഞ്ഞയച്ചിരിക്കുന്നു. അത് ശരിയാണ്. നാം അപവാദം പറയുന്നവരും അലക്ഷ്യമായവരും ആയിരിക്കുന്നിടത്തോളം, അവൻ നമ്മോടൊപ്പം വസിക്കുകയില്ല, “നമ്മുടേതായ രീതികളെ നാം ആഗ്രഹിക്കുന്നു!”

69 ഇപ്പോൾ, ആ കുഞ്ഞാട് ഒരു മൌനിയായ കുഞ്ഞാടായിരുന്നു, എന്നു നിങ്ങൾ ശ്രദ്ധിക്കാനായി ഞാൻ ആഗ്രഹിക്കുന്നു. ബൈബിൾ അങ്ങനെ പറയുന്നു, “അവൻ തന്റെ വായ് തുറന്നില്ല. ആട് മുടി കത്രിയ്ക്കുന്നവരുടെ മുന്നിലെന്നപോലെ, അവൻ ഊമനായി നിന്നു.” അവൻ തന്റെ വായ് തുറന്നില്ല. അവൻ തന്റെ അവകാശങ്ങളെ ആഗ്രഹിച്ചിരുന്ന ഒരു വ്യക്തിയായിരുന്നില്ല. ഇല്ല, സർ. അവൻ തന്റെ അവകാശങ്ങളെ ഏല്പിച്ചുകൊടുക്കാൻ തയ്യാറായിരുന്നു. അവൻ ഒരു ഉരിയാടാ കുഞ്ഞാടായിരുന്നു.

70 എന്നാൽ, ഇന്നോ, ഓ, എന്റെ, നാം നമ്മുടേതായ അഭിപ്രായങ്ങൾ ആഗ്രഹിക്കുന്നു! ഓ, എന്റെ! “ഞാൻ നിങ്ങളോടു പറയട്ടെ, ആരെയെങ്കിലും എന്തെങ്കിലും എന്നോടു പറയാനായി നിങ്ങൾ അനുവദിച്ചു നോക്കു, ഞാൻ ചെന്ന് അവനെ കണ്ടുപിടിച്ച്, കൂട്ടി, ഞാൻ അവനെ തനിയെ കൂട്ടിക്കൊണ്ടു പോകും.” “ഞാൻ ആ പഴയ കപടവേഷധാരിയെ കണ്ടുമുട്ടുമ്പോൾ ഞാൻ അവളോടു പറയും! ഞാൻ അവളെ കണ്ടുമുട്ടുവോളം നിങ്ങൾ കാത്തിരിക്കണം! ദൈവം, വാഴ്ത്തപ്പെട്ടവൻ! ഹല്ലേലൂയാ! ഊഹ്-ഹാ!” ആ പ്രാവ് അപ്പോൾ തന്നെ തന്റെ പറക്കൽ എടുത്തുകൊണ്ട്, അതിന്റെ വഴിയ്ക്കു പോകുന്നു. അത് ശരിയാണ്. നിങ്ങൾക്ക് അതേ വിധത്തിൽ തന്നെ

തോന്നുന്നിടത്തോളം, പരിശുദ്ധാത്മാവ് നിങ്ങളോടൊപ്പം ഇനിമേൽ ഉണ്ടായിരിക്കില്ല. അത് നിങ്ങളുടെ പുസ്തകത്തിൽ കുറിച്ചു കൊൾക, അത് ഒരിക്കലും ഉണ്ടായിരിക്കില്ല. എവിടെയാണോ അങ്ങനെയുള്ള ഒരു ആത്മാവ് ഉള്ളത്, അവിടെ ഒരിക്കലും പരിശുദ്ധാത്മാവ് കാണില്ല. അവിടെ കുഞ്ഞാടിന്റെ ആത്മാവിനെ, ഒരു സൌമ്യതയുടെ ആത്മാവിനെ, എടുത്തിരിക്കണം, അതല്ലെങ്കിൽ, അതുമായി അത് ചേർന്നിരിക്കില്ല, അതുമാത്രമാണ് അതിന് ചെയ്യാനായി സാധിക്കുന്നത്; അത് സൌമ്യനും, ശാന്തനും, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതും അല്ലെങ്കിൽ. എന്തെങ്കിലും കടന്നു വരുമ്പോൾ, അത് ശ്രദ്ധിക്കപോലും ചെയ്യാതെ, മുന്നോട്ട് പോയ്ക്കൊണ്ടിരിക്കും. കാണുന്നോ? അത് വശത്തേയ്ക്ക് തിരിക്കുന്ന ആ നിമിഷം തന്നെ, നിങ്ങൾ വശത്തേയ്ക്ക് തിരിയുമ്പോൾ തന്നെ, നിങ്ങൾക്കറിയാമോ, അതായത് ആ വിധത്തിലേ...

71 വെറും ഒരു നിമിഷ നേരത്തേയ്ക്ക് ഒരു വ്യക്തി വശത്തേയ്ക്ക് തിരിഞ്ഞതിനാൽ ആദ്യ പാപം തുടങ്ങിയെന്ന് നിങ്ങളറിയുന്നു. നിങ്ങൾക്ക് അതറിയാമോ? ബൈബിൾ അപ്രകാരം പറയുന്നു. സാത്താന് അവളോടു എന്തു പറയാനുണ്ടെന്നു കേൾക്കാൻ, ഹൌവ്വ ഒരുവശത്തേയ്ക്ക് അല്പം തിരിഞ്ഞപ്പോൾ തന്നെ, അത് വാസ്തവമായും സത്യം തന്നെ എന്നു ചിന്തിച്ചിരുന്നതിലും മനോഹരമായ ഒരു ചിത്രം അവൻ അവൾക്ക് പെയിന്റ് ചെയ്തു കൊടുത്തു. അവൾ അവനെ കേട്ടു.

72 നിങ്ങൾ ചെയ്യാനായി പിശാച് ആഗ്രഹിക്കുന്ന ഏക കാര്യം എന്നത്, അല്പം വശത്തേയ്ക്ക് ഒരു നിമിഷത്തേയ്ക്ക് തിരിയുക എന്നതാകുന്നു. അവൻ ആ ചിത്രത്തെ പെയിന്റ് ചെയ്തുകൊണ്ട് പറയും, "ഇപ്പോൾ, ഇവിടെ നോക്കു. നിനക്കറിയാമോ, സഹോദരാ, നിനക്കറിയാമോ, സഹോദരി, അവർ ശരിയായിട്ടുള്ള ജനങ്ങളായിരുന്നെങ്കിൽ, അവർ *ഇതു* ചെയ്യില്ലായിരുന്നു. അവർ ഈ കാര്യം *ഇവിടെ* വെച്ചു ചെയ്തിരുന്നെങ്കിൽ, നിനക്കറിയാമോ." അത് വാസ്തവമായ ഒരു സത്യമാകുവോളം അവന് അതിനെ നിങ്ങൾക്ക് ഉണ്ടാക്കിത്തരാൻ കഴിയും. അത് ശരിയാണ്! എന്നാൽ ഓർക്കു, അത് പിശാചിൽ നിന്നുമാകുന്നു!

73 അവർക്ക് എത്രമാത്രം വീഴ്ചപറ്റിയിരിക്കുന്നു എന്നു ഞാൻ കാര്യമാക്കുന്നില്ല, അവർ എത്രമാത്രം പാപത്താൽ കുനിഞ്ഞു പോയിരിക്കുന്നു എന്നോ അല്ല, നിങ്ങളുടെ ജോലി എന്താണെന്നാൽ അവന്റെ ചുറ്റുമായി ഒരു കൈ ചുറ്റിക്കൊണ്ട്, ദൈവ സ്നേഹത്താൽ അവരെ പുറത്തേയ്ക്ക് ഉയർത്തുക എന്നതാകുന്നു. കുഴഞ്ഞു മറിഞ്ഞ ചേറിൽ നിന്നും ദൈവത്തിന്റെ പ്രാവ് നിങ്ങളെ പുറത്തെടുത്തപ്പോൾ നിങ്ങൾ എവിടെയായിരുന്നു? എന്റെ സ്നേഹിതാ, അതാണ്

നിങ്ങളുടെ കർത്തവ്യം. ഒരല്പ സ്നേഹത്തിനായി ഈ ലോകം മരിച്ചുകൊണ്ടിരിക്കുന്നു. ആ...

74 ഈ മൃഗത്തെ, ഈ ചെറിയ മൃഗത്തിൽ, ഈ കാര്യം കൂടെ നിങ്ങൾ ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു, അതൊരു ഉരിയാടാ കുഞ്ഞാടായിരുന്നു കാരണം അതിന്...അവനെ ചീത്ത വിളിച്ചപ്പോൾ, തിരികെ ചീത്ത പറഞ്ഞില്ല. അവൻ ചീത്ത പറഞ്ഞു കൊണ്ടും അങ്ങനെ തുടർന്നും കൊണ്ടിരുന്നുമില്ല, വഴക്കിട്ടുകൊണ്ടും മനോവിഷമം ഉണ്ടാക്കിക്കൊണ്ടും അങ്ങനെ തുടർന്നു കൊണ്ടിരുന്നുമില്ല, അവൻ അതു ചെയ്തിരുന്നില്ല. ആരെങ്കിലും...അവനെ ആരെങ്കിലും ചീത്ത പറഞ്ഞാൽ, അവൻ അവരെ തിരികെ ചീത്ത പറഞ്ഞിരുന്നില്ല. അവൻ അവന്റെ വായ് തുറന്നിരുന്നില്ല.

75 എന്നാൽ എന്നെയോ നിങ്ങളെയോ ആരെങ്കിലും എന്തെങ്കിലും ചെയ്യാൻ അനുവദിച്ചു നോക്കു, ഓ, എന്റെ, വിഷത്തവള ഒരു ചെറിയ തോക്കിൽ നിന്നും വെടിയുതിർത്തശേഷം ഉണ്ടാകുന്ന വെടിയുണ്ടയുടെ ലെഡ് തിന്നുന്നതുപോലെ, ഒരു പ്രായമുള്ള വൻ വാത്തയെപോലെ ഗർവ്വത്തോടെ നടക്കും. "ഞാൻ ഇപ്പോൾ തന്നെ നിന്നോടു പറയുന്നു, പണ്ടത്തേതു പോലെ തന്നെ അവൻ വീണ്ടും എന്റെ കാല്ക്കലിൽ വന്നു വീഴും, ഞാൻ ആ പഴഞ്ചൻ ആലയത്തിലേയ്ക്ക് ഇനി ഒരിക്കലും പോകില്ല. ഇല്ല, സർ! ദൈവത്തിനു സ്തുതിയായിരിക്കട്ടെ! ഹല്ലേലൂയാ! നസ്സറേയുനുകൾ എന്നെ എടുക്കും, പിൽഗ്രിം ഹോളിനസ്സുകാർ, അവർ എന്നെ എടുക്കും. ഹല്ലേലൂയാ. ഇനി ഒരിക്കലും ഞാൻ അതു ചെയ്യാൻ ആഗ്രഹിക്കുന്നില്ല." ശരി, പ്രാവ് അതിന്റെ പ്രയാണം നടത്തിയിരിക്കുന്നു.

76 "എന്താണെന്ന് നിങ്ങൾക്കറിയാമോ? ആ കപട വിശ്വാസി ആ ആലയത്തിലേയ്ക്ക് പോകുന്നെങ്കിൽ, ഞാൻ ഇനിയും ഒരിക്കലും പോകുകയില്ല. ദൈവത്തിനു മഹത്വം, ഞാൻ അതൊരിക്കലും ചെയ്യുകയില്ല!" ആ കാര്യം നിങ്ങളിൽ പതിക്കുമ്പോൾ, ആ പഴയ മുരളുന്ന ചെന്നായ, ആ പ്രാവ് അവളുടെ യാത്ര തുടങ്ങിയിരിക്കും. ശരിയാണ്. അപ്പോൾ തന്നെ പരിശുദ്ധാത്മാവ് പോയ്ക്കഴിഞ്ഞിരിക്കും.

77 എന്താണ് നിങ്ങൾക്ക് സംഭവിച്ചതെന്ന് പിന്നീട് നിങ്ങൾ ആലോചിക്കാൻ തുടങ്ങും. സഭയ്ക്ക് എന്താണ് സംഭവിച്ചിരിക്കുന്നതെന്ന് നിങ്ങൾ അതിശയിക്കാൻ തുടങ്ങും. നിങ്ങൾക്ക് എന്തു പറ്റി എന്നു നിങ്ങൾ ചിന്തിക്കും. നിങ്ങൾക്കു പണ്ടുണ്ടായിരുന്നതുപോലെയുള്ള വിജയം ഇപ്പോൾ ഇല്ലാത്തതെന്താണ്? നിങ്ങൾ നിങ്ങളുടെ പ്രാകൃതം മാറ്റിയിരിക്കുന്നു. നിങ്ങൾ ഒരു ചെമ്മരിയാട് ആയിരിക്കേണ്ടതിനു പകരം നിങ്ങൾ ഒരു കോലാടായിരിക്കുന്നു. നിങ്ങൾ ഒരു

ചെമ്മരിയാട് ആയിരിക്കേണ്ടതിനു പകരം നിങ്ങൾ മറ്റെന്തോ ആയി തീർന്നിരിക്കുന്നു.

78 നിങ്ങൾക്ക് വാസ്തവമായും ശാന്തമായ ആ ആത്മാവ് ആവശ്യമായിരിക്കുന്നു, "പരിശുദ്ധാത്മാവ് എന്നെ എവിടേയ്ക്കും നയിക്കട്ടെ. ദൈവമേ, ഞാൻ ഓരോ പാപിയേയും സ്നേഹിക്കും, അവർ എവിടെയായാലും കാര്യമില്ല." ആ വിധത്തിലുള്ള ഒരു സ്ഥാനത്തെ ഹൃദയത്തിലെടുക്കുക, അതുകഴിയുമ്പോൾ, നിങ്ങളുടെ പ്രാണനിൽ, എന്തോ ചിലതു സംഭവിക്കുന്നതായി നിങ്ങൾക്ക് കാണാനാകുന്നു.

79 നിങ്ങൾ പറയും, "അതെ, ബ്രദർ ബ്രൺഹാം, അതിന് എന്തെങ്കിലും ഒരു പ്രതിവിധിയുണ്ടോ?" ഉണ്ട്, ഒരു ചെമ്മരിയാടായി തീരുക, അത്ര തന്നെ. നിങ്ങൾ പറയും, "ബ്രദർ ബ്രൺഹാം!"

80 കഴിഞ്ഞ രാത്രിയിൽ, ഷെവർപ്പോർട്ടിൽവെച്ച്, ഞാൻ ഒരു ചെറുപ്പക്കാരി മഹിളയെ കണ്ടുമുട്ടി. യോഗം കഴിഞ്ഞപ്പോൾ ഞാനും ബില്ലിയും കൂടെ ഒരു സാന്റ്വിച്ച് വാങ്ങാൻ ഒരിടത്തേയ്ക്ക് പോയി. ഒരു സുന്ദരിയായ ചെറിപ്പക്കാരി സ്ത്രീ, ഒരുപക്ഷേ, ഇരുപതോ അതിനടുത്തോ വയസ്സു വരും, നന്നായി വേഷം ധരിച്ചിരുന്ന ഒരു ചെറുപ്പക്കാരിയായിരുന്നു. അവൾ ഇരുന്നിരുന്നു. ആ വഴിയുടെ മറ്റെ ഭാഗത്തേയ്ക്ക് നോക്കുന്നത് ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഞാൻ തുടർന്നും കഴിച്ചുകൊണ്ടിരുന്നു. അല്പ നിമിഷത്തിനുള്ളിൽ ഒരു മഹിള കടന്നു വന്നു. അവൾ ചോദിച്ചു, "താങ്കൾക്ക് എങ്ങനെയുണ്ട്?" അവളോടു സംസാരിച്ചു. ആ മഹിള അവിടെയുള്ള സഹോദരി ഡേവിസ് ആണെന്നു എനിക്കറിയാമായിരുന്നു. അവളും മറ്റൊരു സഹോദരിയും രണ്ടാളും ലൈഫ് ടെബർണക്കളിലുള്ളതാണ്, എനിക്ക് അവരെ നന്നായിട്ട് അറിയാം, അവൾ എന്റെ അടുക്കൽ വന്ന് സംസാരിച്ചിട്ട് കടന്നു പോയി. അപ്പോൾ ആ മറ്റെ വശത്തിരുന്നിരുന്ന ചെറുപ്പക്കാരി മഹിള, പറഞ്ഞു, "ബ്രദർ ബ്രൺഹാം, ഇന്നു രാത്രിയിലത്തേത് ഒരു നല്ല സന്ദേശമായിരുന്നു."

81 ഞാൻ പറഞ്ഞു, "നിങ്ങൾക്ക് എങ്ങനെയുണ്ട് സഹോദരി?" ഞാൻ പറഞ്ഞു, "വളരെ നന്ദിയുണ്ട്." പിന്നെ ഞാൻ ചോദിച്ചു, "നിങ്ങൾ ലൈഫ് ടെബർണക്കളിലെ ഒരു അംഗമാണോ?"

82 അവൾ പറഞ്ഞു, "ഞാൻ അംഗമാണ്." അവൾ പറഞ്ഞു, "ഞാൻ അവിടെ പാട്ടു സംഘത്തിൽ പാടിയിട്ടുള്ളത്, താങ്കൾക്കറിയാമല്ലോ, ബ്രദർ ബ്രൺഹാം, എന്നാൽ അവിടെ അവർ ചില നിബന്ധനകളുണ്ടാക്കി." അവൾ പറഞ്ഞു, "ഓ, അനേക വർഷം പാട്ടു പ്രാക്റ്റിസും, മറ്റെല്ലാം നടത്തിയതിനും ശേഷം, വളരെ വർഷങ്ങൾ ഞാൻ അതിലുണ്ടായിരുന്നു." പറഞ്ഞു, "ഞാൻ ഒറ്റയ്ക്കും

ചില പ്രത്യേക പാട്ടുകളും പാടിയിരുന്നു." പറഞ്ഞു, "എന്നാൽ, ഞാൻ—എനിക്ക് പാടാനാകില്ല, എന്തെന്നാൽ അവർ—അവർ ഒരു നിബന്ധനയുണ്ടാക്കി അതായത്, 'ചായം ഉപോയഗിക്കുന്ന ഒരു സ്ത്രീയും പാട്ടു സംഗത്തിൽ പാടാൻ—പാടാൻ പാടില്ല.'"

ഞാൻ പറഞ്ഞു, "കൊള്ളാം, ലൈഫ് കൂടാരത്തിനായി, ദൈവത്തിന് മഹത്വം!"

83 അവൾ പറഞ്ഞു, "അതെ, ഞാൻ നിങ്ങളോടു പറയട്ടെ, ബ്രദർ ബ്രൺഹാം," അവൾ പറഞ്ഞു, "ഞാൻ ഒരു ക്രിസ്ത്യാനിയാണ്."

84 ഞാൻ പറഞ്ഞു, "എന്നാൽ, സഹോദരി, വീട്ടിലേയ്ക്ക് പോയി നിങ്ങളുടെ മുഖം കഴുകുകയോ അതല്ല നിങ്ങൾ എന്താണോ ചെയ്യുന്നതു അതു ചെയ്യുക." ഞാൻ പറഞ്ഞു, "അങ്ങനെയുള്ള ഒരു ചെറിയ സാധനത്തെ നിങ്ങളുടെ മുഖത്തു ധരിക്കുകയും ആ പഴയ ചപ്പുചവറിനെ നിങ്ങളുടെ മുഖത്തു തേയ്ച്ചും കൊണ്ട് നിങ്ങൾ എന്നോടു പറയാൻ ശ്രമിക്കുകയാണോ..."

85 അത് പിശാചിൽ നിന്നാണ് വന്നിരിക്കുന്നതെന്ന് എനിക്ക് നിങ്ങൾക്കു തെളിയിച്ചു തരാൻ സാധിക്കും. അതിൽ...ഒന്നിലും അതില്ലെന്നു എനിക്ക് നിങ്ങൾക്കു തെളിയിച്ചു തരാനാകും, അതിന്റെ ആരംഭം വിഗ്രഹാരാധികളുടെ ഇടയിൽ നിന്നുമാകുന്നു. അത് നിങ്ങൾ ധരിക്കുന്നിടത്തോളം, അതൊരു വിഗ്രഹാരാധിയുടെ അടയാളമാകുന്നു. ഇപ്പോൾ, ഞാൻ ഈ അടുത്ത് ആഫ്രിക്കയിൽ നിന്നും മടങ്ങി വന്നതേയുള്ളൂ, ഞാൻ ആഫ്രിക്കയിലെ ആ ഗിരിവർഗ്ഗാക്കാരുടെ ഇടയിലെ നൃത്തം കണ്ടപ്പോൾ, ആ ചെവിയിൽ ധരിക്കുന്ന റിങ്ങുകളും, ആ ചപ്പു ചവറുകളും, എവിടെ നിന്നാണ് കടന്നു വന്നതെന്നും, നിങ്ങളുടെ കഴുത്തിനു ചുറ്റിനുമുള്ള വിവിധ തരം ആഭരണങ്ങളും, ഈ വകകളെല്ലാം, എവിടെ നിന്നായിരുന്നു എന്നും, ഞാൻ കണ്ടു. അത് വിഗ്രഹാരാധികളുടെ ഇടയിൽ നിന്നുമാകുന്നു. ഒരു ക്രിസ്ത്യാനി വിഗ്രഹാരാധി ആയിരിക്കാൻ ബൈബിൾ പഠിപ്പിക്കുന്നില്ല. നിങ്ങൾ ആഗ്രഹിക്കുന്നില്ല...അതു അണിയുന്നതിനാൽ നിങ്ങൾ ഒരു വിഗ്രഹാരാധിയാണെന്നു ഞാൻ പറയുന്നില്ല, എന്നാൽ നിങ്ങളെ തന്നെ കാഴ്ചയിൽ അവരിൽ ഒരാളിനെപ്പോലെ നിങ്ങൾ കാട്ടുന്നു. അതിന്റെ കാരണം നിങ്ങളുടെ പാസ്റ്റർ സത്യം പറയുന്നില്ല എന്നതാണ്. ബൈബിൾ അപ്രകാരം പറയുന്നു.

86 ഇപ്പോൾ നിങ്ങൾ ചോദിക്കും, "ബ്രദർ ബ്രൺഹാം, എനിക്ക് നീളം കുറച്ച മുടിയുണ്ടായിരുന്നാൽ, അതെനിക്ക് തണുപ്പ് അനുഭവിപ്പിക്കുകയും അങ്ങനെയും മറ്റും ചെയ്യുന്നു." അതു ശരിയാണ്, എന്നാൽ നിങ്ങൾക്ക് നീളമുള്ള മുടിയുണ്ടായിരുന്നാൽ, നിങ്ങൾ

തണുപ്പിക്കാനുള്ള പാത്രമായിരിക്കും. അത് നിങ്ങളുടെ മുഴുവൻ കഴുത്തിനെയും എടുത്ത്, അതിനെ ചുറ്റിക്കെട്ടുകയും അതിനെ ശരിയാക്കുകയും ചെയ്യുന്നു.

87 എന്താ, ബൈബിൾ എന്തു പറയുന്നെന്നു നിങ്ങൾക്കറിയാമോ? അതായത്, ഒരു ഭാര്യ തന്റെ മുടി മുറിക്കുകയാണെങ്കിൽ ആ പുരുഷന് അവളെ വിവാഹ മോചനം നടത്തി ഭാര്യയെ ദൂരമാക്കാൻ അവന് അധികാരമുണ്ട് എന്നാകുന്നു. അവൾ അവളുടെ മുടി മുറിക്കുന്നെങ്കിൽ, അവൾ അവനോടൊപ്പം അവിശ്വസ്തയായി ജീവിക്കുന്നു എന്നു കാണിക്കുന്നു. ബൈബിൾ അപ്രകാരം പറയുന്നു, ഒന്ന് കൊരിന്ത്യർ 12, അത് ശരിയല്ലേ എന്നു കണ്ടു പിടിക്കു. അവൾ അത്...തന്റെ മുടി കത്രിക്കുന്ന സ്ത്രീ തന്റെ തലയെ, അപമാനിക്കുന്നു, അത് അവളുടെ ഭർത്താവാകുന്നു. അവൾ അപമാനിയാണെല്ലെങ്കിൽ, അവളെ വിവാഹം മോചനം നടത്തി അവളിൽ നിന്നും ദൂരമാകാം. അത് ശരിയാണ്. എന്നാൽ, നോക്കു, പാസ്റ്റർ ഒരിക്കലും ആ കാര്യങ്ങൾ നിങ്ങളോടു പറഞ്ഞിട്ടില്ല. ആ കാരണത്താലാണ് നിങ്ങൾ ആ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതു പോലെ തന്നെ നിങ്ങൾ തുടർന്നു കൊണ്ടിരിക്കുന്നത്. മാത്രമല്ല—അതുമല്ല പുരുഷൻ, ബൈബിൾ പറയുന്നു...

88 ഇവിടെ ആരോ വളരെ മുമ്പല്ലാതെ എഴുതിയിരുന്നു, "ബ്രദർ ബ്രൺഹാം, സ്ത്രീകൾ ധരിക്കുന്ന ഈ ബ്ലൌസുകൾ," പറഞ്ഞു, "എന്താണ്, അതൊരു ഒരു...നിങ്ങൾ ഇപ്പോൾ ബ്ലൌസുകൾ ധരിക്കുന്നത് കാണുന്നില്ല, ഈ നൈലോണിന്റെയും, ഡാക്രോണിന്റെയും അതല്ല എന്തായാലും ശരി ക്രിസ്ത്യാനികൾ ധരിക്കുന്നതിൽ അതിൽ കുഴപ്പമൊന്നുമില്ലല്ലോ?"

89 ഞാൻ പറഞ്ഞു, "നോക്കു, സഹോദരി, അതിനെപ്പറ്റി ഒരു കാര്യമുണ്ട്. ഇവിടെ വാസ്തവമായ ഒരു കാര്യമുണ്ട്. നിങ്ങൾക്ക് ഇത് ചെയ്യാനാകും: നിങ്ങൾക്ക് വാങ്ങാൻ ഒന്ന് കിട്ടുന്നില്ലെങ്കിൽ, അവർ തയ്യൽ മെഷീനുകൾ വിൽക്കുന്നുണ്ടല്ലോ, നിങ്ങൾക്ക് ഒരെണ്ണം തയ്യെടുക്കാവുന്നതാണ്." ഞാൻ പറഞ്ഞു, "അത് ശരിയാണ്. അത് കാഴ്ചയിൽ നോക്കുമ്പോൾ..." ഞാൻ വിശ്വസിക്കുന്നത്... നിങ്ങൾക്കറിയാമോ, നിങ്ങളുടെ ഹൃദയത്തിൽ എന്താണോ അതാണ് അത് സ്വയമായി പ്രകടിപ്പിക്കുന്നത്. നിങ്ങളുടെ രീതിയിൽ തന്നെ നിങ്ങൾ പ്രവർത്തിക്കുന്നു, അത് നിങ്ങളിൽ എന്തുണ്ടെന്നു കാണിക്കുന്നു.

90 ആ കാരണത്താലാണ് ഈ എല്ലാം ചീറലും വഴക്കിടലും അപവാദം പറച്ചിലും പിന്നെ—പിന്നെയും തിരിച്ചുള്ള അപവാദം

പറച്ചിലും, സഭയിൽ മുഴുവനും തുടർന്നു കൊണ്ടിരുന്നിട്ട്, അത് സഭയെ വിഭജിക്കുന്നു. അത് കാണിക്കുന്നത്, പിശാച് നിങ്ങളിലേയ്ക്ക് കടന്നിരിക്കുകയും, പരിശുദ്ധാത്മാവ് നിങ്ങളെ വിട്ടു പോയിരിക്കുകയും ചെയ്തിരിക്കുന്നു എന്നുള്ളതാകുന്നു. ഇപ്പോൾ, അത് നിങ്ങളിൽ ചിലരുടെ ഉള്ളിലുള്ള ടാറ് കത്തിച്ചു പുറത്താക്കുന്നതായി ഞാൻ അറിയുന്നു, എന്നാൽ അത് അങ്ങനെ ചെയ്യേണ്ടതുണ്ട്. അത് ചെയ്യേണ്ടതുണ്ട്! അതിനാലാണ് ഇത് പറയുന്നത്; മിടുക്കനാകാൻ നോക്കുന്നതല്ല, സാമർത്ഥ്യമുള്ളവനെപ്പോലെ പ്രവർത്തിക്കുന്നതല്ല; നിങ്ങളുടെ തകരാറ് എവിടെയാണെന്ന് പറയുകയാണ്, കാരണം ഏതെങ്കിലും ഒരുനാൾ ഞാൻ നിങ്ങൾക്കുവേണ്ടി ഉത്തരം നൽകേണ്ടി വരും എന്നതിനാലാകുന്നു. നിങ്ങൾ ചെയ്യുന്നതും നിങ്ങൾ പ്രവർത്തിക്കുന്നതുമായ രീതിയിൽ തന്നെ, നിങ്ങളെ ആരാണെന്നു തിരിച്ചറിയിക്കുന്നു. ഇപ്പോഴും നിങ്ങളുടെ ആ പഴയ അനിയന്ത്രിതമായ കോപം, അത് കടന്നു വരുമ്പോൾ ഒരല്പം കൈ ഉയർന്നു പോകുന്നു, ഇവിടെ നിന്നും പുറത്തേയ്ക്കിറങ്ങി അതു തുടർന്നു കൊണ്ടിരിക്കുകയോ വിമർശിക്കുകയോ അല്ലെങ്കിൽ ആഭാസത്തരം നടത്തിക്കൊണ്ട് അത്തരത്തിലെ ചപ്പു ചവറുമായി നടക്കുക, അത് എവിടെ നിന്നുമാണ് കടന്നു വരുന്നതെന്ന് അപ്പോൾ അതു കാണിക്കുന്നു.

91 ഇപ്പോൾ ചെയ്യാൻ ഒരേ ഒരു കാര്യമേയുള്ളൂ, അതിനെ അവിടെ നിന്നും പുറത്താക്കുക, അപ്പോൾ നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് പ്രാവ് തിരികെ വരും. പെട്ടകത്തിൽ നിന്നും പ്രാവ് പുറത്തു പോയപ്പോൾ, അവളെ അവഗണിച്ചിരുന്നു. നോഹ പെട്ടകത്തിന്റെ വാതിൽ തുറന്നു അവളെ അകത്തു കയറ്റുവോളം അവൾ വാതില്ക്കൽ മുട്ടിക്കൊണ്ടിരുന്നു. [ബ്രദർ ബ്രൺഹാം പുൾപ്പിറ്റിൽ മുട്ടുന്നു—Ed.] പരിശുദ്ധാത്മാവ് ഇവിടെയാകുന്നു. പരിശുദ്ധാത്മാവ് അകത്തു വരാൻ ആഗ്രഹിക്കുന്നു. ആ കാരണത്താലാണ്, നിങ്ങളെ വിട്ട്, പരിശുദ്ധാത്മാവ്, എന്നേയ്ക്കുമായി പോകാത്തത്. നിങ്ങളിലേയ്ക്ക് തിരികെ പറന്നു വന്ന്, നിങ്ങൾക്കുണ്ടായിരുന്ന സ്നേഹവും സമാധാനവും സന്തോഷവും തിരികെ തരാനായി, അത് അവിടെ പുറത്തുള്ള മരച്ചില്ലയിൽ എവിടെയോ, തയ്യാറായിട്ടിരിക്കുന്നു. തീർച്ചയായും, അത് ഇരിക്കുന്നു. അവൻ അതു ചെയ്യാൻ തയ്യാറാണ്. അവൻ അതു ചെയ്യാൻ ആഗ്രഹിക്കുന്നു. അവൻ അതു ചെയ്യാൻ ഇഷ്ടപ്പെടുന്നു. എന്നാൽ അവനെ അങ്ങനെ ചെയ്യാൻ നിങ്ങൾ അനുവദിക്കുന്നില്ല!

92 ഇപ്പോൾ അപരിചിതരായ നിങ്ങളോടല്ല ഞാൻ സംസാരിക്കുന്നത്. നിങ്ങളുടെ പാസ്റ്റർ ആരാണെന്നു എനിക്കറിയില്ല... ഞാൻ ബ്രൺഹാം കൂടാരത്തോടാണ് സംസാരിക്കുന്നത്. മറ്റു സഭകളിൽ നിന്നും വന്നവരോടല്ല ഞാൻ സംസാരിക്കുന്നത്. ഞാൻ

ബ്രൺഹാം കൂടാരത്തോടാണ് സംസാരിക്കുന്നത്. അത്തരത്തിലുള്ള കാര്യങ്ങളാണ് ഇവിടെ ചുറ്റിലും നടന്നുകൊണ്ടിരിക്കുന്നത്.

93 അതാണ് ആ പ്രാവിനെ അതിന്റെ പ്രയാണം നടത്തിച്ചത്. ആദ്യത്തെ കാര്യം എന്നത്, ആ ആലയത്തെ ചുറ്റിപ്പറ്റി ചെറുതായി എന്തെങ്കിലും ആരെങ്കിലും ചെയ്യട്ടെ, "ഓ, അതങ്ങനെയോ? ഓ, ചെയ്തോ...? നിങ്ങളും അങ്ങനെയല്ലേ അർത്ഥമാക്കുന്നത്?" അപ്പോൾ തന്നെ പരിശുദ്ധാത്മാവ് പോകുന്നു, ദൂരെ പറന്നു പോകുന്നു. അത്തരത്തിലെ ഒരു ആത്മാവുണ്ടായിരുന്നാൽ അതിന് ഇരിക്കാൻ സാധിക്കില്ല. ആ ചെമ്മരിയാടിന്റെ പ്രാകൃതം നിങ്ങളെ വിട്ടു പോകുമ്പോൾ തന്നെ, പരിശുദ്ധാത്മാവ് പോയ്ക്കഴിയുന്നു. അത് ശരിയാണ്. അതാണ് ഇന്നത്തെ കുഴപ്പം. അതാണ് ഇന്നു ജനങ്ങൾ ഈ അവസ്ഥയിൽ ആയിരിക്കുന്നത്, കാരണം അവർ തെറ്റായ ആത്മാവിനെ അവരുടെ ഹൃദയത്തിലേയ്ക്ക്, അവരുടെ ജീവിതത്തിലേയ്ക്ക്, കടന്നു വരാൻ അനുവദിച്ചു. ഇപ്പോൾ അതുകൊണ്ടാണ് നമുക്ക് കിട്ടിയിട്ട്...

94 അത്തരത്തിലെ കാര്യമുള്ളതിനാലാണ്, അനേകം രോഗികളും പീഢിതരും നമ്മുടെ ഇടയിലുള്ളതെന്ന് ബൈബിൾ പറയുന്നു. നാം തികച്ചും സൌമ്യരായിരിക്കണം. നാം സമാധാനം കാംഷിക്കുന്നവരായിരിക്കണം. പ്രാവിന് നമ്മിൽ വസിക്കാൻ കഴിയേണ്ടതിന്, നാം തികച്ചും ചെമ്മരിയാടുകളായിരിക്കണം

95 ഇപ്പോൾ, ഓർക്കു, പ്രാവ് വരും. അവൻ പറഞ്ഞു, "ഓ, ബ്രദർ ബ്രൺഹാം, ഞാൻ ഒരിക്കലും പരിശുദ്ധാത്മാവ് പ്രാപിച്ചിട്ടില്ലെന്നു എന്നോട്ടു പറയരുത്. ഹല്ലേലൂയാ! താഴെ, ആ രാത്രിയിൽ അവിടെ വെച്ചു ഒരു രാത്രിയിൽ, ഓ, അവൻ വന്നപ്പോൾ, എനിക്ക് നടക്കാൻ..." തീർച്ചയായും, അതു അവനായിരുന്നു! "ഓ, എനിക്ക് വളരെ നന്നായി അനുഭവപ്പെട്ടു, ഓരോ മരത്തിലേക്കും ചെന്ന് അതിലിരിക്കുന്ന ചെറിയ കിളികളെ മാറോട്ടു ചേർത്തു പിടിച്ച് അതിനെ സ്നേഹിക്കാൻ തോന്നി. എന്നോട്ടു ആരെങ്കിലും എന്തെങ്കിലും ചെയ്തിട്ടുള്ളതിൽ വെച്ച് ഏറ്റവും ദുഷ്ടത്തരം കാട്ടിയിരുന്നവനെ, കണ്ടു എന്റെ കൈ അവന്റെ ചുറ്റിലും ചുറ്റിക്കൊണ്ട് ആലിംഗനം ചെയ്യണമെന്നു തോന്നി. ഓ, ബ്രദർ ബ്രൺഹാം, എനിക്ക് അത് എങ്ങനെ അനുഭവപ്പെട്ടു!" അത് പരിശുദ്ധാത്മാവായിരുന്നു തീർച്ചയാണ്.

96 എന്നാൽ, അവൻ തുടരാത്തതിന്റെ കാരണം, നിങ്ങൾ നോക്കുക. അന്ന് നിങ്ങൾ ഒരു ചെമ്മരിയാടായിരുന്നു; എന്നാൽ നിങ്ങൾ ഒരു കോലാടായി മാറിയപ്പോൾ, അവന് തന്റെ പറക്കൽ നടത്തേണ്ടതുണ്ടായിരുന്നു. ആ പ്രാവിന്റെ ഒരു കുഴപ്പവുമല്ല; അത്

നിങ്ങളാണ്,...ആ ആത്മാവിനെ നിങ്ങളിലേയ്ക്ക് കടന്നു വരാൻ നിങ്ങൾ അനുവദിച്ചു. "ഞാൻ അതിന് അനുവദിച്ചോ ബ്രദർ ബ്രൺഹാം?" അതെ, നിങ്ങൾ ആ അപവാദം കേൾക്കാൻ പോയപ്പോൾ, നിങ്ങൾ ആ കളവ് കേട്ടപ്പോൾ, "അതെ, അതിന് എനിക്കൊരു അവകാശമുണ്ട്," എന്നു പറഞ്ഞപ്പോൾ!

97 നിങ്ങൾക്ക് ഒരു അവകാശവുമില്ല! നിങ്ങളെ ഒരു വിലകൊടുത്തു വാങ്ങിയിരിക്കുന്നു, അത് ദൈവപുത്രന്റെ വിലയേറിയ രക്തത്തിന്റെ വിലയാകുന്നു. നിങ്ങൾക്ക് ധാർമ്മീകമായി ഒരവകാശവുമില്ല. ഹല്ലേലൂയാ! നിങ്ങൾക്കുള്ള ഒരേ ഒരവകാശമെന്നത്, ഇമ്മാനുവേലിന്റെ ഞരമ്പുകളിൽ നിന്നും വലിച്ചെടുത്ത് നിറച്ചിരിക്കുന്ന ഉറവയിലേക്ക്, പാപികൾ ആ പ്രളയത്തിന്റെ അടിയിൽ തലകീഴായി വീണ്, അവരുടെ പാപക്കറകളെല്ലാം നീക്കുമ്പോൾ, അവിടേയ്ക്ക് വരിക, എന്നതാകുന്നു. അതെ, സർ. സ്വന്ത ഇഷ്ടത്താൽ, ദൈവത്തിനായി സമർപ്പണം ചെയ്യുക, ആ ഒരേ ഒരു അവകാശമാണ് നിങ്ങൾക്കുള്ളത്, അപ്പോൾ അവിടെ നിന്നും ദൈവം തന്റെ നായകത്വം ഏറ്റെടുക്കുന്നു. അതാണ് യോഗങ്ങളെ ബാധിച്ചിട്ട്...അതാണ് അനേകം അസാധരണ കാര്യങ്ങളെ സംഭവിപ്പിക്കുന്നത്. പരിശുദ്ധാത്മാവ് ഒരു സ്ഥലത്തേയ്ക്ക് പോയിട്ട്, പരിശുദ്ധാത്മാവ് പറയും, "ഇത് ശരിയല്ല. യോഗം നിർത്തുക, മറ്റൊരിടത്തേയ്ക്ക് പോകുക." ഞാനും കൂടെ, അതിനെ നിർത്തിയിട്ട്, നേരെ മുന്നോട്ട് പോകും, സഹോദരാ. അത് ശരിയാണ്, കാരണം നിങ്ങൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടണം എന്നതിനെ എടുത്തിരിക്കണം. ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുക എന്നതിനുള്ള ഏക വഴിയെന്നത്, സൌമ്യനായി തുടരുക, വളരെ കൂടുതലൊന്നും അറിയാതിരിക്കുക.

98 "ഓ," നിങ്ങൾ വിചാരിക്കും, "എനിക്ക് ഒരുപാട് കാര്യങ്ങളറിയാം." അതെ, നിങ്ങൾ നിങ്ങളുടെ തലച്ചോറിൽ അതെല്ലാം കുട്ടിക്കിഴിച്ചിട്ട് അത് സ്വയം പ്രവർത്തിക്കുക പോലുമില്ല. എല്ലാ പുസ്തകങ്ങളും അതിന്റെ ഉത്തരവും, മുഴുവൻ ഗ്രീക്കും ഹീബ്രുവും, നിങ്ങൾക്കറിയാം, അപ്പോൾ പ്രാവിന് ചേക്കേറാനായി ഒരിടമില്ല. അത് ശരിയാണ്. നിങ്ങൾ ഇതെല്ലാം അറിഞ്ഞു കഴിയുമ്പോൾ, പ്രാവിന് നിങ്ങളെ നയിക്കാൻ കഴിയില്ല, കാരണം നിങ്ങൾ വളരെ കൂടുതലായി അറിയുന്നു.

99 ചെമ്മരിയാടിന് എന്തെങ്കിലും അറിയാമെന്നു ഒരിക്കലും അവകാശപ്പെടില്ല. അതിനെ മറ്റാരെങ്കിലും നയിക്കേണ്ടതുണ്ട്. മഹത്വം! അതാണ് അത്. യാതൊന്നും അറിയില്ല! ആമേൻ. ഞാൻ അറിയുന്ന ഒരേ ഒരു കാര്യം, ക്രിസ്തുയേശു എന്നെ രക്ഷിക്കാനായി മരിച്ചു.

100 കാലിഫോർണിയായിലൂടെ ഒരു വ്യക്തി വരികയായിരുന്നു, അവന്റെ മുൻവശത്തായി എഴുത്തുള്ള, ഒരു സൂചന തൂക്കിയിരുന്നു, "ഞാൻ ക്രിസ്തുവിനുവേണ്ടി ഒരു മൂഢനായി തീർന്നു," അവന്റെ പിൻഭാഗത്ത് ഇങ്ങനെ മറ്റൊരെഴുത്തും, "നിങ്ങൾ ആരുടെ മൂഢൻ?" അത് ശരിയാണ്. പരിശുദ്ധാത്മാവിനാൽ നിങ്ങൾ നയിക്കപ്പെടേണ്ടതിന്, ലോകത്തിന് നിങ്ങൾ ഒരു മൂഢനായി തീർന്നു, കാരണം ദൈവത്തിന്റെ പുത്രന്മാരും പുത്രികളും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നു. റോമർ 8:1, പറയുന്നു, "ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല, അവർ ജഡത്തിന്റെ ഇഷ്ടപ്രകാരമല്ല, ആത്മാവിനാൽ അത്രേ നടക്കുന്നത്," ചെന്നായയുടെ അല്ല, പ്രാവിന്റെ പിന്നാലെയാകുന്നു. ആമേൻ.

101 ഡോക് സാധാണ ഒരു പാട്ട് പാടാറുണ്ട്, "സ്വർഗ്ഗീയ പ്രാവിനോടൊപ്പം ഞാൻ നടക്കുംമ്പോലെ, സ്നേഹത്താൽ ഓരോ ദിവസവും എന്റെ പാതയെ നിറയ്ക്കേണമെ; എല്ലായ്പ്പോഴും ഒരു പാട്ടിനോടും ഒരു പുഞ്ചിരിയോടും എന്നെ പോകാൻ അനുവദിച്ച്, സ്നേഹത്താൽ ഓരോ ദിവസവും എന്റെ പാതയെ നിറയ്ക്കേണമെ." ബ്രൺഹാം കൂടാരമോ അതല്ല ഏതൊരു സഭയോ ഒരു വ്യക്തയോ, അവർ എല്ലാവരും അവരുടെ അവകാശങ്ങളെ അടിയറവു വെച്ച്, ഒരു ചെമ്മരിയാടായി തീർന്നാൽ, അത് എത്ര സമാധനമുള്ള ദിവസമായിരിക്കും.

"ആവശ്യപ്പെടുന്നത് എന്താണ്, ബ്രദർ ബ്രൺഹാം?"

102 ഒരു ചെമ്മരിയാടായി തിരികെ വരിക, സൌമ്യനായി തിരികെ വരിക, ഒന്നും അറിയാത്തവനായി തിരികെ വരിക, തിരികെ വന്ന് നിങ്ങളെ സ്വയം ക്രിസ്തുവിന് സമർപ്പിക്കുക. ശ്രമിക്കരുത്, ഒന്നും അറിയാൻ ശ്രമിക്കരുത്. വിനയത്തോടും, സാവധനതയോടും, എളിമയോടും, സൌമ്യതയോടും, നടന്നു കൊണ്ടിരിക്കുക, പ്രാവ് നിങ്ങളെ നയിക്കട്ടെ. എന്നാൻ നിങ്ങൾ എപ്പോഴെങ്കിലും കണ്ടാൽ... ആ അപവാദം കേൾക്കാനായി പോകുന്നതു കാണുമ്പോഴും, നിങ്ങൾ അങ്ങനെയുള്ള കോപത്തിന്റെ കീഴിൽ വരുമ്പോൾ, *ഇതു* ചെയ്യാനോ *അതു* ചെയ്യാനോ നിങ്ങൾക്ക് ഒരവകാശമുണ്ടെന്നു നിങ്ങൾ എപ്പോഴാണോ ചിന്തിക്കുന്നത്, പ്രാവ് അപ്പോൾ അവളുടെ പ്രയാണം തുടങ്ങിയിട്ട്, നിങ്ങളെ വിട്ടു പറന്നകലുന്നു. പിന്നെ നിങ്ങൾക്ക് അതൊരിക്കലും ഉണ്ടായിരിക്കില്ല. സഭയെ, ഇന്നു രാവിലെ നേരം അവൾ നിങ്ങളെ വിട്ടു വളരെ അകലം പോയിട്ടില്ല. നിങ്ങളുടെ പ്രാകൃതം ഒന്നു മാറിക്കിട്ടാനായി, അവൾ അവിടെ അടുത്തു തന്നെ സമാധാനത്തിന്റെ ഒരു ശാഖയിൽ ഇരിക്കുന്നു. ആമേൻ.

103 ദൈവം നിങ്ങളെ കിടത്തി നിങ്ങളിൽ നിന്നും സകല അവകാശങ്ങളെയും ക്ഷൌരം ചെയ്തു മാറ്റാൻ, നിങ്ങളുടെ സകല അവകാശങ്ങളെയും നിങ്ങൾ ഇന്നു സമർപ്പിക്കേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. ആമേൻ. മുഴു—മുഴു ആട്ടുരോമത്താലും തൂങ്ങിക്കിടക്കുന്ന, ഒരു പ്രായമുള്ള ചെമ്മരിയാടിനെ നിങ്ങൾക്ക് ഊഹിക്കാൻ സാധിക്കുമോ? അത് അവന്റെ അവകാശമാകുന്നു. അതെ [ബ്രദർ ബ്രൺഹാം ചെമ്മരിയാട് നെടുവീർപ്പിട്ടു വിളിക്കുന്നതിനെ അനുകരിക്കുന്നു—Ed.] കത്തിച്ച്, ഒരു ആട്ടുരോമം കത്രിക്കുന്ന മേശമേൽ കയറിക്കിടക്കുന്നു. അവന് ഏറ്റവും നല്ലത് എന്താണെന്ന്, അവർക്കറിയാം. അവന്റെ എല്ലാ അവകാശവും അവനിൽ നിന്നും എടുക്കുന്നു, അതിനെ എല്ലാം കത്രിച്ചു മാറ്റുന്നു, അവൻ എത്ര ഭാരം കുറഞ്ഞും തണുപ്പുള്ളവനുമായി ഓടുമെന്നറിയുമോ. എന്റെ, എന്റെ, അവൻ സന്തോഷവാനാകുന്നു, ചുറ്റും ചാടിയിട്ട് അവന് ഒരു വലിയ സമയമാകുന്നു. അതെ, സർ. നിങ്ങളുടെ അവകാശങ്ങളെ നിങ്ങൾ വേണ്ടെന്നുവെക്കുമെങ്കിൽ, അതായിരിക്കും നിങ്ങൾക്കും ലഭിക്കുന്നത്. നിങ്ങളുടെ അവകാശങ്ങളെ നിങ്ങൾ തന്നെ വേണ്ടെന്നു വെച്ച്, സകല ലോകത്തേയും നിങ്ങളിൽ നിന്നും ക്ഷൌരം ചെയ്തു നീക്കേണ്ടതിന്, ദൈവ വചനത്തെ അനുവദിച്ചാൽ, ലോകത്തിന്റെ സകല സ്വഭാവത്തെയും നിങ്ങളിൽ നിന്നും എടുത്തു മാറ്റാൻ അനുവദിച്ചാൽ, നിങ്ങൾ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി തീരും.

104 കുറച്ചു നാളുകൾക്കു മുമ്പ്, ആഫ്രിക്കയിൽ വെച്ച്, ഞാൻ ഒരു പഴയ വിശുദ്ധനുമായി സംസാരിച്ചു. അയാൾ പറഞ്ഞു, "ബ്രദർ ബ്രൺഹാം, അലൌകീകമായതിൽ താങ്കൾ വിശ്വസിക്കുന്നു എന്നെനിക്കറിയാം."

ഞാൻ പറഞ്ഞു, "തീർച്ചയായും, സഹോദരാ."

105 അയാൾ പറഞ്ഞു, "വർഷങ്ങൾക്കു മുമ്പ് ഞാൻ ആരോ ആണെന്നു ഞാൻ തന്നെ വിചാരിച്ചിരുന്നു." പറഞ്ഞു, "ഞാൻ ശരിക്കും ഒരു ക്രിസ്ത്യാനിയാണെന്നാണ് ഞാൻ വിചാരിച്ചിരുന്നു." പിന്നെയും അയാൾ പറഞ്ഞു, "ഞങ്ങളുടെ ആലയത്തിൽ... എനിക്ക് ഒരു മല കയറാനുണ്ടായിരുന്നു, അവിടെ ഞാൻ എന്റെ കാർ നിർത്തി." എന്നിട്ട് പറഞ്ഞു, "എനിക്ക് ഇനിയും മല കയറാനുണ്ടായിരുന്നു, ഓ, ഏകദേശം മൂന്നോറോ നാന്നൂറോ വാരം വരും, കുറ്റിക്കാട്ടുകളുടെ മറ്റും ഇടയിലൂടെ പോകാനായി, അവിടേയ്ക്ക് കടന്നു കഴിയുമായിരുന്നു." എന്നിട്ടു പറഞ്ഞു, "ഞങ്ങൾക്ക് അവിടെ മുകളിലായി ഒരു പ്രാർത്ഥനാ യോഗമുണ്ടായിരുന്നു." പറഞ്ഞു, "ഞാൻ ഒരു യഥാർത്ഥ ക്രിസ്ത്യാനിയാണ് എന്നാണ് വിചാരിച്ചിരുന്നത്." അയാൾ പറഞ്ഞു, "എനിക്ക് ബൈബിൾ മുഴുവനും അറിയാം. ഞാൻ ഹീബ്രു മുഴുവനും വായിച്ചിട്ടുണ്ട്.

വചനത്തെ ശരിയായി ഉച്ചരിക്കേണ്ടതെങ്ങനെയാണെന്ന് ഞാൻ പഠിച്ചിരുന്നു." എന്നിട്ട് പറഞ്ഞു, "ആര് എന്റെ അടുക്കൽ വന്നാലും, എനിക്കാകുമായിരുന്നു." [ബ്രദർ ബ്രൺഹാം തന്റെ വിരൽ ഞെടിക്കുന്നു—Ed.] "അവരോടു ബൈബിൾ എപ്രകാരമാണോ എഴുതിയിരിക്കുന്നത് അതിനെക്കുറിച്ച് പറയാൻ കഴിയുമായിരുന്നു. ഞാൻ എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നത് എന്ന് എനിക്ക് അറിയാമായിരുന്നു." അയാൾ പറഞ്ഞു, "ഒരു രാത്രിയിൽ ഞാൻ ആലയത്തിലേയ്ക്ക് പോകുകയായിരുന്നു. ഞങ്ങളുടെ ആലയത്തിൽ അവിടെ വളരെയധികം അഭിപ്രായ വ്യത്യാസങ്ങളുണ്ടായിരുന്നു." പറഞ്ഞു, "അവിടെ ഒരാൾ മറ്റെയാളിന് വിരുദ്ധമായി ചെറിയ പാർട്ടികളും മറ്റുമുണ്ടാക്കിയിരുന്നു. അവ എങ്ങനെയാണ് ഉയർന്നു വരുന്നതെന്ന് നിങ്ങൾക്കറിയാം."

ഞാൻ പറഞ്ഞു, "അതെ, സർ."

106 അയാൾ പറഞ്ഞു, "മലയുടെ മുകളിലുള്ള എന്റെ വഴിയിലൂടെ, ഞാൻ നടക്കുകയായിരുന്നു, അപ്പോൾ പൊടുന്നനെ ആരോ എന്റെ പിന്നാലെ വരുന്നുണ്ടെന്നു എനിക്ക് ബോദ്ധ്യപ്പെട്ടു." എന്നിട്ട് അയാൾ പറഞ്ഞു, "അത് ആരായാലും ശരി, മുകളിലേയ്ക്ക് പോകുമ്പോൾ, അദ്ദേഹത്തെയും കൂട്ടി, അല്പ നേരം റോഡിലൂടെ അവരോടൊപ്പം സംസാരിച്ചുകൊണ്ടു പോകാനായി കാത്തു നിൽക്കാം എന്നു ഞാൻ കരുതി." അതൊരു നല്ല കാര്യമാകുന്നെന്നു നിങ്ങൾക്കറിയാമല്ലോ, നിങ്ങൾ ഒരല്പം കാത്തു നിൽക്കുന്നു. എന്നിട്ട് പറഞ്ഞു, "ഞാൻ മലയുടെ മുകളിലേയ്ക്ക് കയറിക്കൊണ്ടിരിക്കുമ്പോൾ," പറഞ്ഞു, "ഞാൻ മുകളിലെത്താറായി. ഒരു മനുഷ്യൻ മലയുടെ മുകളിലേക്ക് വരികയായിരുന്നു," പറഞ്ഞു, "അദ്ദേഹത്തിന്റെ മുതുകിൽ ഒരു ഭാണ്ഡം ഉണ്ടായിരുന്നു, അത് ആ മനുഷ്യനെക്കാൾ വലുതായിരുന്നു." പിന്നെ പറഞ്ഞു, "മുകളിലേയ്ക്ക് കയറാൻ ശ്രമിച്ചുകൊണ്ട്, വളരെ ചെറിയ ചുവടു വെയ്ക്കുകയും, അയാൾ ഇങ്ങനെ വീർപ്പുമുട്ടുകയും ഊതുകയും ചെയ്യുന്നുണ്ടായിരുന്നു." അപ്പോൾ ഞാൻ പറഞ്ഞു, "കൂട്ടാളി, ഈ ചുമട് മലയുടെ മുകളിലേയ്ക്ക് കൊണ്ടുപോകാൻ ഞാൻ താങ്കളെ സഹായിക്കട്ടെ? അയാൾ പറഞ്ഞു, 'വേണ്ട, എനിക്ക് ഇതു ചുമക്കേണ്ടതുണ്ട്.'" പറഞ്ഞു, "ഞാൻ അവന്റെ കൈകളിലേയ്ക്ക് നോക്കി," പറഞ്ഞു, "അപ്പോൾ തന്നെ അതൊരു ദർശനമായിരുന്നു എന്നു ഞാൻ അറിഞ്ഞു. അവന്റെ കൈകളിൽ അവന്റെ മുറിപ്പാടുകളുണ്ടായിരുന്നു." പറഞ്ഞു, "ഞാൻ നിലത്തു വീണുകൊണ്ട്, ഞാൻ ചോദിച്ചു, 'കർത്താവേ, ആ കെട്ടിനുള്ളിൽ നീ ലോകത്തിന്റെ പാപങ്ങളെയാണോ ചുമക്കുന്നത്?' അവൻ പറഞ്ഞു, 'അല്ല, ഞാൻ നിന്റേതിനെയാണ് ചുമക്കുന്നത്. നീ ഈ

മലയുടെ മുകളിലെത്തി, എഴുന്നേറ്റു നിൽക്കാനായിട്ടാണ് ഞാൻ ഇതു ചെയ്യുന്നത്.'"

107 ആ വിധത്തിലാണ് അതു. നാം ചുറ്റിമായി ഒന്നു നോക്കുമെങ്കിൽ, അവൻ നമ്മുടേതിനെ ചുമക്കുന്നതായി നമുക്ക് കാണാം. നിങ്ങൾക്ക് തന്നെ നിങ്ങൾ ചെറുതായി തോന്നുന്നില്ലേ? നമ്മുടേത് പാതകവും, ക്രൂര ഹൃദയവും ആയ, കാരണത്താൽ നമുക്ക് അത് കാണാൻ കഴിയുന്നില്ല!

108 കുറച്ചു നാളുകൾക്കു മുമ്പ് ഞാൻ ഇവിടെ വേട്ടയാടുകയായിരുന്നു. ഞാൻ വേട്ടയാടുന്നത് ഇഷ്ടപ്പെടുന്നു, എന്നു നിങ്ങൾക്ക് അറിയാം. അവിടെ ആ ദേശത്ത് ഒരു ദുഷ്ടവ്യക്തിയുണ്ടായിരുന്നു, അവൻ ഒരു ധാർമ്മികൻ അല്ലായിരുന്നു. ഞാൻ ഇളമാൻ കുട്ടികളെ വേട്ടയാടാത്തതിൽ അവൻ എന്നെ കളിയാക്കുകയും പരിഹസിക്കുകയും ചെയ്യുമായിരുന്നു. "അതൊരു ഹീനമായ പ്രവൃത്തിയെന്നാണ്," ഞാൻ അതിനെ പറയുന്നത്. ഞാൻ പറയും, "പ്രായമേറിയതും മരിക്കാൻ പോകുന്നതുമായ മുട്ടനാട്ടുകളെയും മറ്റും വേട്ടയാടിക്കൊണ്ട് നീ ഒരു നല്ല വേട്ടക്കാരനാണെന്നു കാണിക്കാത്തത് എന്താണ്? അവയെയാണ് ദൈവം നമുക്ക് നൽകിയിട്ടുള്ളത്. ചെറുതിനെയും അതിന്റെ അമ്മയേയും മറ്റുമല്ലാതെ..."

109 അവൻ പറഞ്ഞു, "ഹാ, നീ ഒരു ഭീരുവായ, പ്രാസംഗി!" എന്നോട് അങ്ങനെ പറഞ്ഞു കൊണ്ടിരുന്നു.

110 ഞാൻ പറഞ്ഞു, "ഇപ്പോൾ, നോക്കു, എനിക്ക് വിശന്നിട്ട്, ആ ഇളമാൻ കുട്ടികളിൽ ഒന്ന് ആവശ്യമുണ്ടായാൽ, അതിനെ എടുക്കാൻ ദൈവം എന്നെ സഹായിക്കും എന്നും ഞാൻ വിശ്വസിക്കുന്നു. എന്നാൽ അതിനെ വെടിവെച്ചിട്ട് മിടുക്കനാണെന്നു കാണിക്കാൻ വേണ്ടി ചെയ്യില്ല," അതെ, അവൻ ഒരു വണ്ടി നിറച്ചെടുത്തു. അവൻ ഒരു പ്രത്യേക തരത്തിലുള്ള വിസിലു കൊണ്ട്, ആ വിസിൽ ഊതുമ്പോൾ അത് കൃത്യമായും ഒരു ഇളമാൻ കുട്ടി വിളിക്കും പോലെ തന്നെ ശബ്ദമുണ്ടാക്കും, അതിനാൽ അവൻ ശബ്ദമുണ്ടാക്കിയിരുന്നു. ഒരുദിവസം ഞങ്ങൾ രണ്ടുപേരും ഒരുമിച്ച് ഒരു കുറ്റിക്കാട്ടിലായിരുന്നു. ഞാൻ, അവനിൽ ലജ്ജിച്ചിട്ട്, ഞാൻ പറഞ്ഞു, "ഞാൻ നിന്നിൽ ലജ്ജിക്കുന്നു." കഴിയുമെങ്കിൽ, ഒരു തവണ തന്നെ, എട്ടോ പത്തോ ഇളമാൻ കുട്ടികളെ കൊല്ലാനും, മറ്റെന്തു ചെയ്യാനും കഴിഞ്ഞിട്ട്, അത്രയേറെ മിടുക്കനാണെന്നു കാണിക്കുകയും മറ്റും ചെയ്യുമായിരുന്നു, അതിനുശേഷം അവയിൽ ഒന്നിന്റെ പിൻകാലിൽ നിന്നും ഒരു ചെറിയ കഷ്ണം മുറിച്ചെടുത്തിട്ട് ബാക്കിയുള്ളതെല്ലാം അവിടെ ഉപേക്ഷിച്ചുകളയും. ഞാൻ പറയും, "നീ അതു ചെയ്യാൻ പാടില്ല."

"ഹാ," പറയും, "പ്രാസംഗികന്മാരായ നിങ്ങളെല്ലാം ഭീരുക്കളാകുന്നു."

111 ഒരു ദിവസം അവൻ കുറ്റിച്ചെടികളിൽ മറഞ്ഞിരുന്നു കൊണ്ട്, അവൻ ഈ വിസിൽ കയ്യിലെടുത്ത് ഉച്ചത്തിൽ ശബ്ദമുണ്ടാക്കി, അതൊരു ചെറിയ ഇളമാൻ കുട്ടി വിളിക്കുംമ്പോലെ ആയിരുന്നു. അവൻ അതു ചെയ്തപ്പോൾ തന്നെ, ഒരു മനോഹരിയായ പേടമാൻ അവളുടെ തല പുറത്തേയ്ക്കിട്ടു, ബലമായി ചവിട്ടിക്കൊണ്ട് പുറത്തേയ്ക്ക് വന്നു. അവളുടെ തവിട്ടു നിറത്തിലുള്ള കണ്ണുകളാൽ നോക്കുന്നത് നിങ്ങൾക്ക് കാണാൻ സാധിക്കുമായിരുന്നു. അവൾ പേടിച്ച് വിറച്ചിരുന്നു. അവൾ ചുറ്റിനും നോക്കുന്നുണ്ടായിരുന്നു. വെട്ടക്കാരൻ നിലത്തു നിന്നും എഴുന്നേറ്റ്, ആ പേടമാനിനെ വെടിവെയ്ക്കാനായി അവന്റെ തോക്കിന് കാഞ്ചി വലിക്കാൻ പോകുന്നുണ്ടായിരുന്നു. എന്നാൽ എന്തു സംഭവിച്ചെന്നു നിങ്ങൾക്കറിയാമോ, ആ ചെറിയ മാൻകുട്ടിയുടെ നിലവിളി കേട്ടപ്പോൾ, അവൾ ആ തോക്ക് ശ്രദ്ധിച്ചില്ല. അവൾ ആ കുഞ്ഞിനായി തിരയുകയായിരുന്നു; അത് കഷ്ടത്തിലായിരിക്കുന്നു. അത് അമ്മയുടെ സ്നേഹത്തെ, അത് വാസ്തവമായ മാതൃത്വത്തെ പ്രദർശിപ്പിച്ചിരുന്നു, എന്നു നിങ്ങൾക്കറിയാം, മരണം എത്തിയിട്ടും, അവൾ തോക്കിനെ അതിന്റെ മുമ്പിൽ വെച്ചു തന്നെ, മരിക്കാനായി, അവൾ ആ തോക്കിന്റെ വായിലേയ്ക്ക് തന്നെ നോക്കിയിരുന്നു. അത് എന്താണെന്നു നിങ്ങൾക്കറിയാമോ, ആ പ്രദർശനം അത്രയേറെ മഹത്തരമായിട്ട്, അത് അവന്റെ അടുക്കലേയ്ക്ക് പോയി, അവൻ തന്റെ തോക്കിനെ നിലത്തെറിഞ്ഞു! അവൻ എന്റെ പിൻവശത്തുകൂടി ഓടി വന്ന് അവന്റെ കൈകൊണ്ട് എന്നെ ചുറ്റിപ്പിണഞ്ഞിട്ട്, അവൻ പറഞ്ഞു, "ബില്ലി, എനിക്കുവേണ്ടി പ്രാർത്ഥിക്കു, എനിക്ക് ഇത് മതിയായിരിക്കുന്നു!" അവൻ ആ അമ്മയുടെ ധീരത കണ്ടപ്പോൾ!

112 ഓ, ദൈവ സ്നേഹത്തിന്റെ പ്രദർശനം ലോകം കണ്ടപ്പോഴും, നമ്മുടെ ഹൃദയത്തിലുള്ള ധീരത, അതെന്തൊരു വ്യത്യാസമുള്ളതായിരിക്കും. ദൈവത്തിന്റെ പ്രാവ് നമ്മുടെ ഹൃദയത്തിലേയ്ക്ക് വന്ന് നമ്മെ സൌമ്യനാക്കാനും, നമ്മെ വിനയമുള്ളവരുമാക്കാനും നാം അനുവദിച്ചു.

113 അവിടെ ആ കുറ്റിച്ചെടികളുടെ ചുവട്ടിലായി, ഞാൻ ആ പയ്യനുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു, ഞാൻ അവനെ കർത്താവായ യേശുവിലേയ്ക്ക് നയിച്ചു. അന്നുമുതൽ, അവൻ ഒരു നല്ലവനും, ശുദ്ധനുമായ വേട്ടക്കാരനായി തീർന്നു.

114 തീർച്ചയായും, അവന് ഒരു അവകാശമുണ്ടെന്നു അവൻ വിചാരിച്ചു, അവൻ ചെയ്യാൻ ആഗ്രഹിച്ചതെന്തും അവന് ചെയ്യാമായിരുന്നു. “അവയെല്ലാം എന്റെ സ്ഥലത്താകുന്നു, അവർ ആഗ്രഹിക്കുന്നെങ്കിൽ അവർക്ക് എന്റെ പയറു വർഗ്ഗത്തിൽപ്പെട്ട ഒരുതരം കാലിത്തീറ്റച്ചെടി തിന്നാം.”

115 ഞാൻ പറഞ്ഞു, “അത് ശരിയാണ്, എന്നാൽ അത് ചെയ്യുന്നത് മാനുഷികമല്ല.” നിങ്ങളുടെ അവകാശങ്ങളെ നിങ്ങൾ മറക്കേണ്ടതുണ്ട്. ഓ ദൈവത്തിന്റെ, കൃപയുണ്ടായാൽ, നാം അതു ചെയ്യും.

116 ഇവിടെ കുറച്ചു നാൾ മുമ്പ്, ഓ, ഏകദേശം നൂറു വർഷത്തിനുള്ളിലാകും, അമേരിക്കയുടെ കിഴക്കു പടിഞ്ഞാറായി ഒരു മഹാൻ ക്രിസ്ത്യാനി ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ പേര് ദാനീയേൽ കറി എന്നാകുന്നു, ഒരു അതിശയോക്തൻ, ഒരു ദൈവ മനുഷ്യൻ, ഒരു വിശുദ്ധ മനുഷ്യൻ, അങ്ങനെയും മറ്റുമുള്ള ഒരു ആശ്ചര്യജനകനായ മനുഷ്യനായിരുന്നു. കഥ അങ്ങനെ തുടരുന്നു, അവൻ മരിക്കുകയോ പൊടുന്നനെ ബോധം കെടുകയോ ചെയ്തിട്ട്, അദ്ദേഹം പറയുകയാണ്...അദ്ദേഹം സ്വർഗ്ഗത്തിലേയ്ക്ക് പോയി, തീർച്ചയായും, മരിച്ചിരിക്കണം. അദ്ദേഹം ആ മുത്തുമയമായ പടിവാതിലുക്കൽ എത്തിയപ്പോൾ, അതിന്റെ സൂക്ഷിപ്പുകാരൻ വാതിലിന്റെ അടുക്കലേയ്ക്ക് വന്നു, ചോദിച്ചു, “താങ്കൾ ആരാ?”

117 അദ്ദേഹം പറഞ്ഞു, “ഞാൻ സുവിശേഷകനാകുന്നു, ഡാനിയേൽ കറി, ഞാൻ ക്രിസ്തുവിനായി ആയിരക്കണക്കിനു ആത്മാക്കളെ നേടിയിട്ടുണ്ട്. മാത്രമല്ല ഞാൻ...ഞാൻ ഇന്നു രാവിലെ നേരം വരാൻ ആഗ്രഹിച്ചു. ഭൂമിയിലെ എന്റെ ജീവിതം അവസാനിച്ചിരിക്കുന്നു, ഇപ്പോൾ എനിക്ക് പോകാൻ മറ്റൊരിടവുമില്ല.”

118 പാപിയെ, ഏതെങ്കിലും പ്രഭാതത്തിൽ അതേ വിധത്തിൽ തന്നെയാണ് അത് നിന്റെ അടുക്കൽ വരാൻ പോകുന്നത്. പിന്മാറ്റക്കാരാ, അതേ വിധത്തിൽ തന്നെ അത് നിന്റെ അടുക്കൽ വരാൻ പോകുന്നു. സൌമ്യനും ഒരിക്കലും സമർപ്പിച്ചു കൊടുക്കാത്തവനുമായി, പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചു കളയുന്ന ഓരോരുത്തരുടെ അടുത്തേയ്ക്കും വരുന്നത് ആ വിധത്തിലാകുന്നു. നിങ്ങൾ കരഞ്ഞിട്ട് വളരെ വർഷങ്ങളായി. നിങ്ങളുടെ മുഖത്തു വിഷാദമുണ്ടായത്, എപ്പോഴാണെന്നു എനിക്കറിയില്ല. സകല താഴ്മയും നിങ്ങളിൽ നിന്നും പോയ്ക്കഴിഞ്ഞിരിക്കുന്നു. തീർച്ച. എന്നാൽ ഈ വരും ദിവസങ്ങളിലൊന്നിൽ നിങ്ങളുടെ വാതില്ക്കലിൽ അതു വരാൻ പോകുന്നു. സൌമ്യനായ പരിശുദ്ധാത്മാവ് കടന്നു വന്നു മുട്ടുമ്പോൾ, അവൻ കടന്നു വരാനായി നിങ്ങൾ അനുവദിക്കാത്തത് എന്താണ്?

119 അങ്ങനെ ദാനീയേൽ കറി അവിടെ—അവിടെ—അവിടെ പടിവാതില്ക്കൽ വരെ വന്നു, അവർ അകത്ത് കടന്നു, പറഞ്ഞു, "അതെ, താങ്കളുടെ പേര് ഇവിടെ ഉണ്ടോ എന്നു നോക്കട്ടെ." അവർ എല്ലായിടത്തും പരിശോധിച്ചു, അവിടെ എവിടെയും ആ പേര് കാണാൻ സാധിച്ചില്ല. പറഞ്ഞു, "ഇല്ല, ഇവിടെ ദാനീയേൽ കറി എന്ന ഒരു പേരില്ല."

120 "ഓ," അവൻ പറഞ്ഞു, "തീർച്ചയായും!" പറഞ്ഞു, "ഞാൻ ഒരു സുവിശേഷകനാകുന്നു." അവൻ പറഞ്ഞു, "ഞാൻ ക്രിസ്തുവിനായി ആത്മാക്കൾ നേടിയിട്ടുണ്ട്." പറഞ്ഞു, "ഞാൻ ശരിയായ കാര്യങ്ങളെ ചെയ്യാൻ ശ്രമിച്ചിരുന്നു."

121 സൂക്ഷിപ്പുകാരൻ പറഞ്ഞു, "സർ, എനിക്ക് നിങ്ങളോട്ടു ഇതു പറയാൻ വിഷമമുണ്ട്, ഇവിടെ ദാനീയേൽ കറി എന്ന ഒന്നില്ല." പറഞ്ഞു, "താങ്കൾ എന്തു ചെയ്യണമെന്നു ഞാൻ താങ്കളോട്ടു പറയാം." പറഞ്ഞു, "നിങ്ങളുടെ കേസിനെ കൈകാര്യം ചെയ്യാൻ ഇവിടെ ഞങ്ങൾക്ക് അധികാരമില്ല." അവൻ പറഞ്ഞു, "നിങ്ങളുടെ കേസിനെ നിങ്ങൾ അപ്പീൽ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ? നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങൾക്ക് അതിനെ വെള്ള ന്യായസിംഹാസനത്തിങ്കൽ അപ്പീൽ ചെയ്യാം." പറഞ്ഞു എന്നാൽ, "ഒരിക്കലും, താങ്കൾക്ക് ഇവിടെ നിന്നും ഒരു ദയയും ലഭിക്കില്ല, കാരണം ഇവിടെ ഞങ്ങളുടെ പക്കൽ നിങ്ങളുടെ പേരില്ല." ചോദിച്ചു, "നിങ്ങളുടെ കേസിനുമേൽ നിങ്ങൾ അപ്പീൽ ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടോ?"

അദ്ദേഹം പറഞ്ഞു, "സർ, എന്റെ കേസ് അപ്പീൽ ചെയ്യാനല്ലാതെ എന്നെക്കൊണ്ട് മറ്റെന്തു ചെയ്യാനാകും?"

122 അവൻ പറഞ്ഞു, "കൊള്ളാം, എന്നാൽ, നിങ്ങളുടെ കേസുമായി വെള്ള ന്യായസിംഹാസനത്തിലേയ്ക്ക് പോയി, അവിടെ നിങ്ങളുടെ കേസിനെ നിങ്ങൾക്ക് അപ്പീൽ ചെയ്യാനാകും."

123 ഏകദേശം അര മണിക്കൂറോളം യാത്ര ചെയ്യുന്ന ദൂരം സ്വയം അദ്ദേഹം പോയെന്നു ദാനീയേൽ കറി പറഞ്ഞു. പ്രകാശം കൂടി, കൂടി, കൂടി, കൂടി വരുന്ന ഒരിടത്തേയ്ക്ക് അദ്ദേഹം വന്നു എന്നു പറഞ്ഞു. അദ്ദേഹം മുന്നിലേയ്ക്ക് പോകുന്തോറും, പ്രകാശം കൂടിക്കൊണ്ടിരുന്നു, എന്നു പറഞ്ഞു. അത് സൂര്യൻ പ്രകാശിച്ചിട്ടുള്ളതിലും നൂറു കണക്കിനു, ആയിരക്കണക്കിനു മേലായിരുന്നു. അവൻ വിറയ്ക്കുകയും, ഭയന്നു വിറയ്ക്കുകയും ചെയ്യുന്നുണ്ടായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. പറഞ്ഞു, അദ്ദേഹം ആ പ്രകാശത്തിന്റെ നടുവിലെത്തിയപ്പോൾ, ഒരു ശബ്ദം ഇങ്ങനെ ചോദിക്കുന്നത് അദ്ദേഹം കേട്ടു, "നീ ഭൂമിയിൽ

കുറ്റമറ്റവനായിരുന്നോ?" ഒരു—ഒരു പ്രകാശത്തിൽ നിന്നും ഇങ്ങനെ ചോദിക്കപ്പെട്ടു.

അദ്ദേഹം പറഞ്ഞു, "ഇല്ല, ഞാൻ കുറ്റമറ്റവനായിരുന്നില്ല," വിറയ്ക്കുകയായിരുന്നു.

ചോദിച്ചു, "നീ എല്ലാവരോടും എല്ലായ്പ്പോഴും വിശ്വസ്തതയോടെ പെരുമാറിയിട്ടുണ്ടോ?"

124 പറഞ്ഞു, "ഇല്ല." (പറഞ്ഞു, "ചില കാര്യങ്ങൾ വിശ്വസ്തതയോടെ അല്ല ചെയ്തിരുന്നതു എന്നു എന്റെ മനസ്സിൽ വന്നു." പറഞ്ഞു, "ഇല്ല, ഞാൻ—ഞാൻ—ഞാൻ കുറ്റമറ്റവനായിരുന്നില്ല."

ചോദിച്ചു, "നിന്റെ ജീവിതത്തിലെ ഓരോ സംഗതിയിലും, നിനക്കു സത്യം പറയാൻ സാധിച്ചിട്ടുണ്ടോ?"

125 പറഞ്ഞു, "ഇല്ല, സത്യസന്ധമാണോ എന്നു സംശയമുള്ള... സംശയമുണ്ടായിരുന്ന ചിലതിനെയും കൂടെ ഞാൻ പറഞ്ഞിരുന്നു എന്നെന്റെ ഓർമ്മയിൽ വന്നു. വളരെ കൃത്യമായും സത്യം എങ്ങനെയാണോ പറയേണ്ടത് അപ്രകാരം ഞാൻ—ഞാൻ—ഞാൻ—ഞാൻ പറഞ്ഞിട്ടില്ല."

126 പറഞ്ഞു, "അപ്പോൾ, പണമോ, മറ്റെന്തെങ്കിലുമോ, നിന്റേതല്ലാത്തതിനെ, നിന്റേതെന്നു നിനക്ക് അവകാശപ്പെടാൻ കഴിയാത്ത എന്തെങ്കിലും നീ എടുത്തിട്ടുണ്ടോ?"

127 പറഞ്ഞു ഭൂമിയിലായിരുന്നപ്പോൾ അവൻ ഏറ്റവും നല്ലവനാണ് എന്നാണ് അവൻ കരുതിയിരുന്നത്, എന്നാൽ അവൻ കുറ്റം വിധിക്കപ്പെട്ടിരിക്കുന്നു. പറഞ്ഞു, "ഇല്ല, ഇല്ല, എന്റേതല്ലാത്തതിനെയും ഞാൻ എടുത്തിട്ടുണ്ട്."

അവൻ പറഞ്ഞു, "അപ്പോൾ നീ കുറ്റമറ്റവനല്ല." "ഇല്ല, ഞാൻ കുറ്റമറ്റവനായിരുന്നില്ല," എന്നവൻ പറഞ്ഞു.

128 ആ പ്രാവ് വിശ്രമിച്ചിരുന്ന മഹത്തായ പ്രകാശത്തിൽ നിന്നും "കുറ്റം ചുമത്തപ്പെട്ടിരിക്കുന്നു!" എന്ന പൊട്ടിത്തെറി ഏതു നിമിഷത്തിലും ഉണ്ടാകാം എന്നവൻ നോക്കിക്കൊണ്ടിരുന്നു. പറഞ്ഞു, അപ്പോൾ തന്നെ അവന്റെ പിന്നിൽ ഒരു ശബ്ദം അവൻ കേട്ടു, അത് അവൻ ഏതെങ്കിലും ഒരമ്മയിൽ നിന്നും എപ്പോഴെങ്കിലും കേട്ടിട്ടുള്ളതിലും വെച്ച് മാധുര്യമേറിയതായിരുന്നു. തിരിഞ്ഞു നോക്കാനായി തിരിഞ്ഞെന്നു അവൻ പറഞ്ഞു. അവൻ എപ്പോഴെങ്കിലും കണ്ടിട്ടുള്ളതിലും വെച്ചു ഏറ്റവും മാധുര്യമുള്ള മുഖം, ഏതൊരു അമ്മയെക്കാളും മാധുര്യമുള്ളത്, അവന്റെ മുന്നിൽ നിൽക്കുന്നു. പറഞ്ഞു അവൻ പറഞ്ഞു, "പിതാവേ, താഴെ ഭൂമിയിൽ ദാനീയേൽ കറി എനിക്കായി നിന്നു. അവൻ

കുറ്റമറ്റവനായിരുന്നില്ല, എന്നത് സത്യം തന്നെ, എന്നാൽ അവൻ എനിക്കായി നിന്നു. അവൻ എനിക്കായി ഭൂമിയിൽ നിന്നിരുന്നു, ഇപ്പോൾ ഞാൻ അവനായി സ്വർഗ്ഗത്തിൽ നിൽക്കുന്നു. അവന്റെ എല്ലാ പാപങ്ങളെയും എടുത്ത്, അവയെ എന്റെ കണക്കിൽ കൂട്ടിക്കൊള്ളേണമെ."

129 ഇന്നു നിങ്ങളിൽ നിന്നും അവനെ ദുഃഖിപ്പിച്ച് ഓടിച്ചാൽ, ആ ദിവസം ആരാണ് നിങ്ങൾക്കായി നിൽക്കാൻ പോകുന്നത്, സഹോദരാ? ഇനിയും കൂടുതലായി എനിക്ക് പ്രസംഗിക്കാൻ കഴിയില്ല. നമുക്ക് നമ്മുടെ തലകളെ വണക്കാം.

130 പ്രിയ ദൈവമേ, സൌമ്യനും, വിനയനും, വിനീതനും, മരിക്കുന്നവനുമായ പ്രിയ കുഞ്ഞാടേ. പക്ഷികൾക്കു കൂടുണ്ട്, കുറുനരികൾക്കു മാളങ്ങളുണ്ട്, മഹത്വത്തിന്റെ കർത്താവായിരുന്നിട്ടും! നിനക്ക് ഒരു ഇടവുമില്ലായിരുന്നു. നീ പിറന്നപ്പോൾ, നിന്റെ മേൽ ഇടാൻ അവർക്ക് ഒരു വസ്ത്രം ഉണ്ടായിരുന്നില്ല. ഓ ദൈവമേ, അപ്പോൾ എന്റെ വസ്ത്രങ്ങൾ എന്തു ഉപയോഗം ചെയ്യും? എന്റെ കാറ് എനിക്ക് എന്തു ഉപയോഗം ചെയ്യും? എനിക്കുള്ള ആ മനോഹര ഭവനം എനിക്ക് എന്തു ഉപകാരം ചെയ്യും? ആ ദിവസത്തിലേയ്ക്ക് കടന്നു പോകുന്നതിലേയ്ക്ക് അതെനിക്ക് എന്തു പ്രയോജനം ചെയ്യും? നിങ്ങൾ സുഹൃത്തുക്കൾ ഇല്ലാത്തവരായിരുന്നു: നിങ്ങളെ കൂട്ടുപിടിക്കാൻ ആരും ആഗ്രഹിച്ചിരുന്നില്ല. ഒരു സഹായഹസ്തം തരാൻ ആരെയും നിങ്ങൾക്കു കാണാൻ കഴിഞ്ഞില്ല. "എനിക്ക് വിശന്നു, നിങ്ങൾ എനിക്ക് ഭക്ഷണം തന്നില്ല. ഞാൻ നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല," എന്നു ആ ദിവസം നീ പറയുമെന്ന്, നീ പറഞ്ഞിരുന്നു. കർത്താവേ, ആ ദിവസത്തിൽ ഏതെല്ലാം കാര്യങ്ങളാണ് ഞങ്ങൾക്ക് ശരിയായിട്ടുണ്ടായിരിക്കാൻ പോകുന്നത്? ഞങ്ങൾ നിനക്കായി നിൽക്കട്ടെ, അങ്ങനെയായിട്ട്, ഞങ്ങൾ സർവ്വശക്തനും, സർവ്വവ്യാപിയും, സർവ്വ...ദൈവത്തിന്റെ മുന്നിൽ, മുന്നിലേയ്ക്ക് നടന്നു ചെല്ലാനുള്ള സമയമാകുമ്പോൾ, ആ മഹത്തായ പ്രാകാശത്തിന്റെ പിന്നിലായിട്ട് ഇരിന്നിരുന്ന ആ പ്രാവ്, അത് മുഴുവൻ നിത്യതയിലൂടെ മിന്നിക്കൊണ്ട്, പറയുന്നതു കേൾക്കാൻ ഇടയാകട്ടെ. നീ ആ പ്രകാശത്തിൽ, വസിക്കുമ്പോൾ!

131 "എനിക്ക് അവിടെ സ്വയം നില്ക്കേണ്ടിവരുമ്പോൾ, എന്റെ സഹോദരന്മാർ കടന്നുപോയി, എന്റെ പാസ്റ്റർ കടന്നുപോയി, എന്റെ അമ്മ കടന്നുപോയി, എന്റെ ഡാഡി കടന്നുപോയി, എന്റെ ഭാര്യ കടന്നുപോയി, എന്റെ കുട്ടികൾ കടന്നുപോയിരിക്കുന്നു, ഓ ദൈവമേ, അപ്പോൾ ഞാൻ എന്താണ് ചെയ്യാൻ പോകുന്നത്, കർത്താവേ? അപ്പോൾ ഞാൻ എന്തു ചെയ്യാൻ പോകുന്നത്?

അത് ഒരുപക്ഷേ ഇന്നു രാത്രിയിലെ സൂര്യാസ്ഥമനത്തിനു മുമ്പാകാം. എന്നാൽ ഞാൻ എന്താണ് ചെയ്യാൻ പോകുന്നത്? എനിക്ക് എന്തു ചെയ്യാനാകും? ഓ ക്രിസ്തുവേ, ഞാൻ ഇപ്പോൾ നിനക്കായി നിൽക്കുന്നു! ഇന്നു ഞാൻ എന്റെ തിരഞ്ഞെടുപ്പ് നടത്തും. മറ്റുള്ളവരെക്കുറിച്ചുള്ള സകല സംസാരങ്ങളും ഞാൻ വേണ്ടെന്നുവെയ്ക്കും. ഞാൻ എന്റെ മനോഭാവത്തെ മറന്നുകളയും. എന്നിലെ എല്ലാ അഭിപ്രായത്തെയും ഞാൻ ഉപേക്ഷിച്ചുകളയും. ഞാൻ സകലത്തെയും വേണ്ടെന്നുവെയ്ക്കും. കർത്താവേ, എന്നിലുള്ള എല്ലാറ്റിനെയും, കത്രിച്ചെടുക്കേണമെ. നീ എന്നെ എടുക്കു കർത്താവെ. ഞാൻ—ഞാൻ—ഞാൻ നിന്റെ സ്ഥാനത്ത് നിൽക്കാൻ ആഗ്രഹിക്കുന്നു. ഞാൻ കത്രിക്കപ്പെടാൻ ആഗ്രഹിക്കുന്നു. എന്റെ എല്ലാ സ്വസ്നേഹത്തെയും, സകല അഹങ്കാരത്തെയും, എല്ലാ മനോഭാവങ്ങളെയും, എന്നിലുള്ള എല്ലാത്തിനെയും എടുത്തു മാറ്റേണമെ. സുഖജീവിതം എന്ന് അവർ വിളിക്കുന്ന എല്ലാ ആനന്ദങ്ങളെയും ഞാൻ വിട്ടുകളയാൻ ഇഷ്ടപ്പെടുന്നു, അങ്ങനെ ഒരു മുടി കത്രിയ്ക്കപ്പെട്ട ചെമ്മരിയാടിനെപ്പോലെ, ഞാൻ നിനക്കായി നില്ക്കാൻ ആഗ്രഹിക്കുന്നു, എല്ലാ തരത്തിലെ ഡാൻസും, എല്ലാ പാർട്ടികളും, ലോകത്തിലെ സകല മോശമായ വസ്തുങ്ങളും, മേക്കപ്പും, ലിപ്സ്റ്റിക്കും, വിരലിൽ പുരട്ടുന്ന പോളിഷും, ലോകത്തെപ്പോലെ കാണുന്ന സകല മനോഭാവങ്ങളെയും തന്നെ. 'ലോകത്തെപ്പോലെ പെരുമാറുകപോലും ചെയ്യരുതെന്നു നീ പറഞ്ഞിരിക്കുന്നു. ലോകവുമായി ഇടപഴകുകപോലും അരുത്. അവരുടെ ഇടയിൽ നിന്നും പുറപ്പെട്ടു വരിക! ഓ, ദൈവമേ! എന്നെ സഹായിക്കേണമെ, കർത്താവെ. ഇന്ന് എന്നെ കത്രിക്കേണമെ. എന്നെ ഒരു ചെമ്മരിയാടുപോലെ എടുത്ത്, ഒരു ഊമനായി, എന്റെ വായ് തുറക്കാതെ, അതിനെക്കുറിച്ച് ഒന്നും പറയാതെ, കത്രിക്കപ്പെടാനായി, ഇവിടെ നിൽക്കുന്നു."

132 ഓ ദൈവമേ, എന്തൊരു വ്യത്യാസമാണ് അതുളവാക്കുന്നത്! നീ ഒരിക്കൽ എന്റെ ഭാര്യയെ, എന്റെ കുഞ്ഞിനെ, എന്റെ ഡാഡിയെ, എന്റെ അനുജനെ, ഇവരെയെല്ലാം എടുത്തുകൊണ്ട് എന്നെ കത്രിച്ചത് ഞാൻ ഓർക്കുന്നു. നീ എന്നെ നന്നായി ക്ഷൌരം ചെയ്തു. എന്നിട്ടും, എന്റെ ഹൃദയത്തിൽ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നറിഞ്ഞിരുന്നു. നീ എന്നെ എങ്ങനെയാണ് അനുഗ്രഹിച്ചിരിക്കുന്നത്! നീ എത്ര നല്ലവനായിരുന്നു! എന്നിലുള്ള സകലതും, എനിക്ക് ആകാനായിരുന്ന സകലതും, ഞാൻ ആയിരിക്കുവാൻ പോകുന്ന സകലതും; അതു നീയാണ്, ദൈവമേ, അത് നീയാകുന്നു. ഞാൻ എന്റെ തെറ്റുകളെ ഏറ്റുപറയുന്നു. ചിന്തിച്ചു പോയതും ചെയ്തുപോയിട്ടുള്ളതായ സകലത്തെയും ഞാൻ ഏറ്റുപറയുന്നു. കർത്താവെ, എന്നെ ഇപ്പോൾ

തന്നെ കത്രിച്ചാലും, ഞാൻ നിന്റെ ചെമ്മരിയാടാകാൻ ആഗ്രഹിക്കുന്നു.

133 അതു മാത്രമല്ല, കർത്താവെ, ഇന്നു രാവിലെ ഇവിടെ ആയിരിക്കുന്ന ഓരോരുത്തരെയും, ഓരോ ആടിനെയും, ആട് ആയിത്തീരാൻ ആഗ്രഹിക്കുന്ന ഏവരെയും, ഇന്നു രാവിലെ നേരം, കർത്താവെ, അവരിൽ നിന്നും സകലതിനെയും കത്രിക്കേണമെ. അവരുടെ ചെറിയ കാലുകളെ സുവിശേഷത്തിന്റെ ആമത്തിനു ചുറ്റിനുമായി തളയ്ക്കേണമെ. അവർ ദൈവത്തിൽ നിന്നും ഉദാസീനരായിരിക്കുന്നു എന്നറിയാനായിട്ട്, ഓരോരുത്തരെയും പരിശുദ്ധാത്മാവ് മാനസാന്തരത്തിലേയ്ക്ക് നയിക്കാൻ ഇടയാകട്ടെ. അവരുടെ സകല ഉദാസീനതയും, മുഴുവൻ ലോകത്തെയും ലോകത്തിലുള്ള സകലത്തെയും അവൻ കത്രിച്ചു മാറ്റാൻ ഇടയാകട്ടെ. കർത്താവെ, ഇന്നു രാവിലെ നേരം, വീണ്ടും ജനിച്ച ക്രിസ്ത്യാനികളെപ്പോലെ, നിന്റെ മുന്നിൽ നിശ്ശബ്ദതയോടെ നിൽക്കാനായി, നീ തന്നെ കത്രിച്ചു മാറ്റേണമെ. ഇത് അനുവദിക്കേണം, കർത്താവെ.

134 ഞാൻ നിന്നെ സ്നേഹിക്കുന്നു. കാലാവസ്ഥ ചൂടായാലും, എനിക്ക് എന്ത് അനുഭവപ്പെട്ടാലും ഇല്ലെങ്കിലും, ഞാൻ പോകാൻ ആഗ്രഹിക്കുന്നു. ഞാൻ പോകാൻ ആഗ്രഹിക്കുന്നു. ഞാൻ നിനക്കായി നില്ക്കാൻ ആഗ്രഹിക്കുന്നു, എന്തെന്നാൽ എന്റെ കേസിനെ ആ ദിവസം നീ ഇങ്ങനെ പറഞ്ഞുകൊണ്ട് വാദിക്കും, "അതെ, അവൻ എനിക്കായി നിന്നു, ഇപ്പോൾ ഞാൻ അവനുവേണ്ടി നില്ക്കുന്നു." ഓ ദൈവമേ, ഇന്ന് ഇത് അനുവദിച്ചാലും.

135 ഓരോ തലയും കുമ്പിട്ടു നല്ക്കുമ്പോൾ, ഓരോ ഹൃദയവും കുമ്പിട്ടിരിക്കുന്നു. നിങ്ങൾ നിങ്ങളുടേതായ രീതിയിൽ ശ്രമിച്ചിരുന്നു എന്നു തിരിച്ചറിയാൻ സാധിച്ച ആരെങ്കിലും ഇന്നു രാവിലെ നേരം ഇവിടെ ഉണ്ടോ എന്നു ഞാൻ ആശ്ചര്യപ്പെടുന്നു. നിങ്ങൾ ചെയ്തുകൂടാത്ത ചില കാര്യങ്ങൾ നിങ്ങൾ ചെയ്തിട്ടുണ്ട്, നിങ്ങളെ കർത്താവ് തന്നെ കത്രിച്ചു മാറ്റി, "നിങ്ങളെ ഒരു യഥാർത്ഥ ചെമ്മരിയാടാക്കണം," എന്നു ഇന്നു രാവിലെ നേരം നിങ്ങൾക്കു അനുഭവപ്പെടുന്നെങ്കിൽ, നിങ്ങളുടെ കൈ ഉയർത്തുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ. ഇനിയും ആരെങ്കിലും പറയുന്നുണ്ടോ, "എന്നെ കത്രിക്കേണം, കർത്താവെ, ഞാൻ നില്ക്കുന്നു. ഞാൻ ഒരു ആടാകുന്നു. ഞാൻ എന്റെ വായ് പോലും തുറക്കുകയില്ല, എന്നിലുള്ള മുഴുവൻ ലോകത്തെയും നീ തന്നെ മുറിച്ചു മാറ്റാൻ ഞാൻ ആഗ്രഹിക്കുന്നു." ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ. ദൈവം നിങ്ങളെ

അനുഗ്രഹിക്കട്ടെ, മഹിളെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സണ്ണി കുട്ടി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരി. “എന്നെ കത്രിക്കേണം, കർത്താവെ.” സഹോദരി ഗ്രേറ്റി...[പീയാനോ വായിക്കുന്നു—Ed.] ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിള. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരി. “കർത്താവെ, എന്നെ ഇപ്പോൾ കത്രിക്കേണമെ. ഞാൻ—എനിക്ക് ലോകത്തിന്റെ സകല കാര്യങ്ങളും...ഇന്നു രാവിലെ നേരം ഞാൻ നിനക്കായി നില്ക്കാൻ ആഗ്രഹിക്കുന്നു. ഒരു കത്രിച്ച ആടിനെപ്പോലെ ഞാൻ നില്ക്കാൻ ആഗ്രഹിക്കുന്നു. ലോകത്തിന്റെ സകല കാര്യങ്ങളും എന്നിൽ നിന്നും മുറിച്ചു മാറ്റിക്കളയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിന്റേതും നീ എന്റേതും ആയിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ എന്റെ കൈ നിന്നിലേയ്ക്ക് ഉയർത്തുമ്പോൾ, നീ എന്നെ സ്വീകരിക്കുമോ, കർത്താവേ?” ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സർ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സർ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സർ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ, ഞാൻ നിങ്ങളുടേതിനെയും കാണുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, എന്റെ സഹോദരാ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, കുഞ്ഞു മഹിളെ. അതു കൊള്ളാം. പിന്നിലുള്ള അമ്മേ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരി. അതു കൊള്ളാം, വളരെ ആത്മാർത്ഥയോടെ ചെയ്യുക. “എന്നിൽ എന്റേതായ എന്തെങ്കിലും അനാസ്ഥകളോ, സ്വാർത്ഥമായ ഉദ്ദേശങ്ങളോ ഉണ്ടെങ്കിൽ അവന് ഇഷ്ടമില്ലാത്ത എന്തും എന്നിൽ നിന്നും ദൈവം എടുത്തു മാറ്റാനായി ഞാൻ അവനായി കാത്തു നില്ക്കുന്നു. ഇന്നു രാവിലെ നേരം, എല്ലാ വഴിയിൽ നിന്നും അവൻ എന്നെ കത്രിച്ചു മാറ്റാനായി ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അവനെപ്പോലെ ആകാൻ ആഗ്രഹിക്കുന്നു. അവയെല്ലാം ശരിയോ തെറ്റോ എന്നു ഞാൻ കാര്യമാക്കുന്നില്ല; എനിക്കതിനുള്ള ഒരവകാശവുമില്ല. അവനിലേയ്ക്ക് വരിക, ആ ഒരേ ഒരവകാശമേയുള്ളൂ. ബാക്കിയെല്ലാം അവൻ നോക്കിക്കൊള്ളും.”

136 രക്ഷിക്കപ്പെടാതെയും, ഒരിക്കൽപ്പോലും ക്രിസ്തുവിനെ ഏറ്റു പറയാതെയും ഇരുന്നിട്ടുള്ള ഏതെങ്കിലും ഒരു പാപി ഇവിടെ ഉണ്ടായിട്ട്, ഇന്നു രാവിലെ ഈ പ്രാർത്ഥനയിൽ നിങ്ങളെയും കൂടെ ഓർമ്മിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളുടെ കൈ ഉയർത്തുമോ, പാപിയായ സ്നേഹിതാ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. മറ്റൊരാൾ കൈ ഉയർത്തി, “ബ്രദർ ബ്രൺഹാം, എന്നെയും

ഓർക്കേണം. ഞാൻ ഒരു ക്രിസ്ത്യാനിയല്ല. ഏതു സമയത്താണ് ഞാൻ ദൈവത്തെ സന്ധിക്കാനായി പോകേണ്ടതെന്നു എനിക്കറിയില്ല, എന്നു പറയുന്നോ. നിങ്ങൾ അവസാനിപ്പിക്കുമ്പോൾ ഒരു വാക്ക് പ്രാർത്ഥിച്ചു കൊണ്ട്, എന്നെയും—എന്നെയും കൂടെ ഓർക്കാൻ ഞാൻ ആഗ്രഹിക്കുന്നു." കൊള്ളാം, ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതിന് നിങ്ങൾ നിങ്ങളുടെ കൈ ഉയർത്തുമോ? അവൻ കാണുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, കുഞ്ഞു മഹളെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹളെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സർ. ഇനിയും ആരെങ്കിലും, "ഞാനും ആഗ്രഹിക്കുന്നു, ഞാൻ ആഗ്രഹിക്കുന്ന..."

137 പിന്മാറ്റക്കാരായി ഇവിടെ എത്രപേരുണ്ട്? "ഓ," നിങ്ങൾ പറയും, "ഞാൻ അതു അംഗീകരിക്കുന്നില്ല, ബ്രദർ ബ്രൺഹാം." എന്നാൽ, നോക്കു, ആ പ്രാവിന്റെ വിനയം നിങ്ങളിൽ നിന്നും പോയ്ക്കഴിഞ്ഞിരിക്കുന്നെങ്കിൽ, സഹോദരാ, അവിടെ എന്തോ തകരാറുണ്ട്. നിങ്ങൾക്ക് അന്യോന്യം താങ്ങാൻ കഴിയുന്നില്ലെങ്കിൽ എന്തോ തകരാറായിട്ടുണ്ട്. നിങ്ങളുടെ ഹൃദയാന്തരത്തിൽ നിന്നും നിങ്ങൾക്ക് ഓരോ വ്യക്തിയോടും ക്ഷമിക്കാൻ കഴിയുന്നില്ലെങ്കിൽ, അവർ എന്തു പറഞ്ഞാലും, എന്തു ചെയ്താലും ശരി, നിങ്ങൾക്ക് ആഴത്തിൽ നിന്നും മറക്കാൻ സാധിക്കുന്നില്ലെങ്കിൽ, യേശു പറഞ്ഞു, "നിങ്ങളുടെ ഹൃദയാന്തരത്തിൽ നിന്നും, ഓരോ മനുഷ്യന്റെയും അതിക്രമങ്ങളെ നിങ്ങൾക്ക് ക്ഷമിക്കാൻ സാധിച്ചില്ലെങ്കിൽ, നിങ്ങളുടെ പിതാവും നിങ്ങളോടു ക്ഷമിക്കുകയില്ല."

138 ഇപ്പോൾ, എന്താകും, ഈ ചൂടുള്ള കാലാവസ്ഥയിൽ, ഇന്നും ദൈവം നിങ്ങളെ വിളിച്ചാൽ എന്താകും? നീരുറവ തുറന്നിരിക്കുകയും, ഒരു സഭ തയ്യാറായിരിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് തിരികെ വന്ന് നിങ്ങളെ സൌമ്യവും സമാധാനവും ഉള്ളതാക്കി തീർക്കാനായി, പരിശുദ്ധാത്മാവ് ഈ കെട്ടിന്റെ അറ്റത്തെ ത്രികോണാകൃതിയുള്ള മുഖപ്പിലായിലിട്ടിരിക്കുന്നു. "ഞാൻ എന്തു ചെയ്യേണ്ടതുണ്ട്, ബ്രദർ ബ്രൺഹാം?" ഒരു ചെമ്മരിയാടായി തീരുക. നിങ്ങൾ ഒരു ചെമ്മരിയാടായി തീർന്ന ഉടൻ തന്നെ പിരിശുദ്ധാത്മാവ് കടന്നു വരും. എന്നാൽ നിങ്ങളുടെ ഉദ്ദേശങ്ങൾ തെറ്റായിട്ടുള്ളതാണെങ്കിൽ, തെറ്റായ—തെറ്റായ ആശയങ്ങൾ, നിങ്ങളുടേതായ രീതിയിൽ നിങ്ങൾ ആഗ്രഹിക്കുകയും, അതിനെ ഉപേക്ഷിക്കാൻ തയ്യാറുമല്ലെങ്കിൽ, പരിശുദ്ധാത്മാവ് ഒരിക്കലും വരികയില്ല.

139 നമ്മുടെ തലകളെ ഇപ്പോൾ കുമ്പിട്ടുകൊണ്ടു നില്ക്കുമ്പോൾ, നിങ്ങളിൽ ആരെങ്കിലും കൈകൾ ഉയർത്തി...ഇപ്പോൾ, യേശു

പറഞ്ഞു, “എന്റെ വചനം കേട്ട് എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന്, നിത്യജീവനുണ്ട്, അവൻ ന്യായവിധിയിൽ കടക്കാതെ മരണത്തിൽ നിന്നും ജീവങ്കലേയ്ക്ക് കടന്നിരിക്കുന്നു.” വിശുദ്ധ യോഹന്നാൻ 5:24. എന്നാൽ ഇപ്പോൾ നിങ്ങൾ അൾത്താരയിലേയ്ക്ക് വന്ന്, ഇവിടെ മുട്ടു മടക്കിയാൽ, ഒരിക്കൽ നിങ്ങളിൽ ഉണ്ടായിരുന്നതോ ഉണ്ടാകാൻ ആഗ്രഹിക്കുന്നതോ ആയ ആ സൌമ്യതയും, ശാന്തമായ അനുഭവം, നിങ്ങളിലേയ്ക്ക് തിരികെ വരുവോളം, നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം. “രക്തത്താൽ നിറഞ്ഞൊരു ഉറവയുണ്ട്,” എന്നു നാം പാടുമ്പോൾ, നാം നമ്മുടെ തലകളെ കുമ്പിട്ടു കൊണ്ടുതന്നെ, നിങ്ങൾ ഇവിടേയ്ക്ക് വന്ന്, മുട്ടു മടക്കി പ്രാർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ അൾത്താരയുടെ കൈപ്പിടി വരെയും വന്ന്, മുട്ടു മടക്കി പ്രാർത്ഥിക്കാൻ ആഗ്രഹിക്കുന്ന ഓരോരുത്തരും കടന്നു വന്ന് അല്പ നേരം പ്രാർത്ഥിക്കുക.

> രക്തത്താൽ നിറഞ്ഞൊരു ഉറവയുണ്ട്,
> ഇമ്മാനുവേലിൽ ഞരമ്പുകളിൽ നിന്നും ഊറ്റിയത്,
> പാപികൾ അതിനടിയിലേയ്ക്ക് മുങ്ങുന്നു...(ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ, നേരെ കടന്നു വന്നു മുട്ടു മടക്കു)
> നഷ്ടപ്പെട്ട...

140 നിങ്ങളുടെ തലകളെ കുമ്പിട്ടിരിക്കുമ്പോൾ, അപ്രകാരം തന്നെ നിങ്ങളുടെ ഹൃദയത്തിലും ചെയ്തിരിക്കുന്നു എന്നു ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങൾ നിങ്ങളിൽ തന്നെ ലജ്ജിക്കേണ്ടതിന്, ഇന്നു രാവിലെ സമയം ആരാണ് ഈ ഇരിപ്പിടങ്ങളുടെ ഇടയിലുള്ള വഴിയിലൂടെ വന്നതെന്നു നിങ്ങൾക്ക് അറിയാമോ? ഒരു നിറക്കാരി സ്ത്രീ, പാവം പിടിച്ച വസ്ത്ര, മുട്ടുകൾ വീർത്തിരിക്കുന്നു, നരച്ച മുടി, അവൾ നേരെ അൾത്താരയിലേക്ക് വന്നിരിക്കുന്നു.

141 ഇവിടെ കുറച്ചു നാളുകൾക്കു മുമ്പ്, അടിമകൾ ഉണ്ടായിരുന്നപ്പോൾ, ഒരു വയസ്സായ നിറക്കാരനായ മനുഷ്യൻ രക്ഷിക്കപ്പെട്ടു. അവൻ രക്ഷിക്കപ്പെട്ടപ്പോൾ, അവൻ പോയി, അവന്റെ യജമാനോടു ഞാൻ സ്വതന്ത്രനായിരിക്കുന്നു എന്നു പറഞ്ഞു. അയാൾ ചോദിച്ചു, “നിനക്ക് എന്തായി?”

പറഞ്ഞു, “ഞാൻ സ്വതന്ത്രനായിരിക്കുന്നു.” അപ്പോൾ അയാൾ അവനെ സ്വതന്ത്രനായി വിട്ടു.

142 ഇവിടെ ഇന്നു രാവിലെ നേരം മറ്റൊരു കൂട്ടർ മാനസാന്തരത്തിനായി വരുന്നു. (പറഞ്ഞു അവൻ സ്വതന്ത്രനായിരുന്നു.) പ്രാർത്ഥനയിലായിരിക്കുന്ന ഓരോരുത്തരും,

തീരുമാനം എടുക്കാനായി പരിശുദ്ധാത്മാവ് ജനങ്ങളുമായി ഇടപെട്ടുകൊണ്ടിരിക്കുമ്പോൾ, നിങ്ങളാൽ കഴിയുന്നതിന്റെ ഏറ്റവും നാന്നായി പ്രാർത്ഥിപ്പിൻ.

അവൻ ചോദിച്ചു, "മോശെ, നീ സ്വതന്ത്രനായി എന്നാണോ നീ പറയുന്നത്?" പറഞ്ഞു, "അതെ, സർ, യജമാനനെ. ഞാൻ സ്വതന്ത്രനാകുന്നു."

143 പറഞ്ഞു, "നീ സ്വതന്ത്രനായിരിക്കുന്നെങ്കിൽ, ഞാനും, നിന്നെ സ്വതന്ത്രനാക്കുന്നു. പോകു സുവിശേഷം പ്രസംഗിക്കു."

144 അവൻ മരിക്കാറായപ്പോൾ, അവന്റെ അനേക വെളുത്ത നിറക്കാരായ സഹോദരന്മാർ അവനെ സന്ദർശിക്കാൻ വന്നു, അവർ അങ്ങനെ കടന്നു വന്നപ്പോൾ, അവൻ പറഞ്ഞു, അവൻ ബോധമില്ലാത്ത അവസ്ഥയിലാണ് എന്നായിരുന്നു അവർ വിചാരിച്ചത്. അപ്പോൾ അവൻ എഴുന്നേറ്റു നിന്നു, പറഞ്ഞു, "ഞാൻ പോയ്ക്കഴിഞ്ഞു എന്നാണ് ഞാൻ വിചാരിച്ചത്." (ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, എന്റെ സഹോദരാ, നേരെ അവിടെത്തന്നെ മുട്ടുകുത്തു,) പറഞ്ഞു, "ഞാൻ പോയ്ക്കഴിഞ്ഞു എന്നാണ് ഞാൻ വിചാരിച്ചത്."

ചോദിച്ചു, "മോശെ, നീ എന്തെല്ലാമാണ് കണ്ടത്?"

145 അവൻ പറഞ്ഞു, "ഞാൻ ആ പടിവാതിലിലേയ്ക്ക് നടന്നു ചെന്നപ്പോൾ, ഞാൻ അവനെ കണ്ടു." പറഞ്ഞു, "ഞാൻ അവിടെ നിന്നുകൊണ്ട്, അവനെ നോക്കുകയായിരുന്നു." പിന്നെയും പറഞ്ഞു, "അവിടെ ഒരു ദൂതൻ കടന്നു വന്നിട്ട് പറഞ്ഞു, 'കടന്നു വരൂ, മോശെ. നീ വളരെയേറെ നാളുകൾ സുവിശേഷം പ്രസംഗിച്ചിരുന്നല്ലോ, നിനക്കായി ഒരു മേലങ്കിയും ഒരു കിരീടവും കാത്തിരിക്കുന്നു.'" അവൻ പറഞ്ഞു, "'മേലങ്കിയേയും കിരീടത്തെയും പറ്റി എന്നോടു പറയരുത്. എനിക്ക് ഒരു മേലങ്കിയും കിരീടവും ആവശ്യമില്ല. ഞാൻ അവനിലേയ്ക്ക് നോക്കാൻ മാത്രം ആഗ്രഹിക്കുന്നു.'" ഓരോ ക്രിസ്ത്യാനിയുടെയും മനോഭാവം അതുതന്നെ ആയിരിക്കണം എന്നാണ് ഞാൻ വിചാരിക്കുന്നത്.

146 കുറെക്കാലം മുമ്പ്, ചിക്കാഗോയ്ക്ക് അപ്പുറത്തായി, ഞാൻ ഒരു പ്രവർത്തനരംഗത്തിൽ, ശരിയ്ക്കും പറഞ്ഞാൽ, ഒരു കാഴ്ചബംഗ്ലാവിൽ, നിന്നു കൊണ്ട്, അവിടെ ചുറ്റുമുണ്ടായിരുന്ന എല്ലാ കാര്യങ്ങളെയും കാണുകയായിരുന്നു. ഒരു വയസ്സു ചെന്ന നീഗ്രോ, അയാളുടെ തലയ്ക്കു ചുറ്റിനും ചെറുതായി അരുകു വടിച്ച മുടിയും, തന്റെ തൊപ്പി കയ്യിലുമായി, അവിടെ ചുറ്റിനുമായി നടക്കുന്നത് ഞാൻ കാണാനിടയായി. ഞാൻ അയാളെ നോക്കി. അയാൾ ഒരു ചെറിയ സ്ഥാനത്തേയ്ക്ക് നോക്കിയിട്ട്,

അയാൾ തിരികെ ചാടി, അയാളുടെ തൊലിവലിഞ്ഞ് ഇരുണ്ട കവിൾത്തടങ്ങളിലൂടെ കണ്ണുനീർ ഒഴുകിയിരുന്നു. അപ്പോൾ അവൻ പ്രാർത്ഥിക്കാൻ തുടങ്ങി. അല്പനേരം കൂടെ ഞാൻ അയാളെ ശ്രദ്ധിച്ചു. അവൻ അതിലേയ്ക്ക് വീണ്ടും നോക്കും, പിന്നെയും അയാൾ കരയും. ഞാൻ അയാളുടെ അടുക്കലേയ്ക്ക് നടന്നു ചെന്നിട്ട് ചോദിച്ചു, "സർ."

അയാൾ ചോദിച്ചു, "അതെ, വെള്ളക്കാരൻ സ്നേഹിതാ?"

ഞാൻ പറഞ്ഞു, "ഞാൻ പറഞ്ഞു, താങ്കൾ...എന്താണ് താങ്കളെ ഇത്രയും ഉത്തേജിപ്പിക്കുന്നത്? എന്തിനെക്കുറിച്ചാണ് താങ്കൾ ഇത്രയേറെ ഉത്തേജിതനായി തീർന്നിരിക്കുന്നത്?"

147 അയാൾ പറഞ്ഞു, "സർ, താങ്കൾക്ക് എന്റെ വശത്തെപ്പറ്റി അറിയാമെങ്കിൽ, എന്റെ വശങ്ങളിലെല്ലാം തഴമ്പുകളുണ്ട്." പറഞ്ഞു, "ഒരിക്കൽ ഞാൻ ഒരു അടിമയായിരുന്നു." അയാൾ പറഞ്ഞു, "ഇവിടെയുള്ള ഈ ചെറിയ ചില്ലു മേടയിൽ, അവിടെ ഒരു വസ്ത്രം കിടക്കുന്നു."

ഞാൻ പറഞ്ഞു, "അതൊരു വസ്ത്രമാണെന്ന് ഞാനും കാണുന്നു, എന്നാൽ അതിന്റെ പ്രത്യേകത എന്താണ്?"

148 അയാൾ പറഞ്ഞു, "അവിടെയുള്ള ആ പ്രത്യേക സ്ഥലം," പറഞ്ഞു, "അത് അബ്രഹാം ലിങ്കന്റെ രക്തമാകുന്നു." പറഞ്ഞു, "ആ രക്തം എന്നിലെ അടിമത്വത്തിന്റെ അരപ്പട്ട എടുത്തുമാറ്റി." അയാൾ പറഞ്ഞു, "ഇപ്പോൾ, വെള്ളക്കാരാ, അത് നിങ്ങളെയും കൂടെ ഉത്തേജിപ്പിക്കുന്നതുപോലെ തോന്നുന്നില്ലേ?"

149 എന്റെ കൈകളെ അയാളുടെ കഴുത്തിനു ചുറ്റിനും ചുറ്റിക്കൊണ്ട്, ഞാൻ പറഞ്ഞു, "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ. മറ്റൊരു രക്തമാണ് എന്നെ ഉത്തേജിപ്പിക്കുന്നതെന്ന് ഞാൻ അറിയുന്നു."

അയാൾ പറഞ്ഞു, "ആ രക്തത്തെപ്പറ്റിയും കൂടെ എനിക്കറിയാം, ശ്രീമാൻ."

150 ഞാൻ പറഞ്ഞു, "അവൻ എന്നിലെ അടിമത്വത്തിന്റെ അരപ്പട്ട എടുത്തു മാറ്റി." ഒരു സമയം ഞാൻ ഞായറാഴ്ചകളിൽ പുറത്തു പോയി ഓട്ടപ്പന്തയവും മറ്റും നടത്തുകയും, വൃത്തികെട്ട തമാശകൾ പറയുകയും ചെയ്യുമായിരുന്നു. ഓ ദൈവമേ, എങ്ങനെയാണ് ഞാൻ അത് ചെയ്തിരുന്നത്? എവിടെ വെച്ചാണോ ഞാൻ അതു ചെയ്തിരുന്നത് അതിന്റെ തഴമ്പുകൾ ഇപ്പോഴും എന്റെ ഹൃദയത്തിലുണ്ട്. എന്നാൽ അവൻ എന്റെ അരപ്പട്ട എടുത്തു മാറ്റിയതിനാൽ ഞാൻ ആനന്ദിക്കുന്നു. അതെല്ലാം ഇപ്പോൾ പോയ്ക്കഴിഞ്ഞിരിക്കുന്നു, എന്റെ സ്ഥാനത്ത് ഇപ്പോൾ അവൻ നില്ക്കുന്നു.

151 കുറച്ചുനാൾക്കു മുമ്പ്, ഒരു സ്ത്രീയെ ഞാൻ നോക്കുമ്പോൾ, അവൾ കാഴ്ചയിൽ ഹീനമായിരുന്നതിനാൽ അവളെ കുറ്റപ്പെടുത്താൻ പോകുകയായിരുന്നു. ദൈവം എനിക്ക് ഒരു ദർശനം നൽകി. എന്റെ പാപങ്ങൾ അവളുടേതിനെക്കാൾ വലുതാകുന്നു എന്നു കണ്ടപ്പോൾ, അപ്പോൾ തന്നെ ഞാൻ അവൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഞാൻ അവളുടെ അടുക്കലേയ്ക്ക് നടന്നു ചെന്നിട്ട്, ഞാൻ ഒരു ധർമ്മോപദേശിയാകുന്നു എന്ന് പറഞ്ഞപ്പോൾ, അത് അവളെ ലജ്ജിപ്പിച്ചു. അവളുടെ രണ്ടു ആൺകുട്ടികാരും...അവൾ ഏകദേശം അറുപത്തിയഞ്ചോ എഴുപതോ വരും, അവളുടെ രണ്ടു ആൺകുട്ടികാരും അവിടെതന്നെ മുട്ടുമടക്കി, അവർ ഓരോരുത്തരും അവരുടെ ഹൃദയങ്ങളെ ക്രിസ്തുവിനു സമർപ്പിച്ചു. ഓ, എന്റെ, എന്തൊരു വ്യത്യാസം!

152 നിങ്ങൾ ചെയ്യില്ലേ? നിങ്ങൾ അത്രയേറെ പാപം ചെയ്തിട്ട്, ഇന്നു രാവിലെ നേരം, നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് പരിശുദ്ധാത്മാവിന് കടക്കാൻ പോലും കഴിയാത്ത വിധത്തിൽ കറുത്തും വൃത്തിഹീനവുമായിരിക്കുന്നോ? ഒരുപക്ഷേ ആ പ്രാവ് അതിന്റെ എന്നേയ്ക്കുമുള്ള യാത്ര നടത്തിക്കഴിഞ്ഞെന്നിരിക്കാം, അത് എന്നേയ്ക്കുമായി പോയ്ക്കഴിഞ്ഞെന്നിരിക്കാം.

153 ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, തേനേ. ഒരു ചെറിയ പെൺകുട്ടി മുന്നിലേയ്ക്ക് നടന്നു വരുന്നു. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ, പ്രിയേ. നിങ്ങൾ പറയും, "ആ ചെറിയ കുഞ്ഞിന് അറിയില്ല." ഓ, അതെ, അവൾ അറിയുന്നു. നിങ്ങൾ എല്ലാവരും വായിച്ചിട്ടുള്ള അത്രയും മാഗസീനുകളും പ്രേമ കഥകളും അവൾ വായിച്ചേക്കില്ല. ആ കാരണത്താലാണ്, അവൾ സമർപ്പിച്ചത്. യേശു പറഞ്ഞു, "കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ."

154 ഇന്നു രാവിലെ നേരം ഇതിനു ചുറ്റും കൂടിവരാൻ, ഇനിയും ആരെങ്കിലും കൂടെ ഇഷ്ടപ്പെടുന്നോ? അൾത്താര തുറന്നിരിക്കുന്നു. നാം ഒരിക്കൽ കൂടെ പാടുമ്പോൾ, ഒരു നിമിഷം കൂടെ മാത്രം, അതുകഴിഞ്ഞ് ഈ പശ്ചാത്തപിക്കുന്ന പാപികൾ പ്രാർത്ഥിക്കുമ്പോൾ, നാം പ്രാർത്ഥന സമർപ്പിക്കാൻ പോകുകയാണ്.

> മരിച്ചുകൊണ്ടിരുന്ന കള്ളൻ കണ്ടപ്പോൾ ആനന്ദിച്ചു
> ആ ഉറവ...(എല്ലാം വിട്ടുപോയിരുന്നു, ആ പാവം പിടിച്ച
> വ്യക്തി അവസാനിച്ചിരുന്നു, തീർച്ച.)
> അവിടെ ഞാനായിരുന്നെങ്കിൽ, അധമനായ
> അവനെപ്പോലെ...

155 ഇപ്പോൾ നിങ്ങൾ കടന്നു വരുന്നില്ലേ? നന്നായി അറിയാവുന്നരായ നിങ്ങൾ, നിങ്ങൾ മുന്നിലേയ്ക്ക് വരുന്നില്ലേ? ബൈബിൾ പറയുന്നു, “നന്മ ചെയ്യാനറിഞ്ഞിട്ടും, അത് ചെയ്യാത്തതു, പാപം തന്നെ.” നിങ്ങൾ കടന്നു വരുന്നില്ലേ? നിങ്ങൾ തെറ്റിലാണെന്നു നിങ്ങളറിയുന്നു. നേരെ നടന്നു വന്നു, ഇവിടെ അൾത്താരയ്ക്കു ചുറ്റും നിങ്ങളുടെ മുട്ടു മടക്കിക്കൊണ്ട്, നിങ്ങൾ അവനോടു ഇടപെട്ട രീതി ശരിയായില്ലെന്നു ദൈവത്തോടു പറയുവിൻ. പരിശുദ്ധാത്മാവ് തിരികെ വന്ന് നിങ്ങളെ വീണ്ടും സൌമ്യനും ശാന്തനും നിശബ്ദനും ആക്കി തീർക്കാനിടയാകട്ടെ. നിങ്ങൾ വരില്ലേ? ഓർക്കു, നിങ്ങൾ മരിച്ചാൽ, അവൻ നിങ്ങൾക്കു വേണ്ടി പോയിരിക്കുന്നു, നിങ്ങളുടെ കേസു വാദിക്കാനായി അവിടെ മറ്റാരുമുണ്ടാകില്ല. ഇന്നു രാവിലെ നേരം നിങ്ങൾ അവനായി നിൽക്കാൻ അവൻ ആഗ്രഹിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, എന്റെ സഹോദരാ.

156 കാത്തു നില്ക്കുന്നു. ഇതാകുന്നോ, പള്ളിയിലെ വെറും പതിനഞ്ചുപേർക്ക് മാത്രമാണോ വാസ്തവമായും നിങ്ങൾ കുറ്റക്കാരാണെന്നു ബോദ്ധ്യമായിരിക്കുന്നത്? നിങ്ങൾ ഒരു സമാധാനവും, സൌമ്യതയും, ശാന്തവുമായ, ജീവിതം നയിച്ചിരുന്നില്ലേ? ഇപ്പോൾ, ഇതു പരിശുദ്ധാത്മാവിനാൽ നിർദ്ദേശിക്കപ്പെടുന്നതാകുന്നു. നിങ്ങൾ ക്ഷമിച്ചുവോ, ഒരു ശത്രുവുമില്ല? നിങ്ങൾ ക്ഷമിക്കപ്പെട്ടിരുന്നതിനു മുമ്പ് ജീവിച്ചത്, പാപികളുടെ കുറ്റബോധത്തെക്കാൾ മേലെ ആയിട്ടായിരുന്നോ? നിങ്ങൾ വിഗ്രഹാരാധികളെപ്പോലെയല്ല ജീവിച്ചിരുന്നത്, നിങ്ങൾ വ്യത്യസ്തമായല്ലേ ജീവിച്ചിരുന്നത്? നിങ്ങളുടെ മുഴു ജീവിതവും വ്യത്യസ്തമായിട്ടല്ലേ ക്രമീകരിക്കപ്പെട്ടിരുന്നത്? നിങ്ങളുടെ ചുറ്റിനുമുള്ള എല്ലാവരുമായി, സമാധാനത്തോടും സ്നേഹത്തോടും കൂടെ ജീവിക്കാനായി പരിശുദ്ധാത്മാവ് നിങ്ങളുടെ ഹൃദയത്തിന്റെ സിംഹാസനത്തിലല്ലേ ഇരുന്നിരുന്നത്? നിങ്ങളുടെ എല്ലാ അയൽവാസികളും, നിങ്ങളുമായി ഇടപഴകുന്ന എല്ലാവരും, നിങ്ങൾ ഒരു സൌമ്യനും, ശാന്തനും, എളിമയുള്ള ക്രിസ്ത്യാനിയുമാണ് എന്നല്ലേ അറിഞ്ഞിരുന്നത്? ദൈവത്തിന്റെ പ്രാവ് നിങ്ങളോടൊത്ത് ആയിരുന്നല്ലോ? നിങ്ങൾക്ക് തീർച്ചയാണോ? ഒരുപക്ഷേ ഇതായിരിക്കാം നിങ്ങളുടെ അവസാന അവസരം. ശരി.

157 ഇവിടെ അൾത്താരയിലായിരിക്കുന്ന നിങ്ങളോടാണ്, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഇപ്പോൾ നിങ്ങളെ തന്നെ കുറ്റം വിധിക്കേണ്ടതില്ല. പരിശുദ്ധാത്മാവ് നിങ്ങളിലേയ്ക്ക് കുറ്റബോധത്തെ കൊണ്ടുവന്നിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവകാശങ്ങളെ പിടിച്ചുവെയ്ക്കാൻ ആഗ്രഹിക്കുന്നില്ല പറയും, “ഓ, വളരെ

നാളുകളായിട്ട് ഞാൻ ഒരു ക്രിസ്ത്യാനിയാകുന്നു. എനിക്ക് പോകേണ്ട ആവശ്യമില്ല." നിങ്ങളിൽ ചിലർ, അൾത്താരയിൽ നിങ്ങൾ ആദ്യ പ്രാവശ്യമായിരിക്കാം. "ഞാൻ തുടർന്നും ഒരു പാപിയായിരിക്കാൻ ആഗ്രഹിക്കുന്നു, ഞാൻ അതാഗ്രഹിക്കുന്നു, അത് എന്റെ അവകാശമാണ്." അതെ, അത് ശരിയാണ്. നിങ്ങൾക്ക് സ്വയം തീരുമാനമെടുക്കാനുള്ള അവകാശമുണ്ട്, നിങ്ങൾക്കു ഏതുവിധവും പ്രവർത്തിക്കാമായിരുന്നു. എന്നാൽ ഇന്നു രാവിലെ നേരം നിങ്ങളുടെ അവകാശങ്ങളെ നിങ്ങൾ ഉപേക്ഷിച്ചു കളഞ്ഞിരിക്കുന്നു. പറയും, "ഞാൻ ക്രിസ്ത്യാനിയാണെന്നു അവകാശപ്പെട്ടു കൊണ്ടിരിക്കുകയും, പിന്നെ ആ അൾത്താരയിലേയ്ക്ക് പോയാൽ, അവർ അതിനെക്കുറിച്ച് എന്തു പറയും?" എന്നാൽ ദൈവം എന്താണ് പറയുന്നത്? നിങ്ങൾ വരേണ്ടതുണ്ടെന്നു അവൻ പറഞ്ഞു, നിങ്ങൾ കടന്നു വന്നു. ഇപ്പോൾ നിങ്ങളുടെ അവകാശങ്ങളെ നിങ്ങൾ വിട്ടുകൊടുത്തുകൊണ്ട്, ഇന്നു നിങ്ങളുടെ ഹൃദയത്തിൽ സൌമ്യനായ പരിശുദ്ധാത്മാവ് അവന്റെ സ്ഥാനത്തെ എടുക്കേണ്ടതിന്, നിങ്ങൾ വന്നിരിക്കുന്നു. അവൻ അതു ചെയ്യുമെന്നു ഞാൻ അറിയുന്നു. അവൻ അത് ഇഷ്ടപ്പെടുന്നു എന്നു ഞാൻ അറിയുന്നു. അവൻ അതു ചെയ്യുമെന്നു വാക്കു തന്നിരുന്നു. അവിടെ, അതിനെ സഹായിക്കാൻ കഴിയില്ല, കടന്നു വരുന്നതിൽ നിന്നും തടയാൻ ആർക്കും കഴിയില്ല. നിങ്ങളിലേയ്ക്ക് വരേണ്ടതിന് അവൻ കരയുകയും, യാചിക്കുകയും, കടന്നു വരേണ്ടതിനുള്ള ഒരിടത്തിനായി, മറ്റെല്ലാം ചെയ്തുകൊണ്ടു, മരിക്കുകയും ചെയ്തു.

158 നിങ്ങളുടെ മരണത്തിന്റെ മണിക്കൂറുകളിൽ, കിടക്കയുടെ കാല്ക്കലായി മരണദൂതൻ ഇരിക്കുമ്പോൾ, ഒരിക്കൽ നിങ്ങൾ കടന്നു വരാനായി നിരസിച്ചിരുന്നു എന്നറിഞ്ഞുകൊണ്ട്, അവിടെയുള്ള പേടിപ്പിക്കുന്ന കാര്യങ്ങളിലേയ്ക്ക് നോക്കുന്നതിനു പകരം, അപ്പോൾ നിങ്ങളുടെ പ്രാണൻ കറുത്ത് ഇരുണ്ടടഞ്ഞിരിക്കും, എത്രമാത്രം ഉച്ചത്തിൽ നിങ്ങൾ കരഞ്ഞെന്നാലും കാര്യമില്ല, പിന്നെ സമയം ഉണ്ടായിരിക്കില്ല. ഏശാവു പാപം ചെയ്തുകൊണ്ട് തന്റെ പാപത്തിന്റെ കൃപയെ...അതല്ല അവന്റെ കൃപയുടെ ദിനത്തെ ദൂരമാക്കിയപ്പോൾ, പിന്നെ അവനൊരു അവസരം ലഭിച്ചില്ല. അവൻ അതിനെ ശരിയാക്കേണ്ട ഒരു സ്ഥലം കണ്ടുപിടിക്കാനായി, അതിവ്യസനതയോടെ കരഞ്ഞു, എന്നാൽ അവന് അത് ചെയ്യാനായില്ല. ദൈവം അവനെ അവസാന സമയത്തേയ്ക്ക് വിളിച്ചു കഴിഞ്ഞിരുന്നു.

159 എന്നാൽ ഇന്നു രാവിലെ നേരം നിങ്ങളുടെ എല്ലാ കൂട്ടുകാരെയും എല്ലാ അവകാശങ്ങളെയും, ഇവിടെ കടന്നു വരാനായി, നിങ്ങളുടെ എല്ലാ തോന്നലുകളെയും മറ്റെല്ലാറ്റിനെയും നിങ്ങൾ

വേണ്ടെന്നുവെയ്ക്കുന്നു. ഇവിടെ വന്നു മുട്ടുമടക്കിക്കൊണ്ട് ദൈവത്തോടു സംസാരിക്കേണ്ടതിന്, നിങ്ങളുടെ അവകാശങ്ങളെ നിങ്ങൾ മറന്നുകളയുന്നു, നിങ്ങളോടു ഞാൻ കർത്താവിന്റെ വചനത്താലാണ് സംസാരിക്കുന്നത്, അതായത് ക്രിസ്തു പറഞ്ഞു, "എന്റെ അടുക്കൽ വരുന്നവനെ, ഞാൻ ഒരുനാളും ഉപേക്ഷിക്കയില്ല." ഇപ്പോൾ, നിങ്ങൾ അൾത്താരയിൽ ആയിരിക്കുമ്പോൾ, പശ്ചാത്തപിക്കു, നിങ്ങൾ ചെയ്തുപോയ കാര്യത്തിന് നിങ്ങൾ അവനോടു ഖേദിക്കുന്നു എന്നു പറയൂ.

160 സ്നാനമേല്ക്കുമ്പോൾ ജനങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിക്കാത്തതിന്റെ കാരണം അതാകുന്നു, അവർ ആഴമായി പശ്ചാത്തപിക്കുന്നില്ല, ദൈവം അവർക്കു പരിശുദ്ധാത്മാവിനെ കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ സൌമ്യനും ശാന്തനും എളിയവനുമായിരിക്കാൻ അവൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ അതേ സ്വസ്നേഹത്തോടെ എഴുന്നേറ്റു വരുന്നത്. ഓ, നിങ്ങൾ എഴുന്നേറ്റിട്ട്, ഒച്ചവെയ്ക്കുകയും, അന്യഭാഷകളിൽ സംസാരിക്കുകയും, അതുമല്ല മറ്റെന്തു ചെയ്താലും, അത് നിങ്ങൾക്ക് പരിശുദ്ധാത്മാവുണ്ടെന്നു വരുത്തുകയില്ല. നിങ്ങൾ അവിടെ ഒരു വ്യത്യസ്തനായ വ്യക്തിയായി എഴുന്നേറ്റു വരേണ്ടതുണ്ട്. അവിടെ നിന്നും നിങ്ങൾ എഴുന്നേല്ക്കുമ്പോൾ, സൌമ്യനും, ശാന്തനും, എളിമയുള്ളവനും, താഴ്മയുള്ളവനുമായിട്ട്, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കേണ്ടതുണ്ട്. അടുത്ത വർഷം, കാലടിപ്പാതയിലേയ്ക്ക് തിരികെ നോക്കി, നിങ്ങൾ എത്ര ദൂരം വന്നിരിക്കുന്നു എന്നു കാണുക, ഓരോ തവണയും നേട്ടമുണ്ടാക്കിയിരിക്കുന്നു. അതാണ് ആ പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവ് എന്നാൽ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, താഴ്മ, സൌമ്യത, ക്ഷമ, വിശ്വാസം എന്നതാകുന്നു. ഇപ്പോൾ, ഇപ്പോൾ തന്നെ പശ്ചാത്തപിച്ചുകൊണ്ട് നിങ്ങൾക്ക് എന്താവശ്യമുണ്ടെന്ന് ദൈവത്തോടു പറയൂ. അവൻ...അവൻ അതു ചെയ്യുന്നതാണ്.

161 അവിടെ ആയിരിക്കുന്ന, കൊച്ചു പെൺകുട്ടി, തേനെ, നീയും അതേ കാര്യം തന്നെ ചെയ്യൂ. നിന്നെ അനുഗ്രഹിക്കും. നിന്റെ അമ്മ നിന്റെ വശത്ത് നിന്റെ മേൽ കൈവെച്ചു കൊണ്ടു നിൽക്കുന്നു.

162 ഇവിടെ ആയിരിക്കുന്ന ഈ പ്രിയ പ്രായമേറിയ നിറക്കാരി സഹോദരി, അൾത്താരയിൽ കുമ്പിട്ടിരിക്കുന്നു. നിങ്ങൾക്കു ഒരുപക്ഷേ കഴിക്കാനായി ഉണക്ക ചോളത്തിന്റെ ധാന്യനുറുക്കും ഗോതമ്പു പൊടിയും മാത്രമേ ഉണ്ടാകു, താമസിക്കുന്നത് ഒരു ഇടവഴിയിലുമായിരിക്കാം, അതെല്ലാം ഞാൻ അറിയുന്നു, സഹോദരി. ദൈവം നിങ്ങളുടെ ഹൃദയത്തെ അനുഗ്രഹിക്കട്ടെ, ഇന്നു

രാവിലെ നേരം മഹത്വത്തിൽ നിങ്ങൾക്കായി ഒരു സ്ഥലം ഒരുക്കിക്കഴിഞ്ഞിരിക്കുന്നു. ശരി.

163 താഴെ അൾത്താരിയിലേയ്ക്ക് നോക്കി, തല നരച്ച ഒരു മഹിളയെ കാണുക, ഒരു ചെറുപ്പക്കാരി അവളുടെ തല വണക്കിയിരിക്കുന്നു, തീർത്തും നരച്ച കഴിഞ്ഞ ഒരു സ്ത്രീയുമുണ്ട്. ഓ ദൈവമെ! നോക്കു, മനുഷ്യൻ മുട്ടുകുത്തിയിരിക്കുന്നു, മറ്റുള്ളവർ അതിനടുത്തായിട്ടുണ്ട്. ഇപ്പോൾ തന്നെ പശ്ചാത്തപിക്കു, നിങ്ങൾ അവനോടു ക്ഷമ ചോദിക്കുന്നു എന്ന് അവനോടു പറയൂ. ഇനിമേൽ നിങ്ങൾ അതു ചെയ്യില്ലെന്നു അവനോടു പറയൂ. അവന്റെ കൃപയാൽ, നിങ്ങളുടെ എല്ലാ അഭിപ്രായങ്ങളെയും, ഇന്നു മുതൽ നിങ്ങൾ അവസാനിപ്പിക്കുന്നു. നിങ്ങൾ സൌമ്യനും ശാന്തനുമായിരിക്കാൻ ആഗ്രഹിക്കുന്നു. എളിമയുള്ളവനായിരുന്നിട്ട് അവൻ എവിടേയ്ക്കാണോ നിങ്ങളെ നയിക്കുന്നത് അവിടേയ്ക്ക് പോകാൻ നിങ്ങൾ ആഗ്രഹിക്കുന്നു.

164 ജനങ്ങൾ എന്തെങ്കിലും പറയുമ്പോൾ, അത് കാഴ്ചയ്ക്ക് എത്രതന്നെ അവകാശമുള്ളതായി തോന്നിയാലും, നിങ്ങളുടെ അയൽവാസിയെക്കുറിച്ച് നിങ്ങൾ പറയുന്നത് നിങ്ങൾ ഉപേക്ഷിച്ചുകളയാൻ പോകുന്നു. നിങ്ങൾ സംസാരിക്കാൻ പോകുന്നു, നിങ്ങൾ യേശുവിനെക്കുറിച്ച് സംസാരിക്കാൻ പോകുന്നു. ശരിയായ കാര്യങ്ങളെ മാത്രം നിങ്ങൾ ചെയ്യാൻ പോകുന്നു. നിങ്ങൾ പുറത്തേയ്ക്ക് പോകുമ്പോൾ ഒരു കൊലയാളിലെപ്പോലെ പോകാൻ ആഗ്രഹിക്കുന്നില്ല. നിർദ്ദോഷിയുടെ മേൽ ചാടിക്കയറാനായി നിങ്ങൾ പുറത്തേയ്ക്ക പോകില്ല. എന്നാൽ നിങ്ങൾ ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ധീരതയാലുള്ള സാഹസം കാണുമ്പോൾ, നിങ്ങൾ അവരെപ്പോലെ ആകാൻ ആഗ്രഹിക്കും. നിങ്ങൾ അവരിൽപ്പെട്ട ഒന്നാണെങ്കിൽ, നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെന്ന്, പറയേണ്ട ആവശ്യമില്ല, നിങ്ങൾ സംസാരിക്കുമ്പോൾ തന്നെ അവർ അതു നോക്കി അതു കാണും. നിങ്ങൾ അകത്തും പുറത്തും മുദ്രയിടപ്പെട്ടിരിക്കുന്നു.

165 ഇപ്പോൾ, നിങ്ങളുടെ ഹൃദയത്തെ നിങ്ങൾ താഴ്ത്തുമ്പോൾ, ഇപ്പോൾ അനുതപിക്കു. നിങ്ങൾ "ഖേദിക്കുന്നു," നിങ്ങൾ "ഇനി ഒരിക്കലും അതു ചെയ്യുകയില്ല," ഏതു വിധമാണോ അതു ചെയ്തത് അതിനാൽ, നിങ്ങൾ നിങ്ങളിൽതന്നെ "ലജ്ജിക്കുന്നു," എന്നു ദൈവത്തോടു പറയൂ. അതുകഴിയുമ്പോൾ ഞാൻ നിങ്ങൾക്കായി ദൈവത്തോടു പ്രാർത്ഥിക്കും. അപ്പോൾ തന്നെ, നിങ്ങളുടെ ഹൃദയത്തിൽ സമാധാനം കുടികൊള്ളും, സമാധാനം നിങ്ങളുടെ പ്രാണനിൽ നിന്നും ഒരു നദി ഒഴുകുന്നതുപോലെ ഒഴുകും, എന്നു ഞാൻ വിശ്വസിക്കുന്നു. ഒരുപക്ഷേ നിങ്ങൾ ആർപ്പിട്ടിട്ടില്ലായിരിക്കാം, നിങ്ങൾ

അന്യഭാഷകളിൽ സംസാരിച്ചിട്ടില്ലായിരിക്കാം, ഒരുപക്ഷേ നിങ്ങൾ താഴേയ്ക്കും മുകളിലേയ്ക്കും ചാടിയിട്ടില്ലായിരിക്കാം; എന്നാൽ നിങ്ങൾ എന്തോ ചിലതുമായി അൾത്താര വിട്ടു പോകാൻ പോകുന്നു, അത് നിങ്ങളുടെ ജീവിതകാലം മുഴുവനും ആ പഴയ പരുക്കനായ കുരിശുമായി നിങ്ങളെ നങ്കൂരമിട്ടുറപ്പിച്ചിരിക്കും. ഇപ്പോൾ ഞാൻ പ്രാർത്ഥിക്കുമ്പോലെ, പ്രാർത്ഥിക്കുക. ഏറ്റുപറയുക.

166 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ. അയോഗ്യരായ ജീവികൾ, ഈ രാവിലെ നേരം വിയർപ്പിനാൽ കുതിർന്ന ഈ ചൂടുള്ള മുറിയിൽ, ആ വിയർക്കുന്ന പെട്ടി; എന്നിട്ടും, ദൈവമേ, ഞങ്ങളിൽ നിന്നും നീ അതിനെ വിയർപ്പിച്ചു പുറത്താക്കി. പരിശുദ്ധാത്മാവ് താഴേയ്ക്ക് വരികയും, ജനങ്ങളെ അവരുടെ തെറ്റുകളെ ബോധിപ്പിക്കുന്നു. അവരുടെ ആത്മാക്കൾ ധാർഷ്ട്യമുള്ളതായി തീർന്നിരുന്നു. അവർ വിദ്വേഷമുള്ളവരും, അനാവശ്യമായ കാര്യങ്ങളിൽ ഇടപെടുന്നവരും, അതെല്ലാം അറിഞ്ഞിരുന്നിട്ടും, പശ്ചാത്തപിക്കാൻ കൂട്ടാക്കത്തവരും, അവർക്കു വിരോധമായി ജനങ്ങൾ ചെയ്തിരുന്ന കാര്യങ്ങളെ ക്ഷമിക്കാൻ കഴിയാത്തവരുമായിരുന്നു. അവർ അത് ചെയ്യാൻ ഇഷ്ടപ്പെട്ടിരുന്നില്ല, എന്നാൽ ഇന്നു പരിശുദ്ധാത്മാവ് ദൈവ വചനം എടുത്ത്, നേരെ അവരുടെ സൌമ്യമായ ഹൃദയങ്ങളിലേയ്ക്കിട്ടു കൊണ്ട് പറഞ്ഞു, "നീ ആദ്യമായി അൾത്താരയിലായിരുന്നപ്പോൾ എപ്രകാരമായിരുന്നോ അപ്രകാരം തിരികെ വരാൻ ആഗ്രഹിക്കുന്നോ. നിനക്ക് എല്ലാവരെയും സ്നേഹിക്കാനാകുന്ന ഇടത്തേയ്ക്ക്, അവസാനിക്കാത്ത സ്നേഹത്താൽ നീ എന്നെ സ്നേഹിക്കാനാകുന്നിടത്തേയ്ക്ക് വരാൻ ആഗ്രഹിക്കുന്നോ? എന്നാൽ നീ എഴുന്നേറ്റു നേരെ അൾത്താരയിലേയ്ക്ക് കടന്നു വരിക," അവർ അതു ചെയ്തു, കർത്താവെ.

167 ഇപ്പോൾ, കർത്താവെ, അവരുടെ വിചാരങ്ങളെ നീ ശുദ്ധീകരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു, അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ച്, അവരെ സൌമ്യതയുള്ളവരും സമാധാനമുള്ളവരും ആക്കേണമെ. അവർ പശ്ചാത്തപിച്ചിട്ട്, അവരുടെ ജീവിതങ്ങളെ നിനക്കു സമർപ്പിച്ചുകൊണ്ട്, ഇപ്പോൾ ഈ അൾത്താരയിൽ നിന്നും എഴുന്നേറ്റ്, അവരുടെ വീടുകളിലേയ്ക്ക് പോകാൻ ഇടയാകട്ടെ. എന്തു സംഭവിച്ചെന്നാലും കാര്യമില്ല, ഭർത്താവ് തകിടംമറിക്കാൻ ശ്രമിച്ചാലോ ഭാര്യ തകിടംമറിക്കാൻ ശ്രമിച്ചാലോ അതല്ല അയൽവാസി തകിടംമറിക്കാൻ ശ്രമിച്ചെന്നാലോ, അതുമല്ലെങ്കിൽ നിങ്ങൾ ഇടപഴകുന്നവരോ നിങ്ങളുമായി ഒരുമിച്ചു പണിയെടുക്കുന്നവരായാലും ശരി, "ഞാൻ ഒരു പ്രാവിനെപ്പോലെ സൌമ്യമായി പെരുമാറും."

168 എന്തൊക്കെയായാലും, പകരം വീട്ടൽ നിനക്കുള്ളതാണല്ലോ, “പ്രതികാരം എനിക്കുള്ളത് എന്നു കർത്താവ് അരുളിചെയ്യുന്നു.” അത് അങ്ങനെയാണെന്നു ഞങ്ങൾ എങ്ങനെ അറിയും കർത്താവേ. അനങ്ങാതെ നില്ക്കുക, സൌമ്യനായിരിക്കുക, ദൈവം എടുക്കുന്നത് കാണുക...നേരെ അവന്റെ കുഞ്ഞാടിന്റെ അടുക്കലേയ്ക്ക് വരിക. തീർച്ച, തീർച്ചയായും. ഈ നല്ല ഇടയൻ അവന്റെ ജീവൻ അവർക്കായി നൽകും അവൻ നേരെ അവന്റെ ആടിന്റെ അടുത്തേയ്ക്ക് വരുന്നു. അവൻ അവരെ നയിക്കും. അവനെ തടസ്സം ചെയ്യുന്നവൻ ശാപിക്കപ്പെട്ടവൻ! അവനു വിരുദ്ധമായി ഒരു വാക്കെങ്കിലും പറയുന്നവൻ ശപിക്കപ്പെട്ടവൻ! പറഞ്ഞു, “ഒരു അരകല്ല് നിങ്ങളുടെ കഴുത്തിൽ കെട്ടി, സമുദ്രത്തിന്റെ ആഴങ്ങളിൽ ഇറക്കിക്കളയുന്നത് നല്ലത്. അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു.” കാണുന്നോ? ഓ ദൈവമേ, ഞങ്ങൾ ആഗ്രഹിക്കുന്നു...“നീ അവരോടു ചെയ്യുന്നതുപോലെ, നീ എന്നോടും ചെയ്യും.”

169 അതുകൊണ്ട്, ദൈവമേ, ഞാൻ സൌമ്യനാകാൻ ആഗ്രഹിക്കുന്നു. ഇന്നു രാവിലെ നേരം, ഞാൻ എന്നെയും കൂടെ ഈ അൾത്താരയിൽ ഇടുന്നു; ഈ രാവിലെ നേരം മാത്രമല്ല, എന്നാൽ ഓരോ രാവിലെ നേരത്തേയ്ക്കുമാകുന്നു. യേശുവിനെപ്പോലെ സൌമ്യനും ശാന്തനുമാകാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് അനുവദിക്കു പിതാവെ, അങ്ങനെ ആകാൻ ഞങ്ങളെ അനുവദിക്കു, ഞങ്ങളുടെ പ്രാണനിലൂടെ ആഴക്കടലിലെ വലിയ തിരമാല പോലെ സ്നേഹം കടന്നു പോകാൻ ഇടയാകട്ടെ.

സമാധാനം! സമാധാനം! അത്ഭുത സമാധാനം,
മുകളിൽ പിതാവിനടുക്കൽ നിന്നും താഴേയ്ക്കിറങ്ങുന്നു;
(അത് ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ തോന്നുന്നുണ്ടോ?)
...എന്റെ ആത്മാവിൽ എന്നേയ്ക്കുമായി, (ഹല്ലേലൂയാ ഹല്ലേലൂയാ!)...
സമാധാനം! സമാധാനം! അത്ഭുത സമാധാനം...

170 സഹോദരി ഗ്രേറ്റിയ്ക്കും കുറ്റബോധമുണ്ടെന്ന് സഭയിലുള്ള എല്ലാവരോടും പറയാനായി അവൾ പറയുന്നു, എന്നാൽ അവൾ പീയാനോ വായിച്ചുകൊണ്ട് അതിനെ അവളുടെ അൾത്താരയായി എടുത്തിരിക്കുന്നു. അൾത്താര ഉണ്ടായതു മുതൽ, പീയാനോയാണ് അവളുടെ അൾത്താര, പറഞ്ഞു, “എനിക്കുവേണ്ടി പ്രാർത്ഥിക്കാനായി സഭയോടു പറയുക,” അവൾ അവിടെ ഇരുന്നപ്പോൾ കണ്ണടകളിലൂടെ കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. ഈ പുൾപ്പിറ്റാണ് എന്റെ

അൾത്താര. ഞാനും കൂടെ പശ്ചാത്തപിക്കുന്നു, എന്റെ ബൈബിൾ നനഞ്ഞിരിക്കുന്നു. ഓ ദൈവമേ!

സമാധാനം, ദൈവത്തിൻ സമാധാനം
മുകളിൽ പിതാവിന്നടുക്കൽ നിന്നും താഴേയ്ക്ക് വരുന്നു;
(ഓ, ഹല്ലേലൂയാ!)
...എന്റെ ആത്മാവിന്മേൽ എന്നെയ്ക്കുമായി...

171 ദൈവമേ, ഞാൻ ആർക്കെങ്കിലും എതിരായോ, നിനക്കു എതിരായോ, പാപം ചെയ്തെങ്കിൽ, അതിനെ ദൂരമാക്കേണമെ, കർത്താവെ. ഇന്നു രാവിലെ നേരം, എന്റെ ചെറിയ സഭയിൽ നിന്നും പാപത്തെ എടുത്തുമാറ്റേണമെ.

172 ദൈവം നിങ്ങളോടു ക്ഷമിച്ചെന്നും, വീണ്ടും നിങ്ങളുടെ ഹൃദയത്തിൽ സമാധാനത്തിന്റെ പ്രാവ് ഇരുന്നു എന്നും എത്രപേർക്ക് തോന്നുന്നു? അവൾ തിരികെ പറന്നു വന്നിട്ട്, അവളുടെ സ്ഥാനത്തെ എടുത്തിരിക്കുന്നു. പരിശുദ്ധാത്മാവ് ഇപ്പോൾ തിരികെ വന്ന് പറഞ്ഞു, "എന്റെ കുഞ്ഞേ, ഞാൻ നിന്നെ എല്ലാ നേരത്തും സ്നേഹിക്കാനായി കാത്തിരിക്കുകയായിരുന്നു. അത് ചെയ്യാൻ നീ എന്നെ അനുവദിച്ചിരുന്നില്ല. എനിക്ക് നിന്റെ പഴയ സ്വസ്നേഹിയായ ആത്മാവിൽ വസിക്കാൻ കഴിയില്ലായിരുന്നു. എന്നാൽ ഇന്നു രാവിലെ നേരം നിന്റെ ഹൃദയത്തിലേയ്ക്ക് ഞാൻ തിരികെ വരാനായി, ഇപ്പോൾ നീ അതിനെ സമർപ്പിച്ചിരിക്കുന്നു." ആ വിധത്തിൽ എത്രപേർക്കു അനുഭവപ്പെടുന്നു? നിങ്ങളുടെ കൈ ഉയർത്തിയാലും. നിങ്ങളുടെ കൈ ഉയർത്തിയാലും, അതു കൊള്ളാം, അൾത്താരയുടെ ചുറ്റിനുമായിരിക്കുന്നു. ശ്രോതാക്കളിൽ എത്രപേർക്ക് ആ വിധത്തിൽ തോന്നുന്നു? നിങ്ങളുടെ കൈ ഉയർത്തിയാലും. ഓ! [ബ്രദർ ബ്രൺഹാം പീയാനോ വായനക്കാരിയോടു പറയുന്നു, "യേശുവിനെപ്പോലെ ആകുവാൻ."—Ed.]

173 ഞങ്ങളുടെ സ്വർഗ്ഗീയ പിതാവെ, ഒരു ആപ്പിൾ കൈയ്യിലെടുത്ത്, അതിനെ പാകം വരുത്തി, അതു മൃദുവായിത്തീരുവോളം, അതിനെ ചതച്ച്, ഒരു ചെറിയ കുഞ്ഞിനു ഇരുന്ന് കഴിക്കാൻ കഴിയും വിധം, അതിനെ ധാന്യക്കഷായമാക്കി, ഈ കോമളവും, പ്രതിഷ്ഠാപനത്തിന്റെയും സമയത്തെ ഞങ്ങൾക്കു നൽകിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ആ വിധത്തിലാണ് ഞങ്ങളുടെ ഹൃദയം ഞങ്ങൾക്ക് ആവശ്യമായിരിക്കുന്നത്, കർത്താവെ. അതിനെ നിന്റെ ആണിപ്പാടേറ്റ കൈകളിലെടുത്ത്, അതിനെ തലോടിക്കൊണ്ട്, പറയുന്നു, "കുഞ്ഞേ, നീ എന്നെ വേദനിപ്പിച്ചിരിക്കുന്നു എന്നു നീ കാണുന്നില്ലേ? അപ്രകാരം നീ നിന്റെ കൈ കൊണ്ടടിക്കാൻ

വീശിയപ്പോൾ നീ എന്നെ വേദനിപ്പിക്കുകയായിരുന്നു. നീ എന്നെ വേദിനിപ്പിക്കുകയായിരുന്നു, ഓ, അപ്പോൾ കുഞ്ഞേ, *ഇന്ന-ഇന്ന* കാര്യങ്ങൾ നീ ചെയ്യുന്നതായി ഞാൻ കണ്ടപ്പോൾ, എന്റെ ഹൃദയം നിനക്കായി രക്തമൊഴുകി. എന്നാൽ ഇപ്പോൾ നിന്റെ ഹൃദയം എന്റെ കയ്യിൽ കിട്ടിയിരിക്കുന്നു, ഞാൻ അതിനെ വളരെ താഴ്മയേറിയതാക്കി തീർക്കാൻ ആഗ്രഹിക്കുന്നു. ഞാൻ അതു ചെയ്യാൻ ആഗ്രഹിക്കുന്നതിന്റെ കാരണം ഞാൻ അതിൽ വസിച്ചുകൊണ്ട് അതിനെ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു എന്നതിനാലാണ്. ഇന്നു രാവിലെ നേരം ആ കൂട്ടിലേയ്ക്ക് ഞാൻ തിരികെ പറന്നു വരാൻ ആഗ്രഹിക്കുന്നു, ഞാൻ തിരികെ പറന്നുവന്നു അവിടെ വസിക്കാൻ ആഗ്രഹിക്കുന്നു, എന്റെ വാസം നിന്നോടൊപ്പം ചെയ്യാൻ ആഗ്രഹിക്കുന്നു." ദൈവമേ, ഇത് അനുവദിക്കേണമെ. ഞങ്ങൾ നിന്നെ സ്നേഹിക്കുന്നു. നിന്റെ മഹത്വത്തിനായി, ഇതു അനുവദിക്കേണമെ. ഞങ്ങൾ ഇതു യേശുവിൻ നാമത്തിൽ ചോദിക്കുന്നു.

> യേശുവിനെപ്പോലെയാകുവാൻ,...(ഇങ്ങനെ
> ആരാധിക്കാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? ഓ, എന്റെ
> പ്രാണൻ കുളിച്ചുകൊണ്ടിരിക്കുന്നു.)
> ഭൂമിയിൽ ഞാൻ...(ഇങ്ങനെയുള്ള ആരാധനക്കാരെ
> കാണാനായി അവൻ ഇറങ്ങിവരുന്നു, നിങ്ങളുടെ
> ഹൃദയം യഥാർത്ഥമായി സൌമ്യമായി തോന്നുന്നോ?
> എന്റെ ഹൃദയം വളരെ വേഗത്തിൽ തുടിക്കുന്നു.)
> ...ഭൂമിയിൽ നിന്നും മഹത്വത്തിലേയ്ക്കുള്ള യാത്രയിൽ
> ഞാൻ അവനെപ്പോലെയാകാൻ മാത്രം യാചിക്കുന്നു.

നാം അതു പാടുമ്പോൾ നിങ്ങൾ നിങ്ങളുടെ കൈ ഉയർത്തിപ്പിടിക്കുമോ?

> യേശുവിനെപ്പോലെയാകുവാൻ...
> (ജിയോ, ഇന്നു രാവിലെ പ്രാർത്ഥിക്കാനായി നീ
> മുകളിലേയ്ക്ക് വരാൻ ആഗ്രഹിക്കുന്നോ സഹോദരാ?
> ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. സഹോദരൻ
> ജിയോ, പ്രസംഗവേദിയിൽ എവിടെയെങ്കിലും ഒരു
> സ്ഥലം തരപ്പെടുത്തിക്കൊൾക. ദൈവം നിന്നെ
> അനുഗ്രഹിക്കട്ടെ.)
> ...ഭൂമിയിൽ നിന്നും മഹത്വത്തിലേയ്ക്കുള്ള യാത്രയിൽ
> ഞാൻ അവനെപ്പോലെയാകാൻ മാത്രം യാചിക്കുന്നു.

174 ചൂടാണെന്നു എനിക്കറിയാം, സുഹൃത്തേ. അതാകുന്നു എന്നെനിയ്ക്ക് അറിയാം. എന്നാൽ എനിക്കു അനുഭവിക്കുന്നതുപോലെ തന്നെ

നിനക്കും തോന്നുന്നു എന്നു ഞാൻ—ഞാൻ പ്രതീക്ഷിക്കുന്നു. ഓ, എനിക്ക് എവിടേയ്ക്കെങ്കിലും പറന്നു പോകാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് എനിക്കു തോന്നുന്നു. എത്ര സ്നേഹവാനാണവൻ! ഞാൻ എന്തു ചെയ്യും! ഞാൻ എവിടെ പോകും! ഓ ദൈവമേ! എവിടേയ്ക്കാണ് ഞാൻ പോയ്ക്കൊണ്ടിരിക്കുന്നത്? എവിടേയ്ക്കാണ് ഞാൻ മുന്നേറിക്കൊണ്ടിരിക്കുന്നത്? എന്താണ്—എന്താണ് സംഭവിക്കാൻ പോകുന്നത്? ഇപ്പോൾ തുടങ്ങി ഒരു നൂറു വർഷങ്ങൾക്കു ശേഷം ഞാൻ എവിടെ പോകാൻ പോകുന്നു? എന്നോടൊപ്പം അവൻ ഇല്ലെങ്കിൽ ഞാൻ എന്തു ചെയ്യും? എവിടെ, എവിടെയാണ് മറ്റൊരു സങ്കേതം?

ബെത്ലേഹെമിൻ പുൽത്തൊട്ടിയിൽ നിന്നും ഒരു
അപരിചിതൻ വന്നു
ഭൂമിയിൽ ഞാൻ അവനെപ്പോലെ ആകാൻ
ആഗ്രഹിക്കുന്നു;
ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള മുഴു ജീവിത
യാത്രയിലും
ഞാൻ അവനെപ്പോലെയാകാൻ മാത്രം ചോദിക്കുന്നു.

ഇപ്പോൾ എല്ലാവരും ഒത്തൊരുമിച്ച്.

യേശുവിനെപ്പോലെയാകുവാൻ...(ദൈവത്തിനു
മഹത്വം! അതെ, കർത്താവെ! അതെ കർത്താവെ!
ലോകത്തെപ്പോലെയല്ല; നിന്നെപ്പോലെ!)
...അവനെപ്പോലെ;
ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള മുഴു ജീവിത
യാത്രയിലും
ഞാൻ മാത്രം ചോദിക്കുന്നു...?...

175 നിങ്ങളുടെ തലകളെ നിങ്ങൾ കുമ്പിട്ടുകൊണ്ടു നില്ക്കുമ്പോൾ, ഞാൻ നിങ്ങളോടു ചിലതു ചോദിക്കാൻ പോകുന്നു. പരിശുദ്ധാത്മാവിന് അപ്രീതി ഉളവാക്കിയ ആരോ ഇവിടെയുണ്ട്. ആരോ ഒരാളെ വിളിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ അവന്റെ പ്രവാചകനായി, കർത്താവായ യേശുവിന്റെ നാമത്തിൽ സംസാരിക്കുന്നു. അവന്റെ ഹൃദയം മുറിവേറ്റതായി എനിക്ക് അനുഭവപ്പെടുന്നു. അവിടെയായി, ആരോ അവനെ അനുസരിച്ചില്ല, കടന്നു വരുന്നുണ്ടോ. ഇപ്പോൾ നിങ്ങൾ കടന്നു വരില്ലേ?

ജീവിയാത്രയിലുടനീളം...(അതെ, സഹോദരി, അവിടെ
നിങ്ങളെ കൂടാതെയുമുണ്ട്.)...മഹത്വം
അവനെപ്പോലെയാകാൻ മാത്രം ഞാൻ
ആഗ്രഹിക്കുന്നു.

യേശുവിനെപ്പോലെയാകുവാൻ...(അതു മാത്രമാണ് എന്റെ ആശ, താഴ്മയും, എളിമയും, സൌമ്യതയും, അവനെപ്പോലെയാകുവാൻ.)
ഭൂമിയിൽ ഞാൻ...(നിങ്ങൾ ഇപ്പോൾ കടന്നു വരുന്നില്ലേ? നിങ്ങൾ ഒന്നു ചലിക്കാനായി ദൈവം ആഗ്രഹിക്കുന്നു, അവിടെ നിങ്ങളിൽ അനേകരാകുന്നു.)
മുഴുവനും...

176 നിങ്ങൾ വരികയാണെന്ന് ഞാൻ അറിയുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അതാണ് അത്. അതാണ് അത്. ഞാൻ ഇവിടെയുള്ള ശ്രോതാക്കളിലേയ്ക്ക് നോക്കിയപ്പോൾ, ഞാൻ എപ്പോഴെങ്കിലും കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ഭയങ്കരമായ കറുത്ത നിഴൽ അവിടെ തൂങ്ങിക്കിടക്കുന്നതു കണ്ടു. ഇപ്പോൾ പരിശുദ്ധാത്മാവ് ഇവിടെയുണ്ട്. അത് നേരെ എന്റെ മേൽ ആയിരിക്കുന്നു. "പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നത്."

യേശുവിനെപ്പോലെയാകുവാൻ...

177 അവൻ ചെയ്തത് എന്താണ്? എവിടേയ്ക്കാണോ പിതാവ് നയിച്ചിരുന്നത്. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരാ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, എന്റെ സഹോദരാ. അത് ശരിയാണ്, നേരെ മുകളിലേയ്ക്ക് നടന്നു വന്ന് മുട്ടു മടക്കു.

ഭൂമിയിൽ ഞാൻ ആയിരിക്കുന്നിടത്തോളം...

178 ഇപ്പോൾ ഇത് പണ്ടത്തെ രീതിയിലുള്ള ഏറ്റുപറച്ചിൽ നടത്തിക്കൊണ്ടുള്ള, ശരിയാക്കലാകുന്നു, കാര്യങ്ങളെ ശരിയാക്കുന്നതാകുന്നു. കടന്നു വരൂ. അവിടെ ഇനിയും കുറച്ചുപേർ ശേഷിക്കുന്നതായി തോന്നുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. അത് ശരിയാണ്. പരിശുദ്ധാത്മാവ് എല്ലായ്പ്പോഴും ശരിയായിരിക്കുന്നു. കടന്നു വരൂ. അത് ശരിയാണ്, നേരെ കടന്നു വരൂ.

...അവനെ
യേശുവിനെപ്പോലെ, യേശുവിനെപ്പോലെ, അതെ, യേശു,
ഭൂമിയിൽ ഞാൻ...(ഓ, എന്റെ, അത് ശരിയാണ്! അതാണ് അതിന്റെ രീതി, ഇടനാഴികളെല്ലാം

നിറയട്ടെ, നേരെ പുറത്തേയ്ക്കു വന്നു പ്രാർത്ഥിക്കു.)
ഭൂമിയിൽ നിന്നും മഹത്വത്തിലേയ്ക്കുള്ള ജീവിത യാത്രയിൽ (പശ്ചാത്തപിക്കു, നിങ്ങൾ ഖേദിക്കുന്നു എന്നു ദൈവത്തോടു പറയൂ, അതു മാത്രമാണ് നിങ്ങൾ ചെയ്യേണ്ടത്.)
...അവനെപ്പോലെയാകുവാൻ

179 ഇപ്പോഴും നിങ്ങൾ കടന്നു വരുന്നില്ലേ? "പോലെ..." അത് ശരിയാണ്. വലിച്ചു കീറിയെറിഞ്ഞുകൊണ്ടു, കടന്നു വരൂ. "അവനെപ്പോലെ...")

180 നിങ്ങൾ എന്തു ചെയ്യാൻ പോകുന്നു? ഒരുപക്ഷേ ഇന്നു രാത്രിയാകാം, ആരാണ് നിങ്ങൾക്കുവേണ്ടി നില്ക്കാൻ പോകുന്നത്? നിങ്ങളുടെ കുപ്പായ കൈമേൽ മരണമെത്തുമ്പോൾ നിങ്ങൾക്കായി നില്ക്കാൻ പോകുന്നതാരാണ്? നിങ്ങൾ എന്തു ചെയ്തിരുന്നാലും പ്രശ്നമല്ല, നിങ്ങളുടെ വളരെ അടുത്തായി തന്നെ പരിശുദ്ധാത്മാവ് ഇരിപ്പുണ്ട്. കടന്നുവരാനായി കാത്തിരിക്കുന്നവൻ അവനാകുന്നു.

ഭൂമിയിൽ നിന്നും മഹത്വത്തിലേയ്ക്കുള്ള ജീവിത യാത്രയിൽ

181 ഇപ്പോൾ തന്നെ പശ്ചാത്തപിച്ചുകൊണ്ടു പറയൂ, "ദൈവമേ, ഞാൻ ഖേദിക്കുന്നു. ഞാൻ—ഞാൻ അതു ചെയ്യാൻ ആഗ്രഹിച്ചിരുന്നില്ല. ഇപ്പോൾ ഞാൻ നിനക്കുവേണ്ടി നിൽക്കുന്നില്ലെങ്കിൽ നീ എനിക്കു വേണ്ടിയും നില്ക്കുകയില്ല. ഞാൻ ഇന്നു മുതൽ നിനക്കായി നില്ക്കും, നീ എനിക്കായി നില്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ക്രിസ്ത്യാനി ജീവിക്കേണ്ടത് എങ്ങനെയാണോ, അങ്ങനെ തന്നെ ഞാൻ ജീവിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ എന്റെ രീതികളെ മാറ്റാൻ പോകുന്നു. ഞാൻ സൌമ്യനും ശാന്തനുമാകാൻ പോകുന്നു. ഞാൻ ഓരോരുത്തരെയും അവർ എന്തു സംസാരിക്കാൻ ആഗ്രഹിക്കുന്നോ അപ്രകാരം പറയാൻ അനുവദിക്കും. ഞാൻ നിന്റെ മുന്നിൽ ശാന്തനും താഴ്മയുള്ളവനുമായി ജീവിക്കും." നിങ്ങൾ ഏതു സഭയിൽ ഉൾപ്പെട്ടിരിക്കുന്നു എന്നോ, എത്രയേറെ നാളുകളായി നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെന്നു നടിച്ചിരിക്കുന്നെന്നോ, അതിനു ഇതുമായി യാതൊന്നും തന്നെ ചെയ്യാനില്ല. നേരെ കടന്നു വരൂ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നേരെ പുറത്തേയ്ക്കു നടന്നു വരൂ, കുട്ടി.

182 ഇപ്പോൾ ദൈവമാണ് നിങ്ങളോടു സംസാരിക്കുന്നത്. ഞാൻ അവന്റെ ദാസനാണെന്നു നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ, പരിശുദ്ധാത്മാവ് ഇന്നു രാവിലെ നേരം എന്നോടു സംസാരിച്ചു, പറഞ്ഞു, "ആ വിളി നടത്തുക, അവിടെ അനേകരുണ്ട്." ഇതാണ്

ആ ദിവസം, ഇതാണ് ആ സമയം. അവിടെ പിന്നിലായി വാസ്തവമായും കടന്നു വരേണ്ടതായ അഞ്ചോ ആറോ പേർ കൂടെയുണ്ട്. സഹോദരാ, സഹദോരി, ഞാൻ നേരെ നിങ്ങളെ നോക്കുന്നു എന്നകാര്യം ഓർത്തിരിക്കു. ആ കറുത്ത നിഴലുകൾ നിങ്ങളുടെ മേൽ തൂങ്ങിക്കിടക്കുന്നതു ഞാൻ കാണുന്നു. ഇപ്പോൾ കടന്നു വരുന്നതാണ് നല്ലത്.

183 യേശുവിനെപ്പോലെയാകുവാൻ! നിങ്ങൾ അവനെപ്പോലെ, സൌമ്യനും, ശാന്തനും, എളിമയുള്ളവനും, താഴ്മയുള്ളവനുമാകാൻ ആഗ്രഹിക്കുന്നില്ലേ? ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, ചെറുപ്പക്കാരാ. കുഞ്ഞുമായി നിൽക്കുന്ന അപ്പച്ചാ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, സഹോദരി. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, പാപിയായ, സ്നേഹിതാ. അത് ശരിതന്നെ. നേരെ മുന്നിലേയ്ക്ക് നടന്നുവരൂ, സിസ്, പുറത്തേയ്ക്ക് നടന്നുവരൂ, ഒരു സ്ഥലം നിങ്ങൾ തന്നെ കണ്ടുപിടിക്കു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

184 പ്രിയ സഹോദരി, നിങ്ങൾക്കു നന്ദി പറയാനായി വളരെയേറെയുണ്ട്. മരിക്കാറായി, ഒരു കിടക്കമേൽ ആയിരുന്നിട്ട്, നിങ്ങൾ ഇവിടെ, അൾത്താരയിലേയ്ക്ക്, ഇതാ നടന്നു വന്നിരിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

185 പരിശുദ്ധാത്മാവ് ഇപ്പോൾ വീണ്ടും സംസാരിക്കുന്നു. പശ്ചാത്തപിപ്പിൻ, ദൈവത്തോടു നിലവിളിപ്പിൻ, നിങ്ങളുടേതായ പ്രാർത്ഥന നിങ്ങൾ പ്രാർത്ഥിപ്പിൻ. നിങ്ങളാണ് പാപം ചെയ്തിരിക്കുന്നത്. ഇപ്പോൾ നിങ്ങളാണ് പ്രാർത്ഥിക്കേണ്ടത്. നിങ്ങൾ ചെയ്തുപോയതിനാൽ നിങ്ങൾ ഖേദിക്കുന്നു എന്നു ദൈവത്തോടു പറയുവിൻ. ചുറ്റും നില്ക്കുന്നവരെ നിങ്ങൾ ശ്രദ്ധിക്കരുത്. ഇങ്ങനെ പറയൂ, “ദൈവമേ, എന്നോട് ക്ഷമിക്കേണമെ. ഞാൻ അങ്ങനെ ചെയ്യണമെന്നു അർത്ഥമാക്കിയില്ല. ഞാൻ സൌമ്യനാകാൻ ആഗ്രഹിക്കുന്നു. ആ വഴക്കിടുന്ന സ്ഥലത്തേയ്ക്ക് ഞാൻ—ഞാൻ ഇനി ഒരിക്കലും കടക്കില്ല.”

186 ഓ ദൈവമേ, ഓ, ഞാൻ അതെങ്ങനെ ഇഷ്ടപ്പെടുന്നു! സ്വർഗ്ഗീയ പിതാവെ, പാപബോധമുള്ളവരായി ഇപ്പോൾ അൾത്താരയിൽ, മുട്ടിന്മേലായി ഓരോരുത്തരും പ്രാർത്ഥിക്കുന്നു! ഓ ദൈവമേ, അനേക അമ്മമാർ, പിതാക്കന്മാർ, കുട്ടികൾ, പിതാക്കന്മാരും, അമ്മമാരും, അത് എന്തായാലും, അയൽവാസികൾ, സഭാംഗങ്ങൾ, ഡീക്കന്മാർ, ട്രസ്റ്റിമാർ, ഓ, ദൈവമേ, പണ്ടത്തെ ഫാഷനിലെ ഈ ഉടച്ചു വാർക്കൽ സമയം, ഈ രാവിലെ നേരം ഈ ചൂടുള്ള മുറിയിലിരിക്കുമ്പോൾ, പരിശുദ്ധാത്മാവ് നേരെ താഴേയ്ക്കു വന്ന്, സമാധാനം എന്നു

പറയാൻ ഇടയാകട്ടെ. ഓ, ദൈവമേ, ആ ദിവസം നീ, "അതെ, നീ കടന്നു വന്നു എനിക്കുവേണ്ടി നിന്നിരുന്നു, ഇപ്പോൾ ഞാൻ നിനക്കായി നില്ക്കാൻ ആഗ്രഹിക്കുന്നു," എന്നു സൌമ്യതയോടെ പറയുന്നതു കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവമേ, ഇന്ന് ഇവിടെ ആയിരിക്കുന്ന ഓരോരുത്തരുടെയും ഹൃദയത്തിൽ ആ സമാധാനം നീ തന്നെ ഇടേണമെന്നു ഞാൻ ആഗ്രഹിക്കുന്നു. സാവധാനതയോടും സൌമ്യതയോടും, നീ അതു ചെയ്യാനായി ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ മുതൽ എന്നേയ്ക്കുമായി, അവരിൽ നിന്നും നീങ്ങിപ്പോകാത്ത ഒരു ചേതോവികാരം അവരിൽ നീ തന്നെ കടന്നു വന്ന് പകരാനായി ഞാൻ ആഗ്രഹിക്കുന്നു. അനേക ഭവനങ്ങൾ പുതുതായിതീരട്ടെ. ജനങ്ങളെല്ലാം ഒരു പുതിയ ജനങ്ങളായിതീരട്ടെ. ഇന്നു സകലതും പുതുതായിതീരട്ടെ, കാരണം ഈ ജനങ്ങളെല്ലാം അവരെ എളിമപ്പെടുത്തിരിയിരിക്കുന്നു. നീ പറഞ്ഞു, "എന്റെ നാമം വിളിച്ചിരിക്കുന്ന ജനം തങ്ങളത്തന്നെ താഴ്ത്തി, പ്രാർത്ഥിച്ചാൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നും കേൾക്കും." ദൈവമേ, നീ ഇന്നു രാവിലെ നേരം അതു ചെയ്യുമെന്നു, ഞാൻ അറിയുന്നു.

187 കടന്നു വരേണ്ടിയിരുന്നിട്ടും തങ്ങളുടെ ഇരിപ്പിടങ്ങളിൽ ഇരുന്നവരോടും ക്ഷമിക്കാനായി ഞാൻ പ്രാർത്ഥിക്കുന്നു. ദൈവമേ, അവരോടു സംസാരിക്കേണമെ, അവർ ഈ ഭൂമിയിൽ ആയിരുന്നിട്ട് ആ തീരുമാനം എടുക്കുവോളം അവർക്കു സമാധാനം കൊടുക്കരുതെ, കർത്താവെ, നിന്റെ അടുക്കലേയ്ക്ക് കടന്നു വന്നു അവരെ നിന്നോടു നിരപ്പാക്കേണമെ. ഇതു അനുവദിക്കേണം, കർത്താവെ. ഓരോരുത്തരെയും ഇപ്പോൾ അനുഗ്രഹിക്കേണമെ. ഇന്നു രാവിലെ നേരം ഈ സഭയിൽ പശ്ചാത്താപിക്കയും കുമ്പിടുകയും ചെയ്ത ഓരോ പ്രാണനിലും അങ്ങയുടെ കൃപയും അങ്ങയുടെ ദയയും എന്നേയ്ക്കുമായി വസിക്കാൻ ഇടയാകട്ടെ.

188 പിതാവാം, ദൈവമേ, നിന്റെ ആജ്ഞയാലാണ് ഞാൻ ഇതു ചെയ്തിരിക്കുന്നത്. ഞാൻ ഈ ജനങ്ങളെ വിളിച്ചു; അവർ എഴുന്നേറ്റു നിന്നു. നീ പറഞ്ഞു, "മനുഷ്യരുടെ മുന്നിൽ എന്നെ ഏറ്റുപറയുന്നവൻ, അവനെ ഞാൻ എന്റെ പിതാവിന്റെയും വിശുദ്ധ ദൂതന്മാരുടെയും മുന്നിൽ ഏറ്റുപറയും." ഇവിടെ ആയിരിക്കുന്ന അനേകർ വളരെ വർഷങ്ങളായി ക്രിസ്ത്യാനികളാകുന്നു, എന്നാൽ അവർ ചെയ്തുപോയ തെറ്റുകളെ, ഇന്നു രാവിലെ നേരം ഏറ്റുപറയാനായി എഴുന്നേറ്റു നിൽക്കുന്നു. അവർ സ്നേഹിക്കാൻ കഴിയാത്തവരായി തീർന്നിരുന്നു. പരിശുദ്ധാത്മാവ് അവരിൽ നിന്നും ദൂരം പോയിരുന്നു. വളരെയേറെ സമയങ്ങളിൽ അവർക്ക് ആ സൌമ്യതയുടെയും, മാധുര്യത്തിന്റെയും, എളിമയുള്ള തോന്നലിനെ എങ്ങനെയാണോ അനുഭവിക്കേണ്ടത്

അങ്ങനെ അനുഭവിക്കാൻ സാധിച്ചിരുന്നില്ല. അനേക പാപികളും അവർ ആദ്യമായി കടന്നു വന്നിരുന്നു. എന്നാൽ, പിതാവെ, ആ ആശ്ചര്യത്തിന്റെ കൃപ അവർക്കും ആവശ്യമായിരിക്കുന്നു, ആ സമാധാനം സകല അറിവിനെയും നീക്കാനിടയാകട്ടെ. കർത്താവാം ദൈവമേ, അവർക്കു ഇന്നു അതു നൽകിയാലും, അവർ മുഴുവൻ സ്നേഹമുള്ളവരും അവിടുത്തെ ആത്മാവിനാൽ നിറഞ്ഞവരുമായി തീരട്ടെ, അവർ വെവ്വേറെയായി അവരുടെ വീടുകളിലേയ്ക്ക് പോകുമ്പോൾ, അവർ വ്യത്യസ്തമായ ജീവിതവും വ്യത്യസ്തമായ ജനങ്ങളുമായി തീരാനിടയാകട്ടെ. ഞങ്ങൾ ഇതു ക്രിസ്തുവിന്റെ നാമത്തിൽ ചോദിക്കുന്നു.

189 “ഉറവയിൽ മുറിയുണ്ട്.” ശരി, അൾത്താരയിലായിരിക്കുന്ന നിങ്ങൾ, എഴുന്നേല്ക്ക, കർത്താവായ ദൈവത്തിലേയ്ക്ക് നോക്കി, നിങ്ങളുടെ ചുറ്റിനും നിൽക്കുന്നവരുമായി കൈ പിടിച്ചു കുലുക്കു. ഓ, രോഗസൌഖ്യത്തിന്റെ ശുശ്രൂഷ ആരംഭിക്കും മുമ്പ്, നമുക്ക് എല്ലാവർക്കും ചേർന്നു പാടാം.

മുറിയുണ്ട്, മുറിയുണ്ട്, അതെ മുറിയുണ്ട്,
അവിടെ ഉറവയിൽ നിനക്കായി മുറിയുണ്ട്;
മുറിയുണ്ട്, മുറിയുണ്ട്, അതെ മുറിയുണ്ട്,
അവിടെ ഉറവയിൽ നിനക്കായി മുറിയുണ്ട്.
(ഓരോരുത്തരും!)

...മുറിയുണ്ട്, മുറിയുണ്ട്, അതെ മുറിയുണ്ട്,
അവിടെ ഉറവയിൽ നിനക്കായി മുറിയുണ്ട്;
മുറിയുണ്ട്, മുറിയുണ്ട്, അതെ മുറിയുണ്ട്,
അവിടെ ഉറവയിൽ നിനക്കായി മുറിയുണ്ട്.

മുറിയുണ്ട്, മുറിയുണ്ട്, അതെ മുറിയുണ്ട്!
[ടേപ്പിൽ സ്ഥലം ശൂന്യമയാരിക്കുന്നു—Ed.]

190 ഒരു വിശ്വാസം! താങ്കളുടെ—താങ്കളുടെ ഭാര്യ, എന്നെ കഴിഞ്ഞ ദിവസം, പ്രാർത്ഥനക്കായി വിളിച്ചത്, നിങ്ങൾക്കറിയില്ലേ സഹോദരാ? മുറിയിലേയ്ക്ക് പോകുമ്പോൾ തന്നെ, പരിശുദ്ധാത്മാവ് എന്നോടു പറഞ്ഞു, “ഭയപ്പെടരുത്.” ആമേൻ. അവൻ വാസ്തവമല്ലേ? ആശ്ചര്യവാൻ! അതെ കർത്താവിന് സ്തുതിയായിരിക്കട്ടെ! ഒരു ജയം പ്രാപിച്ചതുപോലെ എനിക്ക് ആർപ്പിടാൻ തോന്നുന്നു! ശരി.

അവന്റെ രക്തം തൂവെള്ളയായി കഴുകുന്നു...
(എന്തെങ്കിലും പറയാനുണ്ടോ?)
യേശു രക്ഷിക്കുന്നു!...?...

191 ശരി, ഇപ്പോൾ സഹോദരൻ നേവിലെ. സഹോദരൻ സ്ലാട്ടറിനു ഒരു വാക്കു പറയാനുണ്ട്.

[സഹോദരൻ സ്ലാട്ടർ സംസാരിക്കുന്നു. ടേപ്പിൽ സ്ഥലം ശൂന്യമയാരിക്കുന്നു—Ed.]

[സഹോദരൻ നേവിലെ പറയുന്നു, "എന്റെ, കർത്താവിന് നന്ദി! ആമേൻ! ദൈവത്തിനു സ്തുതി! ഇതെല്ലാവരും ഇന്നു രാവിലെ നേരം സ്വീകരിച്ചെന്നു ഞാൻ വിശ്വസിക്കുന്നു."] മഹത്വം! ഹല്ലേലൂയാ! ഹല്ലേലൂയാ! [സഹോദരൻ നേവിലെ സംസാരിച്ചിട്ട്, പിന്നെ പറയുന്നു, "ഇന്നു രാത്രിയിലെ യോഗം ഓർത്തിരിക്കു, നമുക്ക് ഇന്ന് പാദം കഴുകലും തിരുവത്താഴ ശുശ്രൂഷയും കൂടെ ഉണ്ടായിരിക്കും." അദ്ദേഹം ബ്രദർ ബ്രൺഹാമിനോടു ചോദിക്കുന്നു, "താങ്കൾ ഇവിടെ ഉണ്ടാകുമെന്നു താങ്കൾക്കറിയുമോ?"] ഞാനും കൂടെ, ഒരുപക്ഷേ ഇന്നു രാത്രിയിൽ ഇവിടെ ഉണ്ടാകാനിടയുണ്ട്. അതെ, എന്റെ അറിവിനു അനുസരിച്ച്, ഞാൻ മറ്റെവിടേയ്ക്കെങ്കിലും വിളിക്കപ്പെട്ടിട്ടില്ലെങ്കിൽ, ഞാൻ ഉണ്ടാകും.

***സഭയും അതിന്റെ അവസ്ഥയും*** MAL56-0805

(The Church And Its Condition)

സഭയുടെ തുടർച്ച

ബ്രദർ വില്യം മാരിയൺ ബ്രൺഹാം, അമേരിക്കയിലെ, ഇൻഡ്യാനയിലുള്ള ജെഫെർസൺവില്ലെ, ബ്രൺഹാം കൂടാരത്തിൽ വെച്ച് 1956-മാണ്ട് ആഗസ്റ്റ് 05 ഞായറാഴ്ച രാവിലെ ഈ സന്ദേശം ഇംഗ്ലീഷിൽ സംസാരിച്ചിരുന്നു. അതിനെ ആദ്യം ടേപ്പിൽ റിക്കാർഡ് ചെയ്തിരുന്നതും, ഒരംശംപോലും വിട്ടുകളയാതെ, ഇംഗ്ലീഷിൽ പ്രിന്റ് ചെയ്തിരിക്കുന്നു. ഈ മലയാളം പരിഭാഷപ്പെടുത്തി Voice Of God Recordings നിന്നും പ്രിന്റ് ചെയ്തു വിതരണം ചെയ്യുന്നു.

MALAYALAM

©2017 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS, INDIA OFFICE
19 (NEW NO: 28) SHENOY ROAD, NUNGAMBAKKAM
CHENNAI 600 034, INDIA
india@vgroffice.org

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.


For more information or for other available material, please contact:


VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org